കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ്

എപ്പിസ്കോപ്പോ ഖദ്മോയോ ദ്തുസമൺ

റ്റിബിൻ ചാക്കോ തേവർവേലിൽ

പത്തനംതിട്ട ജില്ലയിൽ റാന്നി തേവർവേലിൽ റ്റി. പി ചാക്കോയുടേയും, ലിസ്സി ചാക്കോയുടേയും മകനായി 1988 ആഗസ്റ്റ് 18 ന് ജനിച്ചു. പഞ്ചാബ് ജലന്ധർ ട്രിനിറ്റി കോളേജിൽ നിന്ന് ബി സി എ ബിരുദം നേടി. ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയിൽ എം സി എ പൂർത്തിയാക്കി. കൊച്ചി ഇൻഫോപാർക്കിൽ ലിനക്സ് സർവ്വർ അഡ്മിനിസ്ട്രേറ്റർ ആയി ജോലി ചെയ്യുന്നു. നിലയ്ക്കൽ ഭദ്രാസനത്തിലെ കുറ്റിയാനി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ഇടവകാംഗമാണ്. ലിബിൻ ചാക്കോ സഹോദരനാണ്.

ഇതര ഗ്രന്ഥങ്ങൾ

തുബ്ദേൻ ഒരു ലഘു പഠനം (2014)

ഹാവ് ദ്നൂറോനേ : അഗ്നിമയർ (2015)

യൂബോൽ സബിനെ – മലങ്കരസഭാ ദിനവൃത്താന്തം (2017)

കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ്
എപ്പിസ്ക്കോപ്പോ ഖദ്മോയോ ദ് തുമ്പമൺ

എഡിറ്റർ

റ്റിബിൻ ചാക്കോ തേവർവേലിൽ

പ്രസാധനം

തേവർവേലിൽ പബ്ലിഷേഴ്സ്

Konat Geevargese Mar Eulios – Episcopo Qadmoyo d'thumpamon
(Biography)
Editor - Tibin Chacko Thevervelil
First Edition - January 2019
Copies - 500
Proof Editor - P Thomas Piravom
Cover Design - Ajith , Colorings Studio Thrikkakara
Printed At – St Francis Press, St Benedict's Road, Ernakulam, Cochin - 682018
Published By - Thevervelil Publishers

Price :

ഉള്ളടക്കം

ഭാഗം ഒന്ന്

1. പാമ്പാക്കുടയും കോനാട്ട് മൽപാൻ ഭവനവും
2. ജനനം ബാല്യം വിദ്യാഭ്യാസം
3. കോനാട്ട് ഗീവർഗീസ് മൽപാൻ
4. പത്രോസ് പാത്രിയർക്കീസും പാമ്പാക്കുട ഗീവർഗീസ് റമ്പാനും
5. മെത്രാഷോലീത്താ പദവിയിലേക്ക്
6. പുലിക്കോട്ടിൽ ദിവന്നാസ്യോസ് തിരുമേനിയും മാർ യൂലിയോസും
7. തുമ്പമൺ ഭദ്രാസന ഭരണം
8. പരിശുദ്ധ പരുമല തിരുമേനിയും മാർ യൂലിയോസും
9. അന്ത്യദിനങ്ങൾ

ഭാഗം രണ്ട്

1. മലങ്കരയിലെ അന്ത്യോഖ്യൻ ആരാധനാക്രമവും മാർ യൂലിയോസും – പി തോമസ് പിറവം
2. തെറ്റുദ്ധരിക്കപ്പെട്ട മാർ യൂലിയോസിന്റെ ചിത്രം
3. കോനാട്ട് മൽപാന്മാർ – ബേസിൽ വർഗീസ് കുമ്പളോലിക്കൽ
4. പാമ്പാക്കുട വലിയപള്ളി ചരിത്രം – ഫാ ഡോ ജോൺസ് എബ്രഹാം കോനാട്ട്

ഭാഗം മൂന്ന്

1. തുമ്പമൺ ഭദ്രാസന ചരിത്രം – വർഗീസ് ജോൺ തോട്ടപ്പുഴ
2. തുമ്പമൺ ഭദ്രാസന മെത്രാഷോലീത്തമാർ – ഫാ. ടൈറ്റസ് ജോർജ്ജ്
3. തുമ്പമൺ മർത്തമറിയം കത്തീഡ്രൽ ചരിത്രം – ഫാ കോശി പി ജോഷ്വാ

ആമുഖം

തുമ്പമൺ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ ഗീവർ ഗീസ് മാർ യൂലിയോസ് തിരുമേനി കാലം ചെയ്തിട്ട് 135 വർഷങ്ങൾ തികയുകയാണ്. എന്നാൽ ഇതുവരെ അദ്ദേഹത്തേക്കുറിച്ച് ഒരു പുസ്തകം പ്രസിദ്ധീകരിച്ചിട്ടില്ല എന്നാണ് മനസിലാക്കുന്നത്. ആയതിനാലാണ് എളിയവനായ ഞാൻ ഇങ്ങനെ ഒരു സാഹസത്തിന് മുതിരുന്നത്. ഏതാനും വർഷങ്ങൾക്ക് മുൻപ് സഭാചരിത്രകാരനായ ശ്രീ കുര്യൻ തോമസ് പ്രസിദ്ധീകരിച്ച മാർ യൂലിയോസ് തിരുമേനിയുടെ ഡയറിക്കുറിപ്പുകളാണ് ഇതിനൊരപവാധം.

ചരിത്രങ്ങൾ രേഖപ്പെടുത്തി വെയ്ക്കുവാൻ മലങ്കര നസ്രാണികൾക്ക് പൊതുവെ ഉള്ള വിമുഖതയാണ് ഇന്നുവരെ ഈ പിതാവിനെ വിസ്മൃതിയിൽ തളച്ചിടുവാൻ കാരണം. തുമ്പമൺ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ ആയിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ പേരിൽ എതെങ്കിലും തരത്തിലുള്ള സ്മാരകങ്ങൾ തുമ്പമൺ ഭദ്രാസനത്തിൽ നിലവിലുള്ളതായി അറിവില്ല. മലങ്കരസഭാംഗങ്ങൾക്ക് വിശേഷാൽ തുമ്പമൺ ഭദ്രാസന മക്കൾക്ക് മാർ യൂലിയോസ് തിരുമേനിയെ പരിചയപ്പെടുത്തുക എന്നതാണ് ഈ ഗ്രന്ഥരചന കൊണ്ട് ഉദ്ദേശിക്കുന്നത്.

ഈ ഗ്രന്ഥം മാർ യൂലിയോസ് തിരുമേനിയുടെ ജീവിതത്തിന്റെ എല്ലാ വശങ്ങളും പുറത്ത് കൊണ്ടുവരുന്നില്ല. അദ്ദേഹത്തിന്റെ ഡയറിക്കുറിപ്പുകൾ, കല്പനകൾ, എഴുത്തുകൾ തുടങ്ങിയവ വിശദമായ പഠനം അർഹിക്കുന്നവയാണ്. അവയേപ്പറ്റി വിശദമായി പഠിക്കുന്നതിനും വിശദമായ ഒരു പഠനം പ്രസിദ്ധീകരിക്കുവാനും ആഗ്രഹിക്കുന്നവർക്ക് ഒരു പ്രവേശിക എന്നു മാതമേ ഈ ചെറിയ പുസ്തകം കൊണ്ട് കരുതുന്നുള്ളു.

മൂന്ന് ഭാഗങ്ങളായി തിരിച്ചിരിക്കുന്ന ഈ ഗ്രന്ഥത്തിലെ ആദ്യഭാഗത്ത് തിരുമേനിയുടെ ജീവിതചരിത്രവും രണ്ടാം ഭാഗത്ത് കോനാട്ട് മൽപാൻ ഭവനവുമായി ബന്ധപ്പെട്ട എതാനും ലേഖനങ്ങളും, അവസാനഭാഗത്ത് തുമ്പമൺ ഭദ്രാസനത്തെപ്പറ്റിയുള്ള വിവരങ്ങളും ചേർത്തിരിക്കുന്നു.

ഈ പുസ്തകത്തിന് അവതാരിക എഴുതിയിരിക്കുന്നത് ഫാ ഡോ. ജോൺസ് എബ്രഹാം കോനാട്ടാണ്. വളരെ തിരക്കുപിടിച്ച ജീവിതത്തിനിടയിലും ഈ പുസ്തകത്തിലേയ്ക്ക് വേണ്ടുന്ന വിവ

രങ്ങൾ നൽകുകയും, ആദിയോടന്തം വായിച്ച് വേണ്ട നിർദേശങ്ങൾ നൽകി പണ്ഡിതോചിതമായ അവതാരിക എഴുതി നൽകിയ അച്ച നോടുള്ള നന്ദി വാക്കുകൾക്കതീതമാണ്. ഈ ഗ്രന്ഥത്തിന്റെ കൈയ്യെ ഴുത്ത് പ്രതി പരിശോധിച്ച് വേൺ തിരുത്തലുകൾ ചെയ്ത് നല്കിയ ശ്രീ പി തോമസ് പിറവം, ഇതിന്റെ രചനയ്ക്കാവശ്യമായ പല വിവര ങ്ങളും നല്കി സഹായിച്ച ശ്രീ ജോയ്സ് തോട്ടയ്ക്കാട്, ശ്രീ വർഗീസ് ജോൺ തോട്ടപ്പുഴ, ലിജോ വർഗീസ് മണ്ണാരക്കുളഞ്ഞി എന്നിവരോടും, ഈ പുസ്തകത്തിൽ പ്രസിദ്ധീകരിക്കുവാനുള്ള ലേഖനങ്ങൾ വളരെ ഹ്രസ്വമായ ദിവസങ്ങൾക്കുള്ളിൽ തയ്യാറാക്കി നല്കിയവരോടുമുള്ള നന്ദി അറിയിക്കുന്നു.

ഈ പുസ്തകത്തിന്റെ ടൈറ്റിലിൽ ആവശ്യമായ നിർദേശങ്ങൾ നല്കിയ ഫാ. പി ഐ വർഗീസ്, ബ്രദർ ലാസറസ് തട്ടുവിളയിൽ, എന്റെ എല്ലാ രചനകൾക്കും വേണ്ട പ്രോത്സാഹനങ്ങൾ നൽകുന്ന മാതാ പിതാക്കൾ, സഹോദരതുല്യനായ ഫാ ജോബ് ഡേവിസ്, പ്രസിദ്ധീകര ണത്തിനാവശ്യമായ സഹായം ചെയ്ത എൽജോവ് ചുമ്മാർ എന്നിവ രോടുമുള്ള നന്ദി അറിയിക്കുന്നു.

മനോഹരമായ കവർ ഡിസൈൻ ചെയ്ത് നൽകിയ തൃക്കാക്കര കളർ റിംഗ്സ് സ്റ്റുഡിയോയിലെ ശ്രീ അജിത്ത്, മുദ്രണം നിർവ്വഹിച്ച സെന്റ് ഫ്രാൻസിസ് പ്രസിലെ സ്റ്റാഫ് എന്നിവരോടുമുള്ള നന്ദി അർ പ്പിക്കുന്നതോടൊപ്പം കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ് തിരുമേ നിയെപ്പറ്റി മനസിലാക്കുവാൻ ഈ ചെറുഗ്രന്ഥം പ്രയോജനകരമാവട്ടെ എന്ന് പ്രാർത്ഥിച്ചുകൊൺ സമർപ്പിക്കുന്നു.

റ്റിബിൻ ചാക്കോ തേവർവേലിൽ

അവതാരിക

അക്ഷരങ്ങളെ സ്നേഹിച്ച മെത്രാപ്പോലീത്ത

മലങ്കര സഭയിലെ മേൽപ്പട്ടക്കാരിൽ താരതമ്യേന വിസ്മരിക്കപ്പെട്ടിരുന്ന ഒരാളാണ് കോനാട്ട് കുടുംബത്തിലെ ഏക മെത്രാപ്പോലീത്തയായിരുന്ന ഗീവർഗീസ് മാർ യൂലിയോസ്. എട്ടു വർഷം മാത്രമാണ് മേൽപ്പട്ടക്കാരനായി ജീവിച്ചിരുന്നത് എന്നതും, ചുരുങ്ങിയകാലം മാത്രം സജീവമായി ഭദ്രാസന ഭരണം നിർവഹിച്ച ശേഷം, സുറിയാനി ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും, ഭാഷ പഠിപ്പിക്കുന്നതിലും മാത്രം തന്റെ ശ്രദ്ധ കേന്ദ്രീകരിച്ച്, സ്വദേശമായ പാമ്പാക്കുടവന്ന് സ്ഥിരതാമസമാക്കി എന്നതുമാണ് അദ്ദേഹം വിസ്മരിക്കപ്പെടുവാനുള്ള പ്രധാന കാരണങ്ങൾ. മേൽപ്പട്ട സ്ഥാനം ഏറ്റപ്പഴേ നന്നേ ക്ഷീണിതനായിരുന്നു. എന്നാൽ പാത്രിയർക്കീസിന്റെ കൽപനയോട് വിസമ്മതം കാണിക്കുവാനുള്ള വൈമനസ്യം കൊണ്ടാണ് മേൽപ്പട്ട സ്ഥാനത്തിന് തലകുനിച്ചുകൊടുത്തത്. തനിക്ക് സുറിയാനി പഠിപ്പിക്കുന്നതിലും അച്ചടിപ്പിക്കുന്നതിലുമാണ് കൂടുതൽ താത്പര്യം എന്ന് അന്നേ പറഞ്ഞിരുന്നത്രേ. സഥാർത്ഥത്തിൽ അക്ഷരങ്ങളെ സ്നേഹിച്ചിരുന്ന ഒരു മേൽപ്പട്ടക്കാരനായിരുന്നു മാർ യൂലിയോസ്.

ജനങ്ങൾ അംഗീകരിക്കാതിരുന്നതിനാൽ അദ്ദേഹത്തിന് ഭദ്രാസന ഭരണം ലഭിച്ചില്ല എന്ന ഇസെഡ്. എം. പാറേട്ടിന്റെ പരാമർശം സത്യത്തിന് നിരക്കാത്തതാണ് എന്ന് നേരത്തേതന്നെ പരാമർശിക്കപ്പെട്ടിട്ടുള്ളതാണ്. ആ നിഗമനം ഉറപ്പിക്കുവാൻ ഉതകുന്ന തെളിവുകൾ ഗ്രന്ഥകർത്താവ് ഇവിടെ ശേഖരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. കണ്ടനാട് ഗ്രന്ഥവരി എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള ശെമവൂൻ മാർ ദിവന്നാസ്യോസിന്റെ നാളാഗമം വേണ്ടുവോളം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. കോനാട്ടു കുടുംബത്തിന്റെ ഉത്ഭവം കുന്ദംകുളത്താണ് എന്നു സ്ഥാപിക്കുവാൻ നടന്നിട്ടുള്ള ചില പരിശ്രമങ്ങളും സത്യത്തിനു നിരക്കുന്നതല്ല. മാമ്മലശേരിയിലെ അവസാന മൽപ്പാൻ തന്റെ പിൻഗാമിക്കു നൽകിയ വിൽപ്പത്രത്തിൽ അദ്ദേഹം 17-ാം മൽപ്പാനാണ് എന്നു പറയുന്നുണ്ട്. അവരെല്ലാം മാമ്മലശേരി കേന്ദ്രീകരിച്ച് പ്രവർത്തിച്ചവർ തന്നെയെന്ന നിലയിലാണ് വിൽപ്പത്രത്തിലെ പരാമർശങ്ങൾ. ചരിത്രപരമായ ഈ സംശയവും തീർന്നുകിട്ടാൻ ഈ ലഘുഗ്രന്ഥം ഉപകരിക്കും.

അദ്ദേഹത്തെക്കുറിച്ച് ചില ലേഖനങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട് എന്നതൊഴിച്ചാൽ, അദ്ദേഹത്തിന്റെ സംഭാവനകൾ സമഗ്രമായി

പ്രതിപാദിക്കുന്ന ഒരു പുസ്തകം ഇതുവരെ ഉണ്ടായിട്ടില്ല. ആ വിട വാണ് ഇതോടെ നികത്തപ്പെടുന്നത്. ഗ്രന്ഥകർത്താവ് ശ്രീ. ടിബിന്റെ പരിശ്രമത്തെ അഭിനന്ദിക്കുന്നു. രേഖകൾ സുലഫമല്ലാതിരുന്ന സാഹ ചര്യത്തിൽ കിട്ടിയതെല്ലാം നുള്ളിപ്പെറുക്കി എടുത്താണ് ഈ രചന പൂർത്തീകരിച്ചിരിക്കുന്നത്. മാർ യുലിയോസിന്റെ മുൻഗാമികളും, പിൻഗാമികളുമായിരുന്ന മൽപ്പാന്മാരെക്കുറിച്ചുള്ള വിവരണങ്ങളും, അദ്ദേഹം ജീവിച്ചിരുന്ന സാഹചര്യങ്ങളെകുറിച്ചും, കാലഘട്ടത്തിന്റെ പ്രത്യേകതകളെക്കുറിച്ചും വെളിച്ചം പകരുന്നു.

തുമ്പമൺഭദ്രാസനത്തിലെ പ്രഥമ മെത്രാപ്പോലീത്തായക്ക് ഉചി തമായ ഒരു സ്മരണികയാണ് ഈ ചെറു പുസ്തകം.

ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്

പാമ്പാക്കുട
ജനനപ്പെരുന്നാൾ 2018

ഭാഗം I

പാമ്പാക്കുടയും കോനാട്ട് മൽപാൻ ഭവനവും

ഏറണാകുളം ജില്ലയിൽ മൂവാറ്റുപുഴ താലൂക്കിന്റെ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്ത് ആണ് പാമ്പാക്കുട. പാമ്പാക്കുടയിലെ പ്രശസ്തമായ വൈദിക പഠനകേന്ദ്രമായിരുന്നു കോനാട്ട് മൽപാൻഭവനം. കോനാട്ട് കുടുംബം ക്രിസ്ത്യാനി സമൂഹത്തിന് നൽകിയ സേവനങ്ങൾ വളരെ വലുതാണ്. പഴയ ഗുരുകുല സമ്പ്രദായത്തിൽ പ്രവർത്തിച്ചിരുന്ന ഒരു പുണ്യാശ്രമം ആയിരുന്നു കോനാട്ട് മൽപാൻ ഭവനം. ഇവിടുത്തെ മൽപാൻപരമ്പര ദേശമൊട്ടാകെയുള്ള അസംഖ്യം വേദപഠിതാക്കൾക്ക് സുറിയാനിയും സമുദായചരിത്രവും പഠിപ്പിച്ചു കൊടുത്തു.

മൽപാൻ എന്ന സുറിയാനി പദത്തിന് ഗുരു, അദ്ധ്യാപകൻ എന്നൊക്കെ അർത്ഥമുണ്ടെങ്കിലും, സുറിയാനി ഭാഷ പഠിപ്പിക്കുകയും, വൈദിക പരിശീലനം നൽകുകയും ചെയ്യുന്നവർക്കാണ് മൽപാൻ എന്ന പദം പൊതുവേ നാം ഉപയോഗിക്കുന്നത്. ലത്തീൻ മിഷണറിമാർ കേരളത്തിൽ എത്തുന്നതുവരെ ഇവിടെ സെമിനാരികൾ ഉണ്ടായിരുന്നില്ല. വൈദികപരിശീലനത്തിന് മൽപാൻഭവനങ്ങളാണ് ഉണ്ടായിരുന്നത്.

മൽപാൻഭവനം എന്നതിന് മൽപാന്റെ വസതി എന്നാണ് അർത്ഥമെങ്കിലും മൽപാന്റെ ഭവനത്തിൽ നടത്തുന്ന മതപാഠശാലയെന്നാണ് അർത്ഥമാക്കുന്നത്. പുരോഹിതൻ ആകാൻ താൽപര്യം ഉള്ളവർ മൽപാനെ സമീപിച്ച് ശിഷ്യത്വം സ്വീകരിക്കുന്നു. ഇന്നത്തെ സെമിനാരികളിൽ നിന്ന് ലഭിക്കുന്ന പരിശീലനത്തിൽ നിന്ന് വളരെ വ്യത്യസ്തമായ പഠനരീതിയാണ് ഇവിടെ ഉണ്ടായിരുന്നത്. സുറിയാനി ഭാഷാപഠനം, ദിവ്യബലി അർപ്പിക്കാനും മറ്റുമുള്ള പരിശീലനം, വിശുദ്ധഗ്രന്ഥ വ്യാഖ്യാനം, വിശ്വാസത്തിന്റെ മൂലതത്ത്വങ്ങൾ പരിചയപ്പെടുക എന്നിവയിൽ ഒതുങ്ങുന്ന പഠനരീതിയാണ് മൽപാൻഭവനങ്ങളിൽ ഉണ്ടായിരുന്ന വൈദികപരിശീലനം.

മലങ്കരസഭാചരിത്രത്തിൽ പാമ്പാക്കുടയ്ക്കും, അവിടത്തെ കോനാട്ട് മൽപാൻ ഭവനത്തിനും വളരെ ഗണ്യമായ ഒരു സ്ഥാനമു്. ഇടമുറിയാതെ മൽപാന്മാർ പ്രവർത്തിച്ചിട്ടുള്ള മറ്റൊരു മൽപാൻ ഭവനവും മലങ്കരയിൽ ഉണ്ടായിട്ടില്ല. കോനാട്ട് കുടുംബത്തിന്റെ വേരുകൾ ആരംഭിക്കുന്നത് കുന്നംകുളം പാലൂർ ദേശത്താണ് എന്ന് പറയപ്പെടുന്നു. കോനാട്ട് ഗീവർഗീസ് കശീശ ആർത്താറ്റ് പള്ളിയിൽ ഒരു വികാരിയായിരുന്നു. 1751 ൽ വിദേശത്ത് നിന്ന് വന്ന ശക്രള്ള മഫ്രിയാന കുന്നംകുളം ചിറളയം പള്ളിയിൽ താമസിച്ച കാലത്ത് ഇദ്ദേഹം മഫ്രിയാനയോട് ശിഷ്യപ്പെട്ട് സുറിയാനിയിൽ ഉപരിപഠനം നടത്തി. 1789 ലെ ടിപ്പുവിന്റെ പടയോട്ടത്തിന്റെ ഫലമായി കോനാട്ട് ഗീവർഗീസും കുടുംബവും പലായനം ചെയ്ത് പിറവത്തിനടുത്തുള്ള മാമ്മലശേരിയിൽ താമസമാക്കി. (ഇന്ത്യൻ ഓർത്തഡോക്സ് സഭാചരിത്ര വിജ്ഞാനകോശം) എന്നാൽ ഈ അഭിപ്രായത്തിന് ഒരു അടിസ്ഥാനവും മറ്റെങ്ങും കാണുന്നില്ല. പാമ്പകുട ലൈബ്രറി പരിശോധിച്ചതിൽ ഈ വാദത്തെ സാധൂകരിക്കുന്ന ഒരു രേഖയും കാണുന്നില്ല. കോനാട്ട് കുടുംബത്തിലെ വായ്മൊഴിയായ പാരമ്പര്യവും 17-ാം മല്പാനായ ഗീവർഗീസ് കശീശാ മാരെയും മാമലശ്ശേരി കേന്ദ്രമാക്കി എല്ലാവരും പ്രവർത്തിച്ചു എന്നാണ്. മല്പാൻമാർക്ക് ലഭിച്ച സർട്ടിഫിക്കട്ടുകൾ, അവരുടെ രചനകൾ, ഇവയൊന്നിലും കുന്നംകുളം ബന്ധത്തേക്കുറിച്ച് ഒരു പരാമർശവുമില്ല. അതിനാൽ 17 മല്പാൻമാർ മാമലശ്ശേരിയിലും ശേഷം പേർ പാമ്പാകുടയിലും പ്രവർത്തിച്ചിരുന്നു എന്നു മാത്രമേ അനുമാനിക്കാനാവൂ.

ശക്രള്ളാ ബാവായുടെ കീഴിൽ അഭ്യസിച്ച കോനാട്ട് മൽപാൻ മാമ്മലശേരിയിൽ ഒരു പഠിത്തവീട് സ്ഥാപിക്കുകയും വൈദികരെ അഭ്യസിപ്പിച്ചു പോരുകയും ചെയ്തു. കോനാട്ട് ഗീവർഗീസ് മൽപാന് പിൻഗാമി ആകുവാൻ കഴിവും ഭക്തിയുമുള്ള ആരെയും സ്വകുടുംബത്തിൽ കാണാതിരുന്നതിനാൽ തന്റെ സഹോദരിയുടെ പുത്രനായ പാമ്പാക്കുട ഇട്ടഞ്ചേരിൽ (പരീക്കമോളേൽ) അബ്രഹാമിനെ(ഉണ്ണിട്ടൻ) ദത്തെടുത്ത് പഠിപ്പിച്ച് കോനാട്ട് മൽപാൻ എന്ന സ്ഥാനപ്പേരും പിൻഗാമിത്വവും നൽകി. വൈദികർ വിവാഹം ഉപേക്ഷിച്ചിരുന്ന കാലത്ത് അമ്മാവനിൽ നിന്ന് മരുമകനിലേക്ക് എന്ന വിധത്തിലായിരുന്നു വൈദിക പാരമ്പര്യം പിന്തുടർന്നു പോന്നത്.

'...എന്റെ കുടുംബത്തിൽ എന്റെ അനന്തരവനായിരിപ്പാൻ പട്ടമേൽപ്പിക്കുന്നതിന് യോഗ്യരായ പൈതങ്ങളില്ലാത്തതുകൊണ്ട് എന്റെ പെങ്ങളെ കെട്ടിച്ചയച്ചിരിക്കുന്ന ഇട്ടഞ്ചേരി കുടുംബത്തിൽനിന്ന് എന്റെ പെങ്ങളുടെ മകനായ നിന്നെ ഞാൻ ഇവിടെ കൊണ്ട് വന്ന് പാർപ്പിച്ചു.

എന്റെ കുടുംബത്തിൽപെട്ട ഒരു സന്തുവും തറവാട്ടുകാരനും എന്റെ പിറകാലെയുള്ള മകനുമാക്കി നിശ്ചയിച്ചിട്ട് ശമ്മാശപ്പട്ടവും കത്തനാരു പട്ടവും ഏൽപ്പിച്ചതു കൊണ്ട് എന്റെ പിറകാലെയുള്ള അനന്തരവനായിട്ട് കോനാട്ട് അബ്രഹാം കത്തനാരെന്ന് വിളിക്കപ്പെടണമെന്നും താൻ മുഖാന്തരം തന്റെ ചേട്ടനും സന്തതിക്കും ഈ കുടുംബപ്പേരു തന്നെയായിരിക്കട്ടെ 18-ാം കോനാട്ടു കുടുംബത്തിൽ പട്ടക്കാരനായ 17-ാമത്തവനായ ഞാൻ ഒന്നാമനായിട്ട് ഞാൻ തന്നെ ഏർപ്പെടുത്തുകയും ചെയ്തതുപോലെ തന്റെ കുടുംബത്തിന് യോഗ്യമായ പൈതലിനെ തെരെഞ്ഞെടുത്ത് പഠിപ്പിച്ച് പട്ടം കൊടുപ്പിച്ച് മുടക്കം കൂടാതെ നടന്നു കൊള്ളുകയും വേണം.....' (ത്രീസായ് ശുബഹോ സെന്റർ സ്മരണിക പു.18

മേൽ പ്രസ്താവിച്ച അബ്രഹാം മൽപാന്റെ കാലത്താണ് കോനാട്ട് പഠിത്തവീട് പാമ്പാക്കുടയിലേക്ക് മാറ്റി സ്ഥാപിക്കുന്നത്. സ്വന്തദേശമായ പാമ്പാക്കുടയിലേക്ക് താമസം മാറ്റിയ മൽപാൻ പാമ്പാക്കുടയിൽ മാർ യോഹന്നാൻ ശ്ലീഹായുടെ നാമത്തിൽ പള്ളി പണിത് മാമ്മലശ്ശേരി മാർ മിഖായേൽ പള്ളിയിൽ നിന്ന് ഇടവക പിരിഞ്ഞു. പള്ളിക്കടുത്തായി ഒരു ഭവനവും നിർമ്മിച്ച് മൽപാൻ ഭവനം മുൻപോട്ട് കൊണ്ടു പോയി. ഈ അബ്രഹാം മൽപാന്റെ പിൻഗാമി മാർ യൂഹാനോൻ മൽപാന്റെ പിൻഗാമിയായിട്ടാണ് കോനാട്ട് ഗീവർഗ്ഗീസ് മാർ യൂലിയോസ് ജനനിക്കുന്നത്.

ജനനം ബാല്യം വിദ്യാഭ്യാസം

പാമ്പാക്കുടയിലേയ്ക്ക് താമസം മാറ്റിയ അബ്രഹാം മൽപാന്റെ ജ്യേഷ്ഠ സഹോദരൻ കോനാട്ട് കോരയുടെ കൊച്ചുമകനായാണ് കഥാപുരുഷൻ ഭൂജാതനാകുന്നത്. കോനാട്ട് യൂഹാനോൻ മൽപാന്റെ സഹോദരൻ, കോനാട്ട് മാത്തന്റെയും പാലപ്പിള്ളിൽ വലിയവീട്ടിൽ കുഞ്ഞിളച്ചാരിന്റെയും മകനായി 1829-ൽ ജനിച്ചു. മാമോദിസാ പേര് ഗീവർഗീസ് എന്നായിരുന്നുവെങ്കിലും കുഞ്ഞുവർക്കി എന്നാണ് എല്ലാവരും വാത്സല്യത്തോടെ വിളിച്ചിരുന്നത്. തന്റെ പിതാമഹന്റെ സഹോദരനായ കോനാട്ട് അബ്രഹാം മൽപാന്റെയും, പിതൃസഹോദരൻ കോനാട്ട് യൂഹാനോൻ മൽപാന്റെയും സാന്നിദ്ധ്യവും, സഹവാസവും ലഭിച്ചിരുന്ന ഗീവർഗീസ് സഭയുടെ വിശ്വാസത്തിലും, ആചാരാനുഷ്ഠാനങ്ങളിലും, ഭക്തിയിലും താൽപര്യമുള്ളവനായി വളർന്നു വന്നു. കോനാട്ട് കോര സഹോദരനായിരുന്നു.

ഇടമുറിയാതെ വൈദിക പാരമ്പര്യം സൂക്ഷിച്ചിരുന്ന കോനാട്ട് കുടുംബത്തിലെ പാരമ്പര്യം അനുസരിച്ച് തന്റെ മുൻഗാമികളേപ്പോലെ ഗീവർഗീസ് ദൈവവേല തെരെഞ്ഞെടുത്തു. ദൈവവേല തെരെഞ്ഞെടുത്ത ഗീവർഗീസ്, പാമ്പാക്കുട വലിയപള്ളിയിൽ നടന്നുവന്നിരുന്ന മൽപാൻ ഭവനത്തിൽ ചേർന്ന് കോനാട്ട് അബ്രഹാം മൽപാന്റെയും, യൂഹാനോൻ മൽപാന്റെയും ശിക്ഷണത്തിൽ പ്രാഥമിക വിദ്യാഭ്യാസവും, വൈദിക വിദ്യാഭ്യാസവും നടത്തി. സുറിയാനി ഭാഷാ പാണ്ഡിത്യം, വിശ്വാസ പരിജ്ഞാനം, ഭക്തിജീവിതം തുടങ്ങിയവയെല്ലാം കൊച്ചു ഗീവർഗീസ് തന്റെ പിതാക്കന്മാരിൽ നിന്ന് സ്വായത്തമാക്കി.

പാമ്പാക്കുട പള്ളിയോടു ചേർന്നുള്ള താമസവും, തന്റെ പിതാമഹന്മാരുടെ ജീവിതനിഷ്ഠയും, ഭക്തിജീവിതവും കണ്ടു വളർന്ന ഗീവർഗീസ് ദൈവത്തിനുവേണ്ടി സ്വയമർപ്പിക്കുകയും, ലൗകിക കാര്യങ്ങളെക്കാൾ ആത്മീയ കാര്യങ്ങളിൽ കൂടുതൽ പ്രാധാന്യം നൽകി പോരുകയും ചെയ്തു. ദൈവിക ആരാധനയോടുള്ള തന്റെ അമിത താൽപര്യം മൂലം സുറിയാനിഭാഷ വളരെ നന്നായി പഠിക്കുകയും സുറിയാനി ഭാഷയിൽ അസാമാന്യമായ അറിവ് സമ്പാദിക്കുകയും ചെയ്തു.

കോനാട്ട് ഗീവർഗീസ് മൽപാൻ

കോനാട്ട് മൽപാൻ ഭവനത്തിൽ നിന്ന് വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കിയ കുഞ്ഞുവർക്കി എന്ന ഗീവർഗീസ് 1850-ൽ പുരോഹിതനായി അഭിഷേകം ചെയ്യപ്പെട്ടു. കശീശാ പട്ടം ഏല്ക്കുമ്പോൾ അദ്ദേഹത്തിന് 21 വയസ്സായിരുന്നു. ഓരോ ദേവാലയത്തിലേക്കും പട്ടമേൽക്കുന്ന രീതിയാണ് അന്നുണ്ടായിരുന്നത്. അതനുസരിച്ച് പാമ്പാക്കുട മാർ യൂഹാനോൻ ശ്ലീഹായുടെ ദേവാലയത്തിലേക്കാണ് ഗീവർഗീസ് പട്ടമേറ്റത്. അന്നത്തെ മലങ്കര മെത്രാപ്പാലീത്താ ചേപ്പാട് മാർ ദിവന്നാസ്യോസ് ആയിരുന്നു പട്ടംകൊടശുശ്രൂഷ നടത്തിയത്. കോനാട്ട് അബ്രഹാം മൽപാനും, യോഹന്നാൻ മൽപാനും പാമ്പാക്കുട പള്ളിയുടെ ഭരണം നിർവ്വഹിച്ചിരുന്നതിനാൽ ഗീവർഗീസ് കത്തനാർക്ക് ഇടവക ഭരണത്തിൽ കാര്യമായ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടി വന്നില്ല.

ഗീവർഗീസ് കശീശസ്ഥാനം ഏറ്റ കാലം കോനാട്ട് മൽപാൻ ഭവനത്തിന്റെ സുവർണ്ണ കാലഘട്ടമായിരുന്നു. ഒരേ കാലയളവിൽ മൂന്ന് മൽപാന്മാരുടെ സേവനം വൈദിക വിദ്യാർത്ഥികൾക്ക് ലഭിച്ചിരുന്നു. മൽപാൻ ഭവനത്തിലെ അധ്യാപനം കഴിഞ്ഞുള്ള സമയം ഗീവർഗീസ് കശീശ തനിക്ക് ഏറ്റവും താൽപര്യം ഉണ്ടായിരുന്ന സുറിയാനിഭാഷയുടെ പഠനത്തിനും പ്രചരണത്തിനുമായി ഉപയോഗിച്ചു. അപൂർവ്വ സുറിയാനി ഗ്രന്ഥങ്ങൾ ശേഖരിച്ച് പകർത്തിയെഴുതുക, അവ ഭാഷാന്തരം ചെയ്യുക തുടങ്ങിയ സാഹിത്യപരമായ പ്രവർത്തനങ്ങളിൽ ഗീവർഗീസ് മൽപാൻ സമയം ചിലവഴിച്ചു. ഇക്കാലയളവിലെ ഗീവർഗീസ് മൽപാന്റെ ശിഷ്യന്മാരിൽ പ്രധാനിയായിരുന്നു പ. പരുമല തിരുമേനി.

സുറിയാനിഭാഷയിൽ അതീവ പാണ്ഡിത്യം ഉണ്ടായിരുന്ന ഗീവർഗീസ് മൽപാൻ ബെത്നഹറീൻ(മെസപ്പട്ടൊമിയ) മലബാർ എന്നിവിടങ്ങളിലെ വൈദികരുമായി മതകാര്യങ്ങളും, മലബാർ സഭയുടെ സ്ഥിതിഗതികളും സംബന്ധിച്ച് കത്തിടപാടുകൾ നടത്തിയിരുന്നു. 1868 ഓഗസ്റ്റ്

12-ാം തീയതി മോർ മത്തായി ദയറായിലെ സന്യാസി വൈദികനായ ജോസഫിന് അയച്ച ഒരു കത്തിൽ അന്തോഖ്യപാത്രിയർക്കീസന്മാരുടെ പിന്തുടർച്ച, പുരാതന ക്രിസ്ത്യാനികളുടെ വിവിധ വിഭാഗങ്ങളായുള്ള പിളർപ്പ്, ഏതാനും സഹദേന്മാരുടെയും, വിശുദ്ധന്മാരുടെയും വൃത്താന്തങ്ങൾ എന്നിവയെപ്പറ്റി ചോദിച്ചിരുന്നു. അതുപോലെ 1870 നവംബർ 1-ാം തിയതി ഇടവഴിക്കൽ ഫീലിപ്പോസ് കശീശായും, കോനാട്ട് ഗീവർഗീസും ചേർന്ന് പാത്രിയർക്കീസ് യാക്കോബ് രാമന് അയച്ച കത്തിൽ, മതശാസ്ത്രങ്ങളുടെ അഭ്യസനം തുടരുന്നതിനായി വിദ്യാസമ്പന്നനും ശ്രേഷ്ഠനുമായ ഒരു റമ്പാനെ മലബാറിലേക്കയക്കുന്നതിനും, അദ്ദേഹത്തിന്റെ താമസത്തിനും മറ്റുമുള്ള ചിലവുകളും വഹിച്ചു കൊള്ളാമെന്നും അറിയിച്ചിരുന്നു.

പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ്, ഗീവറുഗീസ് കത്തനാരെ വളരെ സ്നേഹിക്കുകയും കരുതുകയും ചെയ്തിരുന്നു. താൻ കോനാട്ട് യൂഹാനോൻ മൽപാന് അയച്ചിട്ടുള്ള എല്ലാ കത്തുകളിലും കുഞ്ഞുവർക്കി കത്തനാരെ പറ്റി ചോദിക്കുകയും സഭാപരമായ പല ഉത്തരവാദിത്വങ്ങളും ഏൽപ്പിച്ചിരുന്നതായും നമുക്ക് കാണാം. പാമ്പാക്കുട പള്ളി സന്ദർശിച്ച വേളയിൽ മാർ ദിവന്നാസ്യോസ് കോനാട്ട് മാത്തൻ മൽപാന് നൽകിയ ഒരു സർട്ടിഫിക്കറ്റിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. മുൻകാലത്ത് നാം ഇവിടെ വന്നു താമസിച്ചിരുന്നപ്പോൾ പുസ്തകങ്ങൾ സൂക്ഷിക്കുക, പെരുമാറുക, പഠിപ്പിക്കുക, പള്ളി ഭരിക്കുക മുതലായ ജോലികളെല്ലാം ഉലഹന്നാൻ മൽപ്പാന്റെ ആജ്ഞ പ്രകാരം ഗീവറുഗീസ് കത്തനാർ ആയിരുന്നു നടത്തിവന്നത്. ഉലഹന്നാൻ മൽപാൻ സുറിയാനി ഭാഷയിൽ വിദ്വാനും പരമാർത്ഥിയും ആയിരുന്നു എങ്കിലും ഗീവർഗീസ് കത്തനാർ അതിവിദ്വാനും സമർത്ഥനും ബുദ്ധിശാലിയുമായിരുന്നു. പുസ്തകങ്ങൾ പെട്ടികളിൽ അടുക്കിവെച്ച് കേടുവരാതെ ആ പെട്ടികളിൽ കുരുമുളകും ഇട്ട് സൂക്ഷിക്കുന്നതും ചിലപ്പോഴെല്ലാം പുസ്തകങ്ങൾ ഉണക്കി വയ്ക്കുന്നതും കണ്ട് അതിന്മേലുള്ള താൽപര്യത്തെക്കുറിച്ച് നാം വളരെ സന്തോഷിച്ചിട്ടു്.

പാമ്പാക്കുട ദേവാലയത്തിന്റെയും, മൽപാൻഭവനത്തിന്റെയും ചുമതല വഹിക്കുന്നതിനോടൊപ്പം മലങ്കരസഭയുടെ പൊതുവായ കാര്യങ്ങളിലും കുഞ്ഞുവർക്കി കത്തനാർ ഇടപെട്ടിരുന്നു എന്ന് സമകാലീന രേഖയായ കനാട് ഗ്രന്ഥവരി സാക്ഷിക്കുന്നുണ്ട്. ഒരു ദേവാലയത്തിന്റെ കല്ലിട്ട് കർമ്മം നടത്തിക്കുന്നതിനായി കുഞ്ഞുവർക്കി കത്തനാർക്ക് പാലക്കുന്നത്ത് അത്തനാസിയോസ് നിർദേശം നല്കുന്നതായി ഗ്രന്ഥവരിയിൽ പറയുന്നു. അതുപോലെ മർദ്ദീനിൽ നിന്ന് പട്ടമേറ്റ് വന്ന

പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസിനെ സന്ദർശിക്കുന്ന സംഘത്തിലും, പുലിക്കോട്ടിൽ തിരുമേനിയുടെ കൽപന പ്രകാരം പ. പത്രോസ് തൃതിയൻ പാത്രിയർക്കീസിനെ സ്വീകരിക്കുവാൻ കുന്നംകുളത്ത് എത്തിയ സംഘത്തിലും മൽപാൻ ഉൾപ്പെട്ടിരുന്നു. കൂടാതെ 1873 ചിങ്ങമാസം കൂടിയ പരുമല അസോസിയേഷൻ കോനാട്ട് ഗീവർഗീസ് മൽപാനെ കമ്മറ്റിക്കാരനായി തെരെഞ്ഞെടുത്തിരിക്കുന്നതായും രേഖകളുണ്ട്. ഇതിൽ നിന്നെല്ലാം നമുക്ക് മനസിലാകുന്ന സംഗതി കോനാട്ട് ഗീവർഗീസ് മൽപാൻ മലങ്കരസഭ മുഴുവൻ നിറഞ്ഞ് നിന്നിരുന്ന വ്യക്തിത്വം ആയിരുന്നു എന്നതാണ്.

ഗീവർഗീസ് മൽപാന്റെ സത്യവിശ്വാസത്തിൽ ഉള്ള തീക്ഷ്ണത, സുറിയാനിയിൽ ഉള്ള അതിപാണ്ഡിത്യം, ദൈവഭക്തി, ആത്മാർത്ഥത, അർപ്പണബോധം എന്നിവ തന്റെ ശിഷ്യന്മാരായ ശെമ്മാശന്മാരിൽ വലിയ മതിപ്പുളവാക്കിയിരുന്നു. ഇക്കാരണങ്ങളാലാവണം ഇടവഴിക്കൽ ഫിലിപ്പോസ് കശീശ, യാക്കോബ് രണ്ടാമൻ പാത്രിയർക്കീസിനുള്ള തന്റെ കത്തിൽ ഒരു മഫ്രിയാനയെ മലബാറിലേക്കയക്കുന്നതിനും ആ മഫ്രിയാന പാമ്പാക്കുടയിലെ ഗീവർഗീസ് കശീശയെ മെത്രാപ്പോലീത്തയായി വാഴിക്കട്ടെ എന്നും മഫ്രിയാനയും, ഗീവർഗീസും അവർക്കു യുക്തമെന്ന് തോന്നുന്ന പള്ളിയിൽ താമസിച്ചു കൊണ്ട് അവർ കോർ എപ്പിസ്കോപ്പന്മാരെയും പ്രതിനിധികളെയും മലബാറിലെ മുഴുവൻ പള്ളികളിലും നിയമിച്ചാക്കട്ടെ എന്നും നിർദേശിച്ചിരിക്കുന്നത്.

പത്രോസ് പാത്രിയർക്കീസും പാമ്പാക്കുട ഗീവർഗീസ് റമ്പാനും

മാത്യൂസ് മാർ അത്തനാസ്യോസിന്റെ നേതൃത്വത്തിൽ മലങ്കരയിൽ നടന്നു വന്നിരുന്ന നവീകരണത്തിനെതിരായി 1873 ൽ പരുമല യിൽ ഒരു യോഗം കൂടി മലങ്കര അസോസിയേഷൻ രൂപീകരിക്കുകയും അതിന് ഒരു മാനേജിംഗ് കമ്മറ്റിയും, നിയമാവലിയും രൂപ പ്പെടുത്തുകയും ചെയ്തു. ഗീവർഗീസ് മൽപാൻ ഈ കമ്മറ്റിയിൽ ഒരു അംഗം ആയിരുന്നു. ഈ യോഗത്തിൽ വെച്ച് പ പാത്രിയർക്കീസിനെ മലങ്കരയിലേക്ക് ക്ഷണിക്കുന്നതിന് തീരുമാനിച്ചു. മലങ്കരയുടെ ക്ഷണം അനുസരിച്ച് പാത്രിയർക്കീസ് ലണ്ടൻ, ബോംബെ വഴി മലങ്കരയിലെ കുന്നംകുളത്ത് എത്തിച്ചേർന്നു.

.....ഇതിനിടയിൽ പുലിക്കോട്ട് മെത്രാപ്പോലീത്തായുടെ സാധനം പള്ളികളിൽ എത്തിയശേഷം പാത്രിയർക്കീസ് ബാവായുടെ എതിരേൽപിനായി വെട്ടിയ്ക്കൽ നിന്ന് ചാത്തുരുത്തിൽ ഗീവർഗീസ് റമ്പാച്ചനും പാമ്പാക്കുട കുഞ്ഞുവർക്കി കത്തനാരച്ചനും മറ്റ് എതാനും പട്ടക്കാരും കൂടെ 12 മുതൽ കൊച്ചിയിൽ ചെന്ന് താമസിച്ച് വരുന്നു.....

.....കൊച്ചിയിൽ സെന്റ് തോമസ് അച്ചുകൂടത്തിൽ താമസിക്കും സമൂഹക്കാർക്ക് യൗസേഫ് മെത്രാപ്പോലീത്താ ഊട്ടമണ്ടിൽ നിന്നും, പാത്രിയർക്കീസ് നാളെ ഇവിടെ നിന്നും കുന്നംകുളങ്ങരയ്ക്ക് യാത്ര പുറപ്പെടും. അതിനാൽ നിങ്ങൾ ഉടനെ കുന്നംകുളങ്ങരയ്ക്ക് എത്തിക്കൊള്ളണം. എന്ന് 1875 ഇടവം 26-ാം തീയതി.....

.....ഉടനെ റമ്പാച്ചനും കോനാട്ട് ഗീവർഗീസ് മൽപാനും അങ്കമാലി കുറുപ്പമ്പടി, കോതമംഗലം, കുന്നാക്കുരുടി, റാക്കാട്, കോട്ടയം, തെക്കൻ പറവൂർ മുതലായി തൽസമയം അവിടെ താമസിച്ചിരുന്ന പ ള്ളിക്കാർ എല്ലാവരും കൂടി സൊരുമിച്ച് എത്രയും പെരികെ ബ. മോ റാൻ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവാ തിരുമനസിലെ എഴുന്നള്ളത്തിന് എതിരേൽപിനായി കുന്നംകുളങ്ങരയ്ക്ക് അസ്തമിച്ച് പോകയും ചെയ്തു....." (കനാട് ഗ്രന്ഥവരി. പു. 245,255, 256)

മലങ്കര എത്തിച്ചേർന്ന ബാവാ 1875 ജൂൺ 17 (മിഥുനം 5) ന് കുന്നംകുളം ചിറളയം പള്ളിയിൽ വെച്ച് കോനാട്ട് ഗീവർഗീസ് മൽപാന് റമ്പാൻസ്ഥാനം നൽകി. റമ്പാൻസ്ഥാനം ലഭിച്ച കോനാട്ട് റമ്പാൻ ചാത്തുരുത്തിൽ ഗീവർഗീസ് റമ്പാച്ചനോടൊപ്പം പാത്രിയർക്കീസിന്റെ ദ്വിഭാഷിയായി മലങ്കരയിലെ പള്ളികളിൽ സന്ദർശിച്ചു. ഈ അവസരത്തിൽ ചേപ്പാട് മെത്രാനിൽ നിന്നും പാലക്കുന്നത്ത് മെത്രാനിൽ നിന്നും പട്ടമേറ്റവർക്ക് പാത്രിയർക്കീസ് പുനരായി പട്ടം നൽകി. ഇതനുസരിച്ച് 1875 ഒക്ടോബർ 28 ന് മാക്കാംകുന്ന് പള്ളിയിൽ വെച്ച് പാമ്പാക്കുട റമ്പാന് കത്താനാർപട്ടം രണ്ടാമത് അഴിച്ച് നൽകി.

".....ഉടനെ ചേപ്പാട്ടച്ചന്റെ കൈവെപ്പുകാർക്ക് മാറിക്കൊടുക്കേണ്ടതാകുന്നു എന്ന് കൽപിച്ചു. ഉടനെ പാമ്പാക്കുട റമ്പാച്ചനെ വിളിച്ച് നിനക്ക് കത്തനാർ പട്ടം തന്നതാരെന്ന് ചോദിച്ചതിന് ചേപ്പാട്ടച്ചൻ എന്നു പറഞ്ഞതിനാൽ നിന്റെ കൈവെപ്പ് പൂർണ്ണമുള്ളതല്ലെന്നും നീയും രാമത് കത്തനാർപട്ടം ഏൽക്കണമെന്നും കൽപിച്ചു. അതിൻവണ്ണം സമ്മതിച്ചു. അപ്രകാരം തന്നെ ബലയാറിന്റെ കൈവെപ്പുകാരും രണ്ടാമത് ഏൽക്കണമെന്ന് കൽപിച്ചു. അവരും അതുപ്രകാരം സമ്മതിച്ചു. ഇങ്ങനെ ഇരിക്കുമ്പോൾ മാക്കാംകുന്ന് പള്ളിക്കാർ ബാവായെ കൊണ്ടുപോകുന്നതിനായി വന്നു. 12-ാം തീയതി അവിടെ നിന്നും മാക്കാംകുന്ന് പള്ളിയിലേക്ക് എഴുന്നള്ളുകയും ചെയ്തു. ആ സമയം നാളെ നിങ്ങൾ മാക്കാംകുന്നേൽ വരണമെന്നും അവിടെ വെച്ച് നിങ്ങൾക്ക് കത്തനാർ പട്ടം തികച്ച് തന്നുകൊള്ളാമെന്നും കൽപിച്ചത്രേ എഴുന്നള്ളിയത്.

കൽപിച്ചപ്രകാരം ഓമല്ലൂർക്കാർ നാലുപേരും തുമ്പോൻകാരിൽ രണ്ടുപേരും ഏനപ്പെട്ട് അവിടെവെച്ച് ബ. പാത്രിയർക്കീസ് ബാവായുടെ തൃക്കൈയ്യാൽ മേൽപറഞ്ഞവർ ആറു പേരും പാമ്പാക്കുട റമ്പാച്ചനും 13-ാം തീയതി വ്യാഴാഴ്ച കത്തനാർ പട്ടം രാമത് അഴിച്ച് ഏല്പ്പിക്കുകയും ചെയ്തു....." (കണ്ടനാട് ഗ്രന്ഥവരി പു. 274)

പാത്രിയർക്കീസ് സുറിയാനിയിൽ ആദ്യാക്ഷര പുസ്തകവും നമസ്കാര പുസ്തകവും മറ്റും അച്ചടിക്കുന്നതിനായി മാർ അബ്ദുള്ളയോടൊപ്പം പാമ്പാക്കുട റമ്പാനെ കൊച്ചിയിലേക്ക് അയച്ചു. എന്നാൽ അധികം താമസിയാതെ തന്നെ പാത്രിയർക്കീസ് കരവട്ടുവീട്ടിൽ ശെമവൂൻ കോറിയെ കൊച്ചിയിലേക്ക് അയക്കുകയും പാമ്പാക്കുട റമ്പാച്ചനെ തിരികെ കോട്ടയത്തേക്ക് വിളിപ്പിക്കുകയും ചെയ്തു.

".....നീലംപേരൂർ പള്ളിയിൽ വെച്ച് സുറിയാനി ആദ്യാക്ഷര പുസ്തകവും നമസ്കാര പുസ്തകവും മറ്റും അച്ചടിക്കുന്നതിന് വേണ്ടി ഗ്രിഗോറിയോസ് ബാവായെയും പാമ്പാക്കുട റമ്പാനെയും കൊച്ചിയ്ക്ക് അയക്കുകയും ചെയ്തു.....

.....ഗ്രിഗോറിയോസ് ബാവായും റമ്പാച്ചനും കൂടി കൊച്ചിയിൽ വന്ന് പുസ്തകങ്ങൾ കല്ലച്ചിൽ അടിപ്പിക്കുന്നതിന് ശ്രമിച്ചാറെ അച്ച് തെളിയാത്തതിനാൽ കല്ലച്ചിൽ വേണ്ടെന്നും അദ്യാക്ഷരപുസ്തകം ഇപ്പോൾ ഉള്ള സുറിയാനി അക്ഷരത്തിൽ അടിക്കാമെന്നും നമസ്കാരം മുതലായ പള്ളിക്രമ പുസ്തകങ്ങൾ പുതുതായി അക്ഷരം കൊത്തിച്ച് അച്ചടിപ്പിച്ച് കൊള്ളാമെന്നും നിശ്ചയിച്ചു. ആദ്യ പുസ്തകത്തിന് അക്ഷരം നിരത്തുകയും നമസ്കാരം മുതലായ പുസ്തകങ്ങൾക്ക് അക്ഷരം കൊത്തിക്കുകയും ചെയ്തു തുടങ്ങി....."

(കണ്ടനാട് ഗ്രന്ഥവരി. പു. 280)

മെത്രാപ്പോലീത്താ പദവിയിലേക്ക്

പാർത്തോമ്മാ ശ്ലീഹാ മലങ്കരയിൽ ഏഴു ദേവാലയങ്ങൾ സ്ഥാപിച്ചു എന്ന ചരിത്രത്തെ അടിസ്ഥാനമാക്കി മലങ്കരസഭയെ ഏഴു ഭദ്രാസങ്ങളായി വിഭജിക്കുന്നതിനും അവ ഓരോന്നിനും മെത്രാന്മാരെ വാഴിക്കുന്നതിനും പ. പത്രോസ് തൃതിയൻ പാത്രിയർക്കീസ് തീരുമാനിച്ചു. ആ തലമുറയിൽ സുസമ്മതരും സുറിയാനിപണ്ഡിതരും ശക്തമായ ഇടവകയുടെ പിൻബലമുള്ളവരും പുരാതന കുടുംബങ്ങളിൽ നിന്നുമുള്ള ഏതാനും സ്ഥാനാർത്ഥികളെ അദ്ദേഹം കണ്ടെത്തി. മെത്രാൻസ്ഥാനത്തു വരുന്നവർ ഭാവിയിൽ തന്റെ വരുതിയിൽ നില്ക്കുന്നതിനായി അവരിൽനിന്നും പാത്രിയർക്കീസ് ഉടമ്പടി എഴുതി വാങ്ങിച്ചു. മാനേജിംഗ് കമ്മറ്റിയോട് ആലോചിക്കാതെ ഏകപക്ഷീയമായ തീരുമാനം കൈക്കൊണ്ടതിലുള്ള പ്രതിഷേധം കമ്മറ്റിയംഗങ്ങൾ പാത്രിയർക്കീസിനെ അറിയിച്ചുവെങ്കിലും ഫലമുണ്ടായില്ല.

".....പാമ്പാക്കുട കോനാട്ട് ഗീവർഗീസ് റമ്പാനും വടക്കൻപറവൂർ കടവിൽ പൗലോസ് റമ്പാനും മുളന്തുരുത്തി ചാത്തുരുത്തിൽ ഗീവർഗീസ് റമ്പാനും അങ്കമാലിൽ അമ്പാട്ട് ഗീവർഗീസ് റമ്പാനും മെത്രാന്റെ സ്ഥാനം കൊടുക്കണമെന്നും ആയതിനു കൽപന പോലെ നടന്നുകൊള്ളാമെന്നും കൽപന വ്യത്യാസം ചെയ്യുന്ന ദിവസം ആളൊന്നിന് 500 രൂപാ വീതം കെട്ടിവച്ച് സ്ഥാനത്തിൽ നിന്നും ഒഴിഞ്ഞു കൊള്ളാമെന്നും മറ്റും രജിസ്റ്റർ ചെയ്ത് എഴുതി തന്നാൽ സ്ഥാനം കൊടുക്കാമെന്നും കൽപിക്കുകയാൽ അവർ നാലുപേരും കൂടി ആയതിനെ സമ്മതിച്ച് എർണാകുളം രജിസ്റ്റാറിൽ പടി കെട്ടി രജിസ്റ്റർ ചെയ്യാനായി മുദ്രക്കടലാസോടുകൂടി 15-ന് രജിസ്ട്രാറും വന്നിരുന്നു. 16 ന് തിരുമനസറിയിച്ച് രജിസ്റ്റർ ചെയ്യുന്നതിനു തുടങ്ങി. പനയ്ക്കൽ ഐപ്പൂരുവും കുരിയൻ റൈട്ടറും മറ്റ് ആലോചനക്കാരായ ഞങ്ങളോടും കൽപിച്ച് ചോദിക്കാതെ റജിസ്റ്റർ ചെയ്യുന്നത് ശരി

അല്ലെന്നും ഈ വിവരം ബാവായെ തെര്യപ്പെടുത്തണമെന്നും നിശ്ചയിച്ച് ആലോചനക്കാരായ ഞങ്ങൾ ബാവായുടെ തിരുമനസറിയിപ്പാനായി എഴുതി അയച്ചു.....” (കണ്ടനാട് ഗ്രന്ഥവരി. പു. 344)

1876 ഡിസംബർ 3 (വൃശ്ചികം 22) ന് കോനാട്ട് ഗീവർഗീസ് റമ്പാനെ മാർ യൂലിയോസ് എന്ന പേരിലും കടവിൽ പൗലോസ് റമ്പാനെ അത്തനാസ്യോസ് എന്ന പേരിലും വടക്കൻ പറവൂർ പള്ളിയിൽ വെച്ച് പ. പത്രോസ് തൃതിയൻ പാത്രിയർക്കീസ് മെത്രാന്മാരായി വാഴിച്ചു. പുതുതായി വാഴിക്കപ്പെട്ട മെത്രാന്മാരുടെ വാഴ്ചയ്ക്ക് വേണ്ട ചിലവുകൾ വഹിച്ചത് അതാത് വീട്ടുകാരായിരുന്നു. മെത്രാനായി വാഴിച്ച് അധികം താമസിയാതെ തന്നെ പാമ്പാക്കുട മെത്രാച്ചനെ വടക്കുള്ള പള്ളികളിലേക്ക് റിശീസാ പിരിക്കുന്നതിന് പാത്രിയർക്കീസ് കൽപന കൊടുത്തയക്കുകയും ചെയ്തു.

“.....22-ാം തീയതി ഞായറാഴ്ച പാമ്പാക്കുട കോനാട്ട് ഗീവർഗീസ് റമ്പാച്ചനും പറവൂർ കൂരൻ എന്നും കടവിൽ എന്നും പറഞ്ഞു വരുന്ന പൗലോസ് റമ്പാച്ചനും മെത്രാൻ സ്ഥാനം കൊടുത്തു. കടവിൽ റമ്പാച്ചന് അത്തനാസ്യോസ് എന്ന സ്ഥാനപ്പേരും, കൊല്ലം, മാവേലിക്കര മുതലായി ഇരുപതിൽ ചിലാനം പള്ളികൾക്കുമായിട്ടും കോനാട്ട് റമ്പാച്ചന് യൂലിയോസ് എന്ന സ്ഥാനപ്പേരും തുമ്പോൻ മുതലായി ഇരുപതിൽ ചിലാനം പള്ളികൾക്കുമായി അത്രേ സ്ഥാനം കൊടുത്തത്.....”

(കണ്ടനാട് ഗ്രന്ഥവരി. പു. 352)

1876 മകരം 14 ന് വെളിയനാട് പള്ളിയിൽ സമ്മേളിച്ച സുന്നഹദോസിൽ മാർ യൂലിയോസ് പങ്കടുക്കുകയും ശേഷം തുമ്പമണ്ണിലേക്ക് മടങ്ങുകയും ചെയ്തു. കുംഭം 6 ന് പ. പാത്രിയർക്കീസ് ബാവാ കൊച്ചിക്കോട്ട പള്ളിയുടെ കൂദാശ ചെയ്ത് പത്രോസ് ശ്ലീഹായുടെ നാമത്തിൽ സ്ഥിരപ്പെടുത്തി. ഇതിലും യൂലിയോസ് മെത്രാച്ചൻ സംബന്ധിച്ചു. മലങ്കര സന്ദർശനം പൂർത്തിയാക്കി മടങ്ങുന്നതിന് നിശ്ചയിച്ച പാത്രിയർക്കീസ് 1877 മേടം 23 ന് മാർ യൂലിയോസിന് തുമ്പമൺ ഉൾപ്പെട്ട പള്ളികളിലേയ്ക്ക് സ്ഥാത്തിക്കോൻ മുദ്ര വെച്ച് നൽകി.

“.....പിന്നീട് യൂലിയോസ് മെത്രാപ്പോലീത്തായ്ക്ക് തുമ്പമൺ ഉൾപ്പെട്ട പള്ളികളിലേയ്ക്കും ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായ്ക്ക് നിരണം ഉൾപ്പെട്ട പള്ളികളിലേയ്ക്കും അത്തനാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് കോട്ടയം ഉൾപ്പെട്ട പള്ളികളിലേയ്ക്കും കൂറിലോസ് മെത്രാപ്പോലീത്തായ്ക്ക് അങ്കമാലി

ഉൾപ്പെട്ട പള്ളികളിലേയ്ക്കും ആയി സ്ഥാത്തിക്കോൻ എഴുതി മുദ്ര വച്ച് കൊടുത്തത് കൂടാതെ കോട്ടയിൽ റവന്യൂ കച്ചേരിയിൽ ഉദ്യോഗസ്ഥ നാകുന്ന പിസ്ക്കാൾ സായിപ്പ് അവർകളെ വരുത്തി സുസ്തിക്കോ നിൽ അയാളുടെ കൈയ്യൊപ്പും സർക്കാർ മുദ്രയും സാക്ഷിയായി വയ് പിച്ചത്രെ കൊടുത്തത്.....” (കണ്ടനാട് ഗ്രന്ഥവരി പു. 386-387)

സ്താത്തിക്കോൻ ലഭിച്ച മെത്രാന്മാർ പാത്രിയർക്കീസിനൊപ്പം കുന്നംകുളം ചിറളയം പള്ളിയിലെത്തി. അവിടെ വെച്ച് കരോട്ടുവീട്ടിൽ ശെമവൂൻ റമ്പാന് മാർ ദിവന്നാസ്യോസ് എന്ന പേരിലും മുറിമറ്റത്ത് പൗലോസ് റമ്പാന് മാർ ഈവാനിയോസ് എന്ന പേരിലും മെത്രാന്മാരായി വാഴിച്ചു. അതിനുശേഷം ചാലിശ്ശേരിയിൽ നടന്ന പട്ടംകൊട ശുശ്രൂഷ നവ മെത്രാന്മാരെക്കൊ് കൊടുപ്പിച്ചു. തിരിച്ചെഴുന്നള്ളുന്നതിനു മുമ്പായി മെത്രാന്മാർ തമ്മിൽ സ്നേഹത്തോടെ വസിക്കണമെന്നും ഒരുത്തൻ മറ്റൊരുത്തന്റെ ഇടവകയിൽ കടക്കരുതെന്നും, അസോസിയേഷൻ കമ്മറ്റി കൂടരുതെന്നും തുടങ്ങിയ നിർദേശങ്ങൾ നൽകി രണ്ടു വർഷത്തെ സന്ദർശനം പൂർത്തിയാക്കി പാത്രിയർക്കീസ് സ്വദേശത്തേക്ക് മടങ്ങി.

പുലിക്കോട്ടിൽ ദിവന്നാസ്യോസ് തിരുമേനിയും മാർ യൂലിയോസും

പാത്രിയർക്കീസ് ബാവാ തിരിച്ചെഴുന്നെള്ളുന്നതിന് മുമ്പായി പുതിയ മെത്രാന്മാർ ഒരുമിച്ച് നാൽപത് ദിവസങ്ങളോളം പ്രത്യേകം നോമ്പെടുത്തു പ്രാർത്ഥനയോടും ഉപവാസത്തോടുംകൂടി കഴിച്ചുകൂട്ടണമെന്നുള്ള തീരുമാനമനുസരിച്ച് എല്ലാവരും വെട്ടിക്കൽ ദയറായിൽ ഒരുമിച്ച് കൂടി. ഇക്കാലയളവിൽ പുലിക്കോട്ടിൽ തിരുമേനി വെട്ടിക്കൽ ദയറായിൽ എത്തുകയും തുടർന്നുള്ള മലങ്കരസഭാഭരണം എങ്ങനെയായിരിക്കണം എന്നുള്ളതിനെപ്പറ്റി നവമെത്രാന്മാരുമായി ആലോചിച്ച് ധാരണയിലെത്തുകയും പരുമലയിൽ വീണ്ടും കൂടാമെന്ന് തീരുമാനിക്കുകയും ചെയ്തതിനു ശേഷം മെത്രാന്മാർ ഓരോരുത്തരും അവരവർക്കായി സ്താത്തിക്കോൻ ലഭിച്ചിരിക്കുന്ന ഇടവകകളിലേക്ക് പോയി ഭരണത്തിന്റെ ചുമതല എറ്റെടുത്തു.

ഭദ്രാസന ആസ്ഥാനങ്ങൾ ഇല്ലാതിരുന്നതിനാൽ മെത്രാന്മാർ എല്ലാവരും സ്വന്തം ഇടവകകളിൽ ആയിരുന്നു താമസിച്ചിരുന്നത്. തന്മൂലം എല്ലാവർക്കും പരുമലയിൽ എത്തുന്നതിനുള്ള ബുദ്ധിമുട്ട് കണക്കിലെടുത്ത് പരുമലയിൽ ചേരുവാനിരുന്ന മീറ്റിംഗ് കൊച്ചിയിൽ കൂടുന്നതിന് തീരുമാനിക്കുകയും മെത്രാന്മാരെ വിവരം അറിയിക്കുകയും ചെയ്തു. അതനുസരിച്ച് കടവിൽ തിരുമേനി ഒഴികെയുള്ളവർ കൊച്ചിയിൽ കൂടുകയും മലങ്കരയുടെ മുന്നോട്ടുള്ള പ്രയാണത്തിന് ആവശ്യമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. ഈ മീറ്റിംഗിൽ വെച്ച് കോട്ടയം സെമിനാരി കൈവശപ്പെടുന്നത് വരെ വടക്കുള്ള ശെമ്മാശന്മാരെ പഠിപ്പിക്കുന്നതിനായി തുമ്പമൺ ഇടവകയുടെ മാർ യൂലിയോസിനെ ചുമതലപ്പെടുത്തുകയും അതിനാവശ്യമായ ചിലവിലേക്ക് പിടിയരി പിരിക്കണമെന്നും തീരുമാനിച്ചു.

1878 മകരമാസം 1 ന് ഞായറാഴ്ച വെട്ടിക്കൽ ദയറാ പുതുക്കിപ്പണിയുവാൻ കല്ലിടണമെന്ന് നിശ്ചയിച്ചു. മലങ്കരമെത്രാൻ ഉൾപ്പെടെ

അഞ്ചു പേർ വെട്ടിക്കൽ ദയറായിൽ എത്തി. പ. പരുമല തിരുമേനി കല്ലിടൽ ശുശ്രൂഷ നിർവ്വഹിച്ചു. ഈ കൂദാശയിൽ മാർ യൂലിയോസ് സഹകാർമ്മികത്വം വഹിച്ചു. ഇവിടെ സമ്മേളിച്ച മെത്രാന്മാർ എല്ലാ പള്ളിക്കാരെയും വിളിച്ച് കൂട്ടി സുന്നഹദോസ് കൂടുന്നതിന് നിശ്ചയിക്കുകയും അതനുസരിച്ച് പുലിക്കോട്ടിൽ തിരുമേനി പള്ളികൾക്ക് കൽപന അയയ്ക്കുകയും അതനുസരിച്ച് 1878 കുംഭം 6 ന് പരുമല സെമിനാരിയിൽ കൂടുകയും തീരുമാനങ്ങൾ എടുത്ത് ആറു മെത്രാന്മാരും ഒപ്പു വെക്കുകയും ചെയ്തു. ഈ യോഗത്തിൽ വെച്ച് തെക്ക് കോട്ടയം മുതലുള്ള ശെമ്മാശന്മാരെ പരുമല സെമിനാരിയിൽ മാർ ഗ്രീഗോറിയോസ് പഠിപ്പിക്കുന്നതിനും വടക്ക് വെട്ടിക്കൽ ദയറായിൽ ശെമ്മാശന്മാരെ പഠിപ്പിക്കുന്നതിന് മാർ യൂലിയോസിനെ ചുമതലപ്പെടുത്തുകയും ചെയ്തു.

മുൻ നിശ്ചയപ്രകാരം മീനമാസം മെത്രാന്മാർ ആലുവായിൽ ഒരുമിച്ച് കൂടുകയും ഇവിടെ വെച്ച് ഭദ്രാസന പള്ളികളുടെ എണ്ണത്തിൽ ചില ക്രമീകരണങ്ങൾ നടത്തണമെന്നും മാർ യൂലിയോസിന് വടക്കൻ മേഖലയിൽ എതാനും പള്ളികൾ വിട്ടു കൊടുക്കണമെന്നും നിർദ്ദേശം വന്നു. എന്നാൽ ഇക്കാര്യങ്ങളെപ്പറ്റി അടുത്ത മേടമാസം 14 ന് നിശ്ചയിക്കാമെന്നുള്ള ആലോചനയിൽ മെത്രാന്മാർ പിരിയുകയും ചെയ്തു.

'.....പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് കൊച്ചിയിലും ബ്രിട്ടീഷിലുമുള്ള പള്ളികൾ അദ്ദേഹത്തിന് ഒഴിഞ്ഞുകൊടുക്കണമെന്നും കൊല്ലം ഇടവക ഭരിക്കുന്നതിന് പ്രയാസമെന്നും പാത്രിയർക്കീസ് ബാവാ കൽപിച്ച് തന്നതിനാൽ എതാനും നോക്കിക്കൊള്ളാമെന്നും മറ്റും വ്യസനകരമായി അദ്ദേഹവും തുമ്പോൻ മുതലായ പള്ളികളുടെ മാർ യൂലിയോസ് മെത്രാപ്പോലീത്താ വടക്കേ ദിക്കിൽ എവിടെ എങ്കിലും എതാനും പള്ളികൾ വിട്ടുതരണമെന്നും പറഞ്ഞു. അങ്ങനെ ഒക്കെ ആവാമെന്നും മറ്റും ഞങ്ങൾ എല്ലാവരും തമ്മിൽ പറഞ്ഞു ഏതാനും പള്ളികൾ മാറ്റി നിശ്ചയിച്ച് എഴുതി എങ്കിലും മാറ്റുന്നതിൽ വച്ച് പിതാവിന്റെ കൽപനയ്ക്ക് വിഘ്നമോ നമുക്ക് കാര്യദോഷമോ ഉണ്ടോ എന്ന് ആലോചിച്ചതിന് മേൽ ആയിക്കോള്ളാമെന്നും ഇക്കാര്യങ്ങളും അന്യായക്കാര്യത്തേപ്പറ്റി വേണ്ടി വരുന്ന ചിലവിനേക്കുറിച്ചും പുതുപ്പള്ളിയിൽ അടുത്ത മേടമാസം 14ാം തീയതി എല്ലാ പള്ളിക്കാരെയും കമ്മറ്റിക്കാരെയും വിളിച്ചുകൂട്ടി നിശ്ചയിച്ചു കൊള്ളാമെന്നും പള്ളിക്കാർക്ക് അതാത് മെത്രാന്മാർ അവരവരുടെ ഇടവകയ്ക്കും കമ്മട്ടിക്കാർക്ക് പ്രസിഡന്റ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായും കൽപനകൾ അയക്കത്തക്കവണ്ണം നിശ്ചയിച്ച്

ആലുവായിൽ നിന്ന് മെത്രാന്മാർ ഏഴു പേരും പിരിയുകയും ചെയ്തു.....' (കണ്ടനാട് ഗ്രന്ഥവരി പു. 436)

മേൽപ്രകാരം എല്ലാവരും പുതുപ്പള്ളിയിൽ എത്തുകയും മെത്രാന്മാർ തമ്മിൽ ആലോചിച്ചതിൽ പിതാവിന്റെ കൽപന കൂടാതെ പള്ളികൾ മാറുന്നത് ശരി അല്ലെന്നും അതിനാൽ അക്കാര്യം പരിഗണിക്കേണ്ടതില്ലെന്നും തീരുമാനിച്ചു. അധികം വൈകാതെ തന്നെ മാർ യൂലിയോസ് ഭദ്രാസനഭരണം ഒഴിയുകയും പാമ്പാക്കുടയിലേക്ക് താമസം മാറ്റുകയും അവിടെ ഒരു പ്രസ് സ്ഥാപിച്ച് തന്റെ ശ്രദ്ധ അച്ചടിയിലേക്ക് കേന്ദ്രീകരിക്കുകയും ചെയ്തു. ഇവിടെ നിന്നും പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ മാർ യൂലിയോസ്, മാർ ദിവന്നാസ്യോസിന് അയച്ച് കൊടുക്കുകയും ദിവന്നാസ്യോസ് പള്ളികൾ സന്ദർശിക്കുന്ന അവസരങ്ങളിൽ ഇവ വിൽപന നടത്തുകയും അതിന്റെ തുക മാർ യൂലിയോസിന് എത്തിക്കുകയും ചെയ്തിരുന്നു. സഭാതലവൻ എന്ന നിലയിൽ പുലിക്കോട്ടിൽ തിരുമേനി വിളിച്ചുചേർത്ത എല്ലാ മീറ്റിംഗുകളിലും മാർ യൂലിയോസ് പങ്കെടുക്കുകയും തന്റെ സഹായ സഹകരണങ്ങൾ നൽകുകയും ചെയ്തിരുന്നു.

തുമ്പമൺ ഭദ്രാസന ഭരണം

തുമ്പമൺ മർത്തമറിയം പള്ളിയും ചുറ്റുമുള്ള 21 പള്ളികളും അടങ്ങുന്ന ഭദ്രാസന ഭരണത്തിന്റെ സ്ഥാത്തിക്കോൻ ആണ് മാർ യൂലിയോസിന് ലഭിച്ചത്. ദീർഘകാലമായി ഏക മെത്രാപ്പോലീത്തായുടെ കീഴിൽ നിലനിന്നിരുന്ന ഭരണം ഭദ്രാസനമായി പുനർക്രമീകരിക്കുക അത്ര എളുപ്പമല്ലായിരുന്നു. എങ്കിൽ തന്നെയും മാർ യൂലിയോസ് തുമ്പമണ്ണിലേക്ക് എഴുന്നള്ളുകയും പല പള്ളികളും സന്ദർശിക്കുകയും ചെയ്തിരുന്നു. പാത്രിയർക്കീസ് വാഴിച്ച മെത്രാന്മാരുടെ പ്രധാന ദൗത്യം റിശീസാ പിരിച്ച് നല്കുക എന്നതായിരുന്നു. മാർ യൂലിയോസ് അത് ഭംഗിയായി നിർവ്വഹിച്ചിരുന്നു എന്ന് അദ്ദേഹത്തിന്റെ സന്തതസഹചാരിയും സഹോദര പുത്രനുമായ കോനാട്ട് മാത്തൻ മൽപാൻ തന്റെ ഡയറിക്കുറിപ്പിൽ രേഖപ്പെടുത്തിരിക്കുന്നു.

ഇന്ന് പല പുസ്തകങ്ങളിലും രേഖപ്പെടുത്തിരിക്കുന്നത് പോലെ 'ജനങ്ങൾ സ്വീകരിക്കാത്തത് കൊണ്ട് ഭദ്രാസനഭരണം കിട്ടിയില്ല" എന്ന പ്രസ്താവന പൂർണ്ണമായും ശരിയല്ല. മലങ്കരസഭയുടെ അന്നത്തെ സാഹചര്യവും മെത്രാൻഭരണരീതിയും ഇന്നിൽ നിന്നും തികച്ചും വ്യത്യസ്തമായിരുന്നു. അക്കാലത്ത് തന്നിൽ നിക്ഷിപ്തമായിരുന്ന കർത്തവ്യം അദ്ദേഹം വിജയകരമായി നിർവ്വഹിച്ചിരുന്നു എന്ന് സമകാലീനരേഖകളിൽ നിന്ന് നമുക്ക് മനസിലാക്കാൻ സാധിക്കുന്നതാണ്. പാത്രിയർക്കീസ് മടങ്ങിപ്പോയതിനു ശേഷം മാർ യൂലിയോസിനൊപ്പം മാത്തൻ മൽപാൻ തുമ്പമൺ, കൈപ്പട്ടൂർ, ഓമല്ലൂർ, മാക്കാംകുന്ന്, കോഴഞ്ചേരി എന്നീ പള്ളികൾ സന്ദർശിച്ചതായും ഒരിക്കൽ തുമ്പമണ്ണിൽ വളരെ നാൾ താമസിച്ചതായും തന്റെ ഡയറിക്കുറുപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് കൂടാതെ പ. പാത്രിയർക്കീസ് തിരിച്ചെഴുന്നള്ളിയതിന് ശേഷം അയച്ച ഒരു കത്തിന് മറുപടിയായി കോട്ടയം ഇടവകയുടെ മാർ അത്തനാസ്യോസ്, നിരണം ഇടവകയുടെ മാർ ഗ്രീഗോറിയോസ്, കൊച്ചി ഇടവകയുടെ മാർ ദിവന്നാസ്യോസ് എന്നിവർ ഒരുമിച്ച് എഴുതി അയച്ച കത്തിലും ഇക്കാര്യം പ്രസ്താവിക്കുന്നുണ്ട്.

"...കോട്ടയത്തിന്റെ അത്തനാസ്യോസ് മെത്രാപ്പോലീത്തായും നിര ണത്തിന്റെ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായും വെട്ടിക്കൽ ദയ റായിൽ താമസിച്ച് കല്ലച്ച് മുതലായതുകൊണ്ട് പുസ്തകങ്ങൾ അച്ച ടിക്കുന്നതിന് താൽപര്യപ്പെട്ടു വരുന്നു. അങ്കമാലിയുടെ കൂറിലോസ് മെത്രാപ്പോലീത്താ ആലുവായിൽ താമസിച്ച് അവിടെ ഒരു പള്ളിയും സെമിനാരിയും മുതലായതും പണിയിക്കുന്നതിന് താൽപര്യപ്പെട്ടു വരു ന്നു. ശേഷം മെത്രാന്മാർ അവരവരുടെ ഇടവകയിൽ സഞ്ചരിച്ചുവരു ന്നു" (കണ്ടനാട് ഗ്രന്ഥവരി പു.413)

മാർ യൂലിയോസിന്റെ ഭരണം അധികകാലം നീണ്ടിരുന്നില്ല എന്ന ത് ശരിയാണ് തന്റെ ആരോഗ്യസ്ഥിതി മോശമായിരുന്നതിനാൽ അദ്ദേ ഹം പാമ്പാക്കുടയിലേക്ക് മടങ്ങി എന്ന് മാത്തൻ മൽപാൻ തന്റെ ഡ യറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കാലഘട്ടത്തിനോട് ചേർന്ന് ചിന്തിക്കുമ്പോൾ മനസിലാകുന്ന സംഗതി മാർ യൂലിയോസിന് തു മ്പമൺ ഭദ്രാസന ചുമതല ലഭിച്ച അവസരത്തിൽ തെക്കൻ മേഖലയിൽ പാലക്കുന്നത്ത് മാർ അത്തനാസ്യോസ് ഒരു പ്രബലശക്തിയായിരുന്നു. അതിനാൽതന്നെ പല പള്ളികളിലും അത്തനാസ്യോസിന്റെ സ്വാധീനം ഉായിരുന്നു. കൂടാതെ മിക്ക പള്ളികളിലും രണ്ടു കക്ഷികളും ഉണ്ടായി രുന്നു. അതിനാൽ തന്റെ മോശം ആരോഗ്യാവസ്ഥയിൽ ഇവിടെ പ്രവർ ത്തിക്കുന്നത് ദുഷ്കരമായിരുന്നു. അത് മാത്രമല്ല പുലിക്കോട്ടിൽ തിരു മേനി, തന്റെ ശിഷ്യനായ പരുമല തിരുമേനി എന്നിവർ പ്രധാനമായും തെക്കൻമേഖല കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്നതിനാൽ തന്റെ അസാ ന്നിധ്യത്തിലും തുമ്പമൺ ഭദ്രാസനം ഭരണം മുടക്കം കൂടാതെ നടന്നു കൊള്ളും എന്നും അദ്ദേഹം കരുതിയിരിക്കണം. ഇതിനെല്ലാം ഉപരിയാ യി സുറിയാനി ഭാഷയോടും അച്ചടിയോടും ഉള്ള തന്റെ അടങ്ങാത്ത സ്നേഹം ഭദ്രാസനഭരണത്തിന് ഒരു തടസമായിരുന്നു. ഇതെല്ലാമായിരി ക്കണം ഭദ്രാസനഭരണം ഒഴിഞ്ഞു പാമ്പാക്കുടയിലേക്ക് മടങ്ങാൻ അദ്ദേ ഹത്തെ പ്രേരിപ്പിച്ചത്.

"....തുമ്പമൺ മുതലായ പള്ളികളുടെ ബഹു. മാർ യൂലിയോസ് എന്ന കോനാട്ട് മെത്രാച്ചൻ സുറിയാനി പുസ്തകങ്ങൾ അച്ചടിപ്പിക്ക ണമെന്ന നിശ്ചയിച്ച് ഒരു പ്രസും സുറിയാനി അക്ഷരങ്ങളും പാമ്പാ ക്കുടയിൽ സ്ഥാപിച്ചു അച്ചടി കറേശ്ശെ തുടങ്ങിയിരിക്കുന്നു. അച്ചു കൂടത്തിനു കേരളദീപം പ്രസ് എന്ന് പേർ. ആദ്യം അച്ചടിച്ചത് 1881 ൽ സുറിയാനിയിൽ അമ്പതു നോമ്പിലെ നമസ്ക്കാരവും ഏവൻഗേലി വാ യനയുടെ കുറിപ്പുകളും പിന്നീട് ശവം അടക്ക്, ഉപ്രുശ്മാ, വീട്ടു റൂശ്മാ മുതലായ പല ക്രമങ്ങളും കൂടിയതും ആയിരുന്നു...."

(ഇടവഴിക്കൽ ഡയറിയിൽ നിന്നും)

പരിശുദ്ധ പരുമല തിരുമേനിയും മാർ യൂലിയോസും

മുളന്തുരുത്തി ഇടവകാംഗവും മാതൃകാപുരോഹിതനും സുപ്രസിദ്ധ മൽപാനുമായിരുന്നു പള്ളത്തട്ട ഗീവർഗീസ് മൽപാൻ. അദ്ദേഹത്തിന്റെ സഹോദര പുത്രനായിരുന്നു ചാത്തുരുത്തിൽ ഗീവർഗീസ്. തന്റെ സഹോദരപുത്രനിൽ ബാല്യം മുതൽ തിളങ്ങി നിന്ന ഭക്തി ജീവിതം മനസിലാക്കിയ ഗീവർഗീസ് മൽപാൻ തന്റെ പാണ്ഡിത്യം മുഴുവൻ ബാലനായ ഗീവർഗീസിന് പകർന്ന് നൽകി. സുറിയാനി ഭാഷാപണ്ഡിത്യം, വിശ്വാസത്തേക്കുറിച്ചുള്ള പരിജ്ഞാനം, ഭക്തിജീവിതം മുതലായവ കൊച്ചു ഗീവർഗീസ് തന്റെ പിതൃസഹോദരനിൽ നിന്ന് സ്വായത്തമാക്കി.

ഗീവർഗീസ് ശെമ്മാശുപട്ടം ഏറ്റ് അധികം താമസിയാതെ കൊച്ചച്ചനായ ഗീവർഗീസ് മൽപാന് മാരകമായ മസൂരി രോഗം പിടിപെട്ടു. അദ്ദേഹം 1864 ൽ നിര്യാതനായി. അവസാനനിമിഷം വരെ അദ്ദേഹത്തെ ഗീവർഗീസ് ശെമ്മാശൻ ശുശ്രൂഷിച്ചു. അധികം വൈകാതെ തന്നെ ശെമ്മാശനും അസുഖം പിടിപെട്ടെങ്കിലും ദൈവകൃപയാൽ ശെമ്മാശന് സൗഖ്യം ലഭിച്ചു.

മൽപാനച്ചന്റെ മരണശേഷം സുറിയാനിപഠനവും ദൈവശാസ്ത്രപഠനവും തുടർന്നു നിർവ്വഹിച്ചത് സുപ്രസിദ്ധ കോനാട്ട് സെമിനാരിയിൽ ആയിരുന്നു. ഓരോ തലമുറയിലും പ്രഗത്ഭന്മാരായ മൽപാന്മാരുടെ ജന്മംകൊണ്ട് അനുഗ്രഹീതമായിരുന്ന സുപ്രസിദ്ധ കോനാട്ട് കുടുംബം സാമ്പത്തിക മേന്മകൊണ്ട് ഉച്ചസ്ഥാനത്തായിരുന്നതു പോലെ വൈദിക മാഹാത്മ്യം മൂലം വടക്കൻ പ്രദേശത്തെ വൈദികരുടെ എല്ലാം അഭ്യസന കേന്ദ്രവുമായിരുന്നു. ചാത്തുരുത്തിയിലെ കൊച്ചു ശെമ്മാശൻ വൈദിക വിദ്യാഭ്യാസത്തിന് പാമ്പാക്കുടയിലെത്തിയ കാലത്ത് അവിടുത്തെ മൽപാൻ കോനാട്ട് ഗീവർഗീസ് മൽപാൻ ആയിരുന്നു. പാമ്പാക്കുടയിൽ ഗുരുകുല വിദ്യാഭ്യാസ രീതിയായിരുന്നു

എങ്കിലും ഗീവർഗീസ് മൽപാൻ സമ്മതം നൽകിയതിനെത്തുടർന്ന് തന്റെ സഹോദരിയുടെ ഭവനമായ നെടുമ്പാമ്പാക്കുട വീട്ടിൽ നിന്നാണ് ഗീവർഗീസ് ശെമ്മാശൻ പഠനം നടത്തിയിരുന്നത്.

വിജ്ഞാനദാഹിയായിരുന്ന ഗീവർഗീസ് ശെമ്മാശന് കോനാട്ടെ വിപുലവും അമൂല്യവുമായ ഗ്രന്ഥശേഖരം മഹത്തരവും ആകർഷണീയവുമായി തോന്നി. കൂടാതെ ദൈവശാസ്ത്രസംബന്ധിയായതോ കാനോനികമായതോ സുറിയാനിഭാഷയെ സംബന്ധിച്ചതോ മതാചാരാനുഷ്ഠാനസംബന്ധമായോ ഏതു സംശയങ്ങളും ആധികാരികതയോടെ സംശയനിവർത്തി വരുത്തുവാൻ കോനാട്ട് മൽപാന്റെ സാന്നിധ്യം ഗീവർഗീസ് ശെമ്മാശന് സഹായകമായി. കോനാട്ട് ഒരു വർഷത്തെ പഠനം തുടർന്ന ഗീവർഗീസ് വൈകാതെ തന്നെ അച്ചനായി പട്ടമേറ്റു.

ഗുരുഭക്തിയിൽ പൂർണ്ണനായിരുന്ന ഗീവർഗീസ് ശെമ്മാശൻ അതിസുന്ദരമായ സുറിയാനി കൈപ്പടയിൽ ഒരു ഏവർഗേല്യോൻ പുസ്തകം പകർത്തിയെഴുതി തന്റെ ഗുരുവിനോടുള്ള ബഹുമാനാർത്ഥം ഗുരുവിന്റെ പിൻഗാമിയായ കോനാട്ട് മാത്തൻ മല്പാന് സമർപ്പിക്കുകയുണ്ടായി. അത് കൂടാതെ പ പരുമല തിരുമേനി വിശുദ്ധനാടുകൾ സന്ദർശിച്ച് തിരികെയെത്തിയപ്പോൾ കൊ് വന്ന അമൂല്യങ്ങളായ തിരുശേഷിപ്പുകൾ തന്റെ ഗുരുവിനോടുള്ള ബഹുമാനാർത്ഥം പാമ്പാക്കുട പള്ളിക്ക് നല്കുകയും അവ പള്ളിത്താഴത്തുള്ള കുരിശടിയിൽ സ്ഥാപിക്കുകയും ചെയ്തു. പ. പത്രോസ് പാത്രിയർക്കീസ് ബാവാ മെത്രാപ്പോലീത്തന്മാരായി വാഴിച്ചതിൽ എറ്റവും പ്രായം കുറഞ്ഞത് പ. പരുമല തിരുമേനിയും ഏറ്റവും പ്രായം കൂടിയത് കോനാട്ട് മാർ യൂലിയോസ് തിരുമേനിയും ആയിരുന്നു.

അന്ത്യദിനങ്ങൾ

തുമ്പമൺ ഭദ്രാസനഭരണം ഒഴിഞ്ഞ മാർ യൂലിയോസ് സ്വന്തം ഇടവകയായ പാമ്പാക്കുട പള്ളിയിലേക്ക് താമസം മാറ്റി. പാമ്പാക്കുടയിൽ താമസമാരംഭിച്ച മാർ യൂലിയോസ് അച്ചടിയിലും പുസ്തക പ്രസിദ്ധീകരണത്തിലും തന്റെ ശ്രദ്ധ കേന്ദ്രീകരിച്ചു. അദ്ദേഹം സ്വന്ത ചിലവിൽ ഒരു അച്ചുകൂടം സ്ഥാപിക്കുകയും അവിടെ അച്ചടി ആരംഭിച്ചു. സുറിയാനിയിലും മലയാളത്തിലുമായായിരുന്നു അച്ചടി നടത്തിയിരുന്നത്.

".....തുമ്പോൻ ഇടവകയുടെ മാർ യൂലിയോസ് മെത്രാപ്പോലീത്താ തുമ്പോൻ മുതലായ പള്ളികൾ ഭരിക്കുന്നതിന് പ്രയാസമെന്നും മറ്റും പറഞ്ഞ് അദ്ദേഹത്തിന്റെ സ്വന്തം ഇടവക ആകുന്ന പാമ്പാക്കുട പള്ളിയിൽ വന്നിരുന്ന് സ്വന്ത ചിലവിന്മേൽ ഒരച്ചുകൂടം ഉണ്ടാക്കി സുറിയാനിയും മലയാളവും അച്ചടിച്ച് തുടങ്ങി. സുറിയാനിയിൽ അമ്പത് നോമ്പിലെ നമസ്ക്കാരവും ആണ്ടുതോറും പള്ളികളിൽ വായിപ്പാനുള്ള ഏവൻഗേലിയോന്റെ കുറിപ്പും ആയിട്ടും ഇപ്രകാരം രണ്ടു വക പുസ്തകങ്ങൾ അച്ചടിച്ച് തീർത്ത് നോമ്പിലെ നമസ്ക്കാര പുസ്തകത്തിന് ഒരു രൂപാ വിലയും കുറിപ്പിന് 4 ചക്രം വിലയുമായി നിശ്ചയിച്ചു. അദ്ദേഹത്തിന്റെ സാധനത്തോടു കൂടി എല്ലാ പള്ളികളിലേക്കും 1055 മാണ്ട് തുലാമാസത്തിൽ അയച്ചിരിക്കുന്നു. പള്ളിക്കാരും പട്ടക്കാരും ആയതിനെ വാങ്ങി വരുന്നു. ഇനി ശുബഹായും മെനഓലവും കൂടി ശ്ഹീമ്മായുടെ നമസ്ക്കാര പുസ്തകം അടിപ്പാൻ തുടങ്ങുന്ന പ്രകാരം കേട്ടു. ആയതും പിന്നീട് വേണ്ടപ്പെടുന്ന പുസ്തകങ്ങൾ അയച്ച് വരുത്തുമെന്നും തോന്നുന്നു....."

(കണ്ടനാട് ഗ്രന്ഥവരി പു.444)

പാമ്പാക്കുട പ്രസിന്റെയും അച്ചടിയുടെയും പ്രവർത്തനങ്ങളുമായി കഴിഞ്ഞ മാർ യൂലിയോസ് 56-ാം വയസിൽ 1885 മാർച്ച് 21 ന് കാലം ചെയ്തു. അനേകം പട്ടക്കാരുടെയും വിശ്വാസികളുടേയും

സാന്നിദ്ധ്യത്തിൽ തന്റെ ഇടവക പള്ളിയായ പാമ്പാക്കുട സെന്റ് ജോൺസ് പള്ളിയിൽ കബറടക്കി. മെത്രാനായി കേവലം ഏഴു വർഷത്തോളം ജീവിച്ച അദ്ദേഹം മലങ്കരസഭയിൽ പുസ്തകങ്ങൾ ഉപയോഗിച്ച് ക്രമീകൃതമായ ഒരു ആരാധനാ രീതി രൂപപ്പെടുത്തിയെടുക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിച്ചു.

ഭാഗം 2

മലങ്കരയിലെ അന്ത്യോഖ്യൻ ആരാധനാക്രമവും മാർ യൂലിയോസും

പി. തോമസ്, പിറവം

മലങ്കരനസ്രാണിചരിത്രത്തിൽ ഉണ്ടായിട്ടുള്ള വിദേശബന്ധങ്ങളെല്ലാം നസ്രാണികളുടെയിടയിൽ ഭിന്നിപ്പിനും വിഭജനത്തിനും ഇടയാക്കിയിട്ടുണ്ട്. മലങ്കരയിൽ ഇന്നുള്ള സഭാവിഭാഗങ്ങളെല്ലാംതന്നെ ഓരോ വിദേശസമ്പർക്കത്തിൽനിന്ന് ഉരുത്തിരിഞ്ഞവയാണ്. ആദിമസഭയുടെ ചരിത്രം നോക്കിയാൽ സഭാഭിന്നതകൾക്കു കാരണം വിശ്വാസപ്രമാണങ്ങളെക്കാൾ രാഷ്ട്രീയ സാമ്രാജ്യതാല്പര്യങ്ങളാണെന്നു കാണാം. പ്രാമുഖ്യമുള്ള പ്രദേശങ്ങളിലെ സഭകൾ ഇതരസഭകളെ കീഴ്പ്പെടുത്തുവാനും കോളനിയാക്കുവാനുംശ്രമിച്ചതിന്റെഫലമായാണ് പല സഭകളിലും ഭിന്നത ഉണ്ടായത്. കേരളവുമായി സമ്പർത്തിലേർപ്പെട്ട പോർട്ടുഗീസ് ആങ്ഗ്ലിക്കൻ അന്ത്യോഖ്യൻസഭകൾ ഇവിടെ തങ്ങളുടെ സഭാകോളനികൾ സ്ഥാപിക്കുന്നതിൽ വിജയിച്ചു. 1653-ലെ കൂനൻ കുരിശുസത്യത്തിനു ശേഷംമാത്രം രംഗത്തു വന്ന അന്ത്യോഖ്യൻസഭയുടെ പാരമ്പര്യങ്ങൾ മലങ്കരസഭയിൽ ശക്തമായി പ്രാബല്യത്തിൽ വന്ന കാലഘട്ടത്തിൽ അതിൽ പങ്കാളിയായവരിൽ ഒരു പ്രമുഖനാണ് കോനാട്ടു ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ (1829-1885 മാർച്ച് 21).

ആരാധനക്രമം, കൂദാശാനുഷ്ഠാനം, വൈദികവേഷം, സഭാപഞ്ചാംഗം, സഭാഭരണവ്യവസ്ഥ, വേദശാസ്ത്രം ഇത്യാദി പാരമ്പര്യങ്ങൾക്ക് അലക്സാന്ത്രിയൻസഭ, ഗ്രീക്ക്, പാശ്ചാത്യ പൗരസ്ത്യ ഓർത്തഡോക്സ് സഭകൾ, പേർഷ്യൻസഭ ഇവകളുടെ രീതികളും റോമൻ ലത്തീൻരീതിയുമായി വ്യത്യാസമുണ്ട്. ഇക്കാര്യങ്ങൾ വേണ്ടവിധം മനസ്സിലാക്കാതെ തങ്ങൾ പരിചയിച്ച ലത്തീൻരീതി മാത്രമാണ് യഥാർത്ഥ ക്രൈസ്തവപാരമ്പര്യമെന്ന് പോർട്ടുഗീസ് മതാധികാരികൾ കരുതിയിരുന്നു. കേരളത്തിൽ അധികാരം നേടിയ അവർ അത് തന്ത്രങ്ങളിലൂടെയും ബലപ്രയോഗങ്ങളിലൂടെയും മലങ്കരസഭയിൽ നടപ്പാക്കാൻ ശ്രമിക്കുകയും ഉദയംപേരൂർസുന്നഹദോസിലൂടെ അതിൽ വിജയിക്കുകയും ചെയ്തു; എതിർപ്പുകൾ നീറിപ്പുകഞ്ഞിരുന്നെങ്കിലും. 1653-ലെ

കൂനൻ കുരിശുസത്യത്തിലൂടെ മലങ്കരസഭ അവരുടെ കൂച്ചുവിലങ്ങിൽ നിന്ന് പുറത്തുവന്നു. സുറിയാനിമേല്പട്ടക്കാരെ ലഭിക്കുന്നതിനുള്ള ശ്രമങ്ങളാണ് പിന്നീടുണ്ടായത്.

മലങ്കരയിൽ എത്തിയ ആദ്യത്തെ പാശ്ചാത്യസുറിയാനി മേൽപ്പട്ടക്കാരൻ 1665-ൽ വന്ന യെറുശലേമിലെ സുറിയാനിപാത്രിയർക്കീസായ മാർ ഗ്രീഗോറിയോസ് അബ്ദൽ ജലീലാണ്. ഇദ്ദേഹം മലങ്കരസഭയിൽ പാശ്ചാത്യ സുറിയാനി വിശ്വാസാചാരങ്ങളും ആരാധനരീതികളും നടപ്പിലാക്കാൻ ശ്രമിച്ചു. പോർട്ടുഗീസുകാരുടെ വരവിനു മുമ്പുള്ള നൂറ്റാണ്ടുകളിൽ മലങ്കരയിൽ ഉപയോഗിച്ചിരുന്ന കൽദായക്രമങ്ങൾക്കു പകരം ലത്തീൻക്രമങ്ങളെ പ്രതിഷ്ഠിക്കുവാനുള്ള പോർട്ടുഗീസുകാരുടെ ശ്രമങ്ങൾ ജനങ്ങളുടെ എതിർപ്പിനാൽ അന്നു പരാജയപ്പെട്ടു. അതിനാൽ അവർ ലത്തീൻക്രമങ്ങൾ പൗരസ്ത്യ സുറിയാനിയിലേക്കു മാറ്റി ഉദയംപേരൂർ സുന്നഹദോസിലൂടെ ഇവിടെ നടപ്പിലാക്കി. അര നൂറ്റാണ്ടിലധികം തങ്ങൾ കണ്ടും കേട്ടും പരിചയിച്ച ലത്തീനീകരിച്ച കൽദായക്രമങ്ങൾ മാറ്റി പാശ്ചാത്യ സുറിയാനിക്രമങ്ങൾ നടപ്പിലാക്കുവാൻ മാർ ഗ്രീഗോറിയോസ് അബ്ദൽ ജലീൽ ശ്രമിച്ചപ്പോൾ സ്വീകരിക്കുവാൻ യഥാസ്ഥിതികരായ ജനങ്ങൾ വിമുഖരായിരുന്നു. പേർഷ്യൻസഭയുടേതുമായി പാശ്ചാത്യ സുറിയാനിക്രമത്തിനുള്ള സാദൃശ്യവും, പൊതുവായ സുറിയാനിപാരമ്പര്യവും അദ്ദേഹത്തെ ഇതിൽ വളരെ കുറച്ചേ സഹായിച്ചുള്ളൂ. അദ്ദേഹം നിർദ്ദേശിച്ച മാറ്റങ്ങൾ പൂർണ്ണമായി നടപ്പിലാക്കാൻ സാധിച്ചില്ല. കുർബ്ബാനയിൽ പഴയപടി പുളിപ്പുള്ള അപ്പം ഉപയോഗിക്കുന്നതിലേക്കു തിരികെ പോകുന്നതിൽ മാത്രമാണ് അദ്ദേഹം വിജയിച്ചത്. തുടർന്നുള്ള കാലത്ത് ലത്തീനിൽ നിന്നുള്ള കൽദായക്രമങ്ങളും പാശ്ചാത്യസുറിയാനിക്രമങ്ങളും ഒക്കെ കലർന്ന ഒരു കുഴഞ്ഞ സ്ഥിതിയായിരുന്നു നമ്മുടേത്.

ഈയവസ്ഥയിലേക്കാണ് 1685-ൽ മാർ ഈവാനിയോസ് ഹദിയള്ള അഥവാ ഹിദായത്തുള്ള വന്നെത്തിയത്. പോർട്ടുഗീസ് കോളനിവാഴ്ചക്കെതിരേ ഇന്ത്യൻമണ്ണിൽ നടന്ന ആദ്യ സ്വാതന്ത്ര്യസമരമായ 1653-ലെ കൂനൻകുരിശുസത്യത്തിനു ശേഷം ആദ്യം മലങ്കരയിലെത്തിയ ഏറ്റവും മികച്ച പണ്ഡിതനായ പാശ്ചാത്യ സുറിയാനി മേല്പട്ടക്കാരനാണ് മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിൽ കബറടക്കപ്പെട്ട മാർ ഈവാനിയോസ്. പോർട്ടുഗീസുകാരുടെ മതാധിനിവേശം മൂലം കേരളത്തിൽ വേരുറച്ച റോമൻകത്തോലിക്കാസഭയുടെ അടിമത്തത്തിൽനിന്ന് സ്വതന്ത്രമായ മലങ്കരസഭയുടെ നിലനിൽപ്പിന് അത്യന്ത്യാപേക്ഷിതമായ പട്ടത്വവും വിശ്വാസാചാരങ്ങളും ഉറപ്പിക്കുന്നതിൽ മാർ ഈവാനിയോസ് ഏറെ പരിശ്രമിച്ചു. പോർട്ടുഗീസുകാരുടെ വരവു വരെ നെസ്തോറിയൻപാരമ്പര്യവും തുടർന്ന് റോമൻകത്തോലിക്കാപാരമ്പര്യവും

പിന്തുടർന്നിരുന്ന മലങ്കരസഭയ്ക്ക് കൽക്കിദോൻ ഇതര പാരമ്പര്യം പരിചയപ്പെടുത്തിയതും അംഗീകരിപ്പിച്ചതും മാർ ഈവാനിയോസ് ഹദിയള്ളയാണ്. അദ്ദേഹത്തിന്റെ ഒമ്പതു വർഷത്തെ പ്രവർത്തനം സുറിയാനിപാരമ്പര്യവും ഓർത്തഡോക്സ് വിശ്വാസവും മലങ്കരയിൽ പുനഃസ്ഥാപിക്കുന്നതിന് സഹായകമായി.

പാശ്ചാത്യസുറിയാനിസഭയിൽനിന്ന് മലങ്കരയിലെത്തിയ മേല്പട്ടക്കാരുടെ സംബന്ധത്തിലൂടെ പതിയെപ്പതിയെയാണ് അന്ത്യോഖ്യൻപാരമ്പര്യങ്ങൾ ഇവിടെ വേരുറച്ചത്. അന്ത്യോഖ്യൻമേല്പട്ടക്കാരിൽനിന്ന് പരിശീലനം നേടിയ മല്പാന്മാരിലൂടെ പാശ്ചാത്യസുറിയാനി ആരാധനക്രമങ്ങൾ ക്രമേണ മലങ്കരയിൽ ഉപയോഗത്തിലായി. അപ്പോഴും പഴയ പൗരസ്ത്യസുറിയാനിക്രമങ്ങളും പാശ്ചാത്യ സുറിയാനിആരാധനാക്രമങ്ങളും ഇടകലർന്നുള്ള ഒരു സമ്പ്രദായമായിരുന്നു നിലവിലുണ്ടായിരുന്നത്. മലങ്കരയിൽ മല്പാൻപാഠശാലകളിലൂടെ വൈദികപരിശീലനം നേടിയ വൈദികർ അന്ത്യോഖ്യൻരീതികളുടെ പ്രയോക്താക്കളായി. മല്പാൻ പാഠശാലകളിൽ വടക്കൻപ്രദേശത്തെ പ്രമുഖമായിരുന്നു കോനാട്ടു മല്പാന്മാരുടേത്.

കോനാട്ടു മല്പാന്മാർ

മാമ്മലശേരി ആസ്ഥാനമായിരുന്ന കോനാട്ടു മല്പാൻഭവനം, കോനാട്ട് അബ്രഹാം മല്പാന്റെ കാലത്ത് പാമ്പാക്കുടയിലേക്കു മാറ്റപ്പെട്ടു. പ്രഗത്ഭനായിരുന്ന അബ്രഹാം മല്പാൻ കോട്ടയം സെമിനാരിയിലും പ്രവർത്തിച്ചിരുന്നു; സഭയുടെ നേതൃനിരയിൽ തിളങ്ങിയ വ്യക്തിയുമായിരുന്നു. 1820-ൽ പാശ്ചാത്യസുറിയാനിയിൽ നിന്ന് നമസ്കാരക്രമം, കുർബ്ബാനക്രമം മുതലാവയുടെ തർജ്ജമ മലയാളത്തിൽ തയ്യാറാക്കി. പിൻഗാമിയായ കോര യൂഹാനോൻ (ഉലഹന്നാൻ) മല്പാനും സഭയുടെ പൊതുവേദികളിൽ ശ്രദ്ധേയമായ സ്ഥാനമുണ്ടായിരുന്നു. അബ്രഹാം മല്പാന്റെ ആണ്ടുശ്രാദ്ധദിനത്തിൽ (1864 /1040 തുലാം 16) ഇദ്ദേഹത്തെ മലങ്കരമല്പാൻസ്ഥാനം നൽകി മോതിരമിടുവിച്ചത് യൂയാക്കീം മാർ കൂറീലോസ് ആയിരുന്നു. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാൻസ്ഥാനം പ്രാപിക്കുവാൻ പോയപ്പോൾ യൂഹാനോൻ മല്പാൻ ശുപാർശക്കത്തു തയ്യാറാക്കി കൊടുത്തിരുന്നു. താൻ മെത്രാൻസ്ഥാനമേറ്റു വന്നപ്പോൾ യോഹന്നാൻ മല്പാൻ വളരെ സഹായിച്ചതായി മാർ ദീവന്നാസ്യോസ് പിന്നീട് പ്രശംസാപത്രത്തിൽ എഴുതി. (എം. എൽ. 414, കോനാട്ട് ഗ്രന്ഥശാല) മല്പാന്റെ ശ്രാദ്ധത്തിന് പുലിക്കോട്ടിൽ തിരുമേനി പലപ്പോഴും പങ്കെടുത്തുവെന്നത് മല്പാനുമായിട്ടുണ്ടായിരുന്ന അടുപ്പത്തിന്റെ തെളിവാണ്. മല്പാന് എബ്രായഭാഷയും അറി

യാമായിരുന്നു. പുന്നത്ര ചാണ്ടപ്പിള്ള കത്തനാർക്കു പകരം വൈദിക ട്രസ്റ്റിയായി ഇദ്ദേഹത്തെ തെരഞ്ഞെടുത്തിരുന്നു. പാമ്പാക്കുടയിൽ സുറിയാനി പ്രസ് സ്ഥാപിക്കുവാൻ ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായ്ക്കു വേണ്ട സഹായങ്ങൾ നൽകി (മരണപത്രം. M.S. No.414). ഇവരുടെ പിൻഗാമികളാണ് ഗീവർഗീസ് (കുഞ്ഞുവർക്കി) കത്തനാർ (പിന്നീട് തുമ്പമണ്ണിന്റെ യൂലിയോസ് മെത്രാപ്പോലീത്ത) മല ങ്കരമല്പാൻ കോര മാത്തൻ കോറെപ്പിസ്കോപ്പ, അബ്രഹാം മല്പാൻ എന്നിവർ.

കോനാട്ട് ഗീവർഗീസ് (കുഞ്ഞുവർക്കി) കത്തനാർ

പാമ്പാക്കുട യൂഹാനോൻ മല്പാന്റെ അനന്തരവൻ ഗീവർഗീസ് (കുഞ്ഞുവർക്കി) കത്തനാരും (പിന്നീട് തുമ്പമണ്ണിന്റെ യൂലിയോസ് മെത്രാപ്പോലീത്ത) നവീകരണത്തിനെതിരേയുള്ള പോരാട്ടത്തിൽ പു ലിക്കോട്ടിൽ തിരുമേനിയുടെ ഉത്തമസഹായിയായിരുന്നു. യൂയാക്കീം മാർ കൂറീലോസിന്റെ വിലക്കുണ്ടായിട്ടും പുലിക്കോട്ടിൽ തിരുമേനി പട്ടമേറ്റു വന്നപ്പോൾ കത്തനാർ അദ്ദേഹത്തെ സന്ദർശിച്ചു.

പാമ്പാക്കുടയിൽ പള്ളിയോഗം

1868/1044 ചിങ്ങം 22-ന് പുലിക്കോട്ടിൽ ദീവന്നാസ്യോസിന്റെ ക ല്പനപ്രകാരം പാമ്പാക്കുടയിൽ പള്ളിയോഗം ചേർന്നു. സഭയിലുള്ള കലഹം സംബന്ധിച്ച് മദ്രാസ് ഗവണ്മെന്റിന് പരാതി കൊടുക്കുവാനും അതിനുള്ള ചെലവിലേക്ക് യഥാശക്തി പിരിവു കൊടുക്കുവാനും പ ാമ്പാക്കുടയിൽ ചേർന്ന പള്ളിയോഗം തീരുമാനിച്ചു. അതനുസരിച്ച് പ ുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മദ്രാസിനു യാത്ര തിരിച്ചു. അദ്ദേ ഹത്തിന്റെ കൂടെ കോനാട്ട് ഗീവർഗീസ് കത്തനാരും പാമ്പാക്കുട പാല പ്പിള്ളിൽ അബ്രഹാം കത്തനാരും പോയിരുന്നു. പക്ഷെ മദ്രാസിൽ നി ന്ന് അനുകൂലമായ ഉത്തരവൊന്നും ലഭിച്ചില്ല. പാലപ്പിള്ളിൽ അബ്രാഹം മല്പാൻ പുലിക്കോട്ടിൽ തിരുമേനിയുടെ കാലത്തെ ഒരു പണ്ഡിതനും സുറിയാനി-മലയാള നിഘണ്ടുകാരനും, (മാന്നാനം യൗ.പു. ആശ്രമ അച്ചുകൂടത്തിൽ നിന്ന് 1898-ൽ പ്രസിദ്ധപ്പെടുത്തിയത്) മാർതൊമ്മാച രിത്രം, (സൊബായുടെ മാർ ശെമഓൻ മെത്രാപ്പോലീത്തായുടെ നളാ ഗമത്തിൽ നിന്ന് തർജ്ജമ ചെയ്തതും പ്രാചീനചരിത്രങ്ങളിൽ നിന്ന് കൂട്ടിച്ചേർത്തതും, 1902) സുറിയാനിസമൂഹവ്യത്താന്തം (പാത്രിയർക്കീ സ് ബാവായുടെ കല്പനയാൽ പ്രസിദ്ധം ചെയ്ത, സുറിയാനി കൈ യെഴുത്തു ചരിത്രപുസ്തകത്തിന്റെ തർജ്ജമ, കൊച്ചി സെന്തോമസ് അച്ചുകൂടം, 1877) ഉപദേശസാരം (മാർത്തോമ്മാ അച്ചുകൂടം, കോട്ടയം,

1080/1905) എന്നീ പുസ്തകങ്ങളുടെ കർത്താവായ ചരിത്രകാരനും കോനാട്ട് മല്പാന്മാരുടെ ബന്ധുവും ആയിരുന്നു.

(കണ്ടനാട് ഗ്രന്ഥവരി, പു. 521)

1050 ഇടവം 28-ന് (1875 ജൂൺ 10 വ്യാഴം?) മാർ ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായും ഊർശ്ലേമിലെ മാർ ഗ്രീഗോറിയോസ് അബ്ദുള്ളയും ശെമ്മാശനും കൂടി കുന്നങ്കുളത്തു വന്നു. അവരെ സ്വീകരിക്കുവാൻ പുലിക്കോട്ടിൽ തിരുമേനി കല്പിച്ച തനുസരിച്ച് ചാത്തുരുത്തിൽ റമ്പാച്ചനും കോനാട്ട് ഗീവർഗീസ് കത്തനാരും, മാത്തൻ ശെമ്മാശനും മറ്റും പോയിരുന്നു. ഇവർ അവരുടെകൂടെ വളരെനാൾ സഞ്ചരിച്ചു. ഇളയ ബാവ, ശെമ്മാശൻ എന്നിവരിൽ നിന്ന് അന്ത്യോഖ്യൻക്രമങ്ങൾ വളരെയധികം അഭ്യസിച്ചു (കോനാട്ടു മാത്തൻ മല്പാന്റെ ദിനചരിതം 1-ാം പുസ്തകം നമ്പർ 372).

പാത്രിയർക്കീസ് ബാവായോടൊപ്പം സഞ്ചരിച്ച കോനാട്ടു റമ്പാൻ അന്ത്യോഖ്യൻ ആരാധനക്രമങ്ങളുടെ പ്രയോഗവും കൂദാശകളുടെയും പെരുന്നാളുകളുടെയും അനുഷ്ഠാനങ്ങളും കണ്ടുമനസ്സിലാക്കുക മാത്രമല്ല, വളരെ കൃത്യതയോടെ അവ രേഖപ്പെടുത്തുകയും ചെയ്തു (കോനാട്ടു റമ്പാന്റെ ഡയറി നമ്പർ 161 കോനാട്ടു ലൈബ്രറി). ഇവിടെ നടപ്പിലില്ലാത്തവയായതുകൊണ്ടാണ് ഇതു ചെയ്യുന്നതിൽ ഉത്സാഹിച്ച തെന്ന് മനസ്സിലാക്കാം. കരോട്ടുവീട്ടിൽ ശീമോൻ ദീവന്നാസ്യോസും അനുഷ്ഠാനക്രമങ്ങൾ രേഖപ്പെടുത്തിയത് ഇക്കാരണത്താലാണ് (മാർ ശീമോൻ ദീവന്നാസ്യോസിന്റെ നളാഗമം- കണ്ടനാട് ഗ്രന്ഥവരി).

പത്രോസ് പാത്രിയർക്കീസ് ബാവായുടെ മലങ്കരയിലെ പ്രവർത്തനങ്ങൾ അന്ത്യോഖ്യൻക്രമങ്ങളും നടപടികളും ഫലപ്രദമായി നടപ്പിലാകുന്നതിനിടയായി. അക്കാര്യത്തിൽ മുമ്പു സൂചിപ്പിച്ചവരുടെ സംഭാവനകൾ ശ്രദ്ധാർഹമാണ്.

ബാവ വന്ന് രണ്ടോ മൂന്നോ ദിവസം കഴിഞ്ഞപ്പോൾ ഗീവർഗീസ് കത്തനാർക്കു റമ്പത്വം കൊടുത്തു. (കോനാട്ടു മാത്തൻ മല്പാന്റെ ദിനചരിതം 1-ാം പുസ്തകം നമ്പർ 372). മിഥുനം 5-ന് (ജൂൺ 14) ചെറളയത്തു വച്ച് റമ്പത്വം കൊടുത്തുവെന്ന് പാലപ്പിള്ളിൽ അബ്രഹാം കത്തനാരും തന്റെ ചരിത്രപുസ്തകത്തിൽ എഴുതിയിട്ടുണ്ട്.

കോനാട്ടു ഗീവർഗീസ് കത്തനാർ പട്ടമേറ്റത് ചേപ്പാട് തിരുമേനിയിൽ നിന്നായതിനാൽ കൈവയ്പിന്റെ സാധുത സംബന്ധിച്ച തർക്കം മൂലം പാത്രിയർക്കീസ് ബാവാ 1051 തുലാം 13-ാം തീയതി (1875 ഒക്. 28) വ്യാഴാഴ്ച മാക്കാംകുന്നു പള്ളിയിൽ വച്ച് കോനാട്ടു ഗീവർഗീസ് റമ്പാ

നു പുനരായി കത്തനാർപട്ടം കൊടുത്തു.

(കണ്ടനാട് ഗ്രന്ഥവരി, പു. 274)

കോനാട്ടു ഗീവർഗീസ് റമ്പാൻ തന്റെ ഡയറിയിൽ, അദ്ദേഹം പല സന്ദർഭങ്ങളിലും പാത്രിയർക്കീസ്ബാവായുടെ ദ്വിഭാഷിയും പ്രസംഗ തർജ്ജമക്കാരനായിരുന്നുവെന്ന് എഴുതിയിട്ടു്. പുലിക്കോട്ടിൽ മെത്രാച്ച ന് പേഷ്കാരെ കാണുന്നതിനും മറ്റും പോകേിവന്നപ്പോൾ റമ്പാച്ചനെ കൂടെ കൊുപോയതായി ഡയറിയിൽ കാണുന്നുണ്ട്.

മുളന്തുരുത്തി സുന്നഹദോസ്

മുളന്തുരുത്തി സുന്നഹദോസിൽ പട്ടക്കാർ മാർഗ്ഗ ചട്ടങ്ങൾക്കു വി രുദ്ധമായി നടക്കുന്നുണ്ടോയെന്നു പരിശോധിക്കുന്നതിന് തെക്കും വട ക്കുമായി 12 പേരെ വീതം തെരഞ്ഞെടുത്തതിൽ കോനാട്ടു ഗീവർഗീസ് റമ്പാൻ ഒരാളായിരുന്നു. (കണ്ടനാട് ഗ്രന്ഥവരി, പു. 335) അസോസിയേ ഷൻകമ്മറ്റിയിലും ഇദ്ദേഹം അംഗമായിരുന്നു.

മെത്രാൻസ്ഥാനത്തേക്ക്

പത്രോസ് പാത്രിയർക്കീസിന്റെ നിർദ്ദേശപ്രകാരമുള്ള രജിസ്റ്റർ ഉടമ്പടി കൊടുത്താൽ കോനാട്ടു ഗീവർഗീസ് റമ്പാൻ, കടവിൽ പൗ ലോസ് റമ്പാൻ, ചാത്തുരുത്തിൽ ഗീവർഗീസ് റമ്പാൻ, അമ്പാട്ടു ഗീ വർഗീസ് റമ്പാൻ എന്നിവർക്കു മെത്രാൻസ്ഥാനം കൊടുക്കാമെന്ന് പ ാത്രിയർക്കീസ് ബാവ കല്പിച്ചതനുസരിച്ച് രജിസ്റ്റർ ഉടമ്പടി കൊടുക്കു വാൻ ഒരുങ്ങുമ്പോൾ, സമൂഹക്കാരായി തെരഞ്ഞെടുത്തിരുന്നവരോട് ആലോചിക്കാതെ ചെയ്യുന്നപക്ഷം, സമൂഹത്തിൽനിന്ന് തങ്ങളെ ഒഴിവാ ക്കണമെന്ന് തത്സമയം (1876 ചിങ്ങം 16-ന്) അപേക്ഷിച്ചവരിൽ കരവ ട്ടു ശെമവൂൻ കോറി, മുറിമറ്റത്തിൽ പൗലോസ് കത്തനാർ, പനയ്ക്കൽ ഐപ്പുരു, ചാലിൽ ചെറിയ, ചാത്തുരുത്തിൽ വർക്കി, കോനാട്ട് ഇട്ടൻ തുടങ്ങിയവർ ഉൾപ്പെടുന്നു. (കണ്ടനാടു ഗ്രന്ഥവരി, പു. 344) പള്ളിയോ ഗത്തിന്റെ അവകാശത്തിന്മേലുള്ള പാത്രിയർക്കീസിന്റെ നടപടിയെ സ്ഥാനമേല്ക്കുവാനൊരുങ്ങിയവരുടെ കുടുംബാംഗങ്ങളും ഇടവക ക്കാരുംതന്നെ എതിർത്തത് ശ്രദ്ധേയമായിരിക്കുന്നു. അതിൽ രണ്ടു പേ ർ പിന്നീട് മെത്രാൻസ്ഥാനം ഏല്ക്കുകയും ചെയ്തു (1876 ഡിസം. 3/ വ്യാഴ്ചി. 22 ഞായർ).

പാത്രിയർക്കീസ് ബാവാ പാമ്പാക്കുട കോനാട്ടു ഗീവർഗീസ് റമ്പാ നെയും കടവിൽ പൗലോസ് റമ്പാനെയും മെത്രാന്മാരായി വഴിച്ച ശേ ഷം കോനാട്ടു മെത്രാച്ചനെ റീശീസാ പിരിക്കുന്നതിനു കല്പന കൊടു

ത്ത് വടക്കൻപള്ളികളിൽ അയച്ചു.

1877 കന്നി 20-ാം തീയതി കൊച്ചിയിൽ മെത്രാന്മാരുടെ യോഗം ചേർന്നു. കോട്ടയം സെമിനാരിക്കും വട്ടിപ്പണം മുതലായതിനും യൗസേപ്പ് ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ പേർക്കും കമ്മറ്റിക്കാരുടെ പേർക്കും ശേഷം മെത്രാന്മാർ ആറു പേരും ഒരു സമ്മതപത്രം എഴുതിക്കൊടുക്കുവാനും പൊതുവിൽ സുറിയാനിപഠിത്തത്തിന് ഒരു സ്ഥലം ഇല്ലാത്തതിനാൽ .... കോട്ടയത്തുസെമിനാരി കൈവശമാകുന്നതുവരെ പുതുപ്പള്ളി പള്ളിയിൽ ഇരുന്ന് കോട്ടയം ഇടവകയുടെ അത്താനാസ്യോസ് മെത്രാപ്പോലീത്തായും തുമ്പമൺ ഇടവകയുടെ യൂലിയോസ് മെത്രാപ്പോലീത്തായും ... ശെമ്മാശന്മാരെ കൂട്ടി വ്യൂഷ്മികമാസം മുതൽ പഠിപ്പിക്കത്തക്കവണ്ണവും .... സുറിയാനിക്കാർക്കായി പഠിത്തം വകയ്ക്ക് സർക്കാരിൽ നിന്നും നിശ്ചയിച്ചിരിക്കുന്ന രൂപായ്ക്ക് യൗസേപ്പ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ഹർജി ബോധിപ്പിച്ച് നടത്തിക്കൊള്ളണമെന്നും നിശ്ചയിച്ച് കന്നി 29-ാം തീയതി പിരിയുകയും ചെയ്തു (ക്നാനാടുഗ്രന്ഥവരി പു. 407).

സെമിനാരിക്കേസിൽ സാക്ഷി എഴുതുവാനായി കോനാട്ടു യൂലിയോസ് മെത്രാച്ചൻ ആലപ്പുഴയ്ക്കു പോയിരുന്നു. സാക്ഷിവിസ്താരത്തിനു മുമ്പ് രോഗം മൂലം മടങ്ങിപ്പോന്നു. എന്നാൽ കേസിനായി ഹാജരാക്കിയ സുറിയാനിപുസ്തകങ്ങൾ ഒക്കെയും നോട്ടീസു പ്രകാരം യൂലിയോസ് മെത്രാച്ചന്റെ കാര്യസ്ഥനായിട്ട് മാത്തൻ മല്പാൻ ആണ് ഹാജരാക്കിയത്. ഇദ്ദേഹം ശെമ്മാശനായിരിക്കുമ്പോൾ സെമിനാരിക്കേസിൽ ഹാജരാക്കിയിട്ടുള്ള സുറിയാനികല്പനകളും പുസ്തകങ്ങളും മറ്റും തർജ്ജമ ചെയ്യുന്നതിനായി പുലിക്കോട്ടു മെത്രാച്ചന്റെ കല്പനപ്രകാരം ആലപ്പുഴയിൽ പല പ്രാവശ്യം പോകുകയും താമസിക്കുകയും തർജ്ജമ ചെയ്യുകയുമുണ്ടായി. അതിനായി ഹാജരാക്കിയ കാനോൻ പകർത്തി എഴുതിയത് മാത്തൻ മല്പാനും ചാത്തുരുത്തി മെത്രാച്ചനും ചേർന്നാണ്. പാത്രിയർക്കീസു ബാവ അച്ചടിപ്പിച്ച നടപടിക്രമത്തിനു യോജിച്ച തരത്തിലാകുവാൻ പഴയ കാനോൻ ഭേദപ്പെടുത്തിയാണ് ഹാജരാക്കിയത് (മാത്തൻ മല്പാന്റെ ഡയറി ഒന്നാം പുസ്തകം നമ്പർ 372).

സുറിയാനി അച്ചടിയിൽ പാമ്പാക്കുടക്കാരുടെ പങ്ക്

പാത്രിയർക്കീസ് ബാവ കൊച്ചിയിൽ ആയിരിക്കുമ്പോൾ പാമ്പാക്കുട പാലപ്പിള്ളിൽ അബ്രഹാം കത്തനാരെ സുറിയാനിപുസ്തകങ്ങൾ (സെന്തോമസ് പ്രസിൽ) അച്ചടിപ്പിക്കുവാൻ ചുമതലപ്പെടുത്തിയിരുന്നു.

(സുറിയാനി സമൂഹവൃത്താന്തം, പു. 90) അദ്ദേഹം കുർബ്ബാനക്രമം 500 എണ്ണം അച്ചടിപ്പിക്കുകയും ചെയ്തു. ആ പുസ്തകം തിരുവനന്തപുരത്തു വച്ച് ബാവ കാണുകയും അതിൽ തെറ്റുകൾ ഉണ്ടെന്നു കണ്ട് അതു വില്ക്കരുതെന്ന് കല്പിക്കുകയും ചെയ്തു. (കണ്ടനാടു ഗ്രന്ഥവരി, പു. 280) അതു മലങ്കരയിൽ ഉപയോഗിച്ചിരുന്ന ഹ്രസ്വമായ തുബ്ദേനുകൾ കണ്ടിട്ടായിരിക്കാമെന്ന് ഫാ. ഡോ. ജോസഫ് ചീരൻ സൂചിപ്പിക്കുന്നു. (കനാടു ഗ്രന്ഥവരി, പു. 563) പിന്നീട് സുറിയാനി ആദ്യാക്ഷരപുസ്തകവും നമസ്കാരപ്പുസ്തകവും കൊച്ചിയിൽ അച്ചടിപ്പിക്കുവാൻ കോനാട്ടു ഗീവറുഗീസ് റമ്പാനെ ഗ്രീഗോറിയോസ് ബാവായോടൊപ്പം ചുമതലപ്പെടുത്തി (1875 നവ. 21 (വൃശ്ചി. 8-ന്) പാത്രിയർക്കീസ് ബാവ അയച്ചു. (കണ്ടനാടു ഗ്രന്ഥവരി, പു. 280; ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ ഡയറി, പു. 81, 93) കോനാട്ടു റമ്പാൻ കൊച്ചിയിൽ വച്ച് പുസ്തകങ്ങൾ കല്ലച്ചിൽ അച്ചടിക്കുവാൻ ശ്രമിച്ചു. തെളിച്ചം പോരായ്കയാൽ നമസ്കാരം മുതലായ പള്ളിക്രമപുസ്തകങ്ങൾ പുതിയ സുറിയാനി അക്ഷരം കൊത്തിച്ച് അച്ചടിക്കാമെന്നും ആദ്യാക്ഷരപുസ്തകം നിലവിലുള്ള സുറിയാനി അച്ചിൽ അച്ചടിക്കാമെന്നും നിശ്ചയിച്ച് ശ്രമം തുടങ്ങി. (കനാടു ഗ്രന്ഥവരി, പു. 280) അച്ചടിക്കായി പള്ളികളിൽ നിന്ന് ധനശേഖരണവും നടന്നു. പിന്നീട് അച്ചടിക്കു കരവട്ടുവീട്ടിൽ ശെമവൂൻ കോറിയും സഹകരിച്ചു.

സുറിയാനി അച്ചടി സ്വന്തം നാട്ടിൽ ഇല്ലാതിരിക്കേ പാത്രിയർക്കീസ് അന്ത്യോഖ്യൻക്രമങ്ങൾ ഇവിടെ അച്ചടിക്കുവാൻ ഉത്സാഹിയായത് എന്തുകൊണ്ടാവാം? അന്ത്യോഖ്യൻക്രമങ്ങൾ ഇവിടെ കാര്യമായി ഉപയോഗത്തിലില്ലെന്നത് മനസ്സിലാക്കി ആ കുറവു പരിഹരിച്ച് സ്വാധീനമുറപ്പിക്കുന്നത് അദ്ദേഹം ലക്ഷ്യമിട്ടിരുന്നോ? പാത്രിയർക്കീസിന്റെ മലങ്കരയിലെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചാൽ അതും നിഗൂഢലക്ഷ്യമായിരുന്നവെന്ന് കരുതാം.

പാമ്പാക്കുടയിൽ അച്ചടി

ഭദ്രാസനഭരണത്തിൽ താല്പര്യരഹിതനായിട്ടോ, കാര്യമായ പ്രവർത്തനത്തിനു സാദ്ധ്യതയില്ലാഞ്ഞിട്ടോ എന്തോ, 1879-ൽ കോനാട്ടു ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത പാമ്പാക്കുടയിൽ അച്ചുകൂടം (കേരളദീപം) സ്ഥാപിച്ച് സുറിയാനിയിലും മലയാളത്തിലും അച്ചടി തുടങ്ങുന്നതിൽ വ്യാപൃതനായി. (കണ്ടനാടു ഗ്രന്ഥവരി, പു. 444) കോര യൂഹാനോൻ (ഉലഹന്നാൻ) മല്പാൻ പ്രസ് സ്ഥാപിക്കുവാൻ ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായ്ക്കു വേണ്ട സഹായങ്ങൾ നൽകി. സുറിയാനി ആദ്യാക്ഷരപുസ്തകവും നമസ്കാരപ്പുസ്തകവും

കൊച്ചി സെന്തോമസിൽ അച്ചടിപ്പിക്കുവാൻ പത്രോസ് തൃതീയൻ പ
ാത്രിയർക്കീസ് ബാവ ആദ്യം ചുമതലപ്പെടുത്തിയത് ഇദ്ദേഹത്തെ ആയി
രുന്നുവല്ലോ. മെത്രാപ്പോലീത്താ കൊച്ചിയിൽ അച്ചടിവേലയ്ക്കായി പേ
ായിരുന്നപ്പോൾ പ്രസിന്റെ പ്രവർത്തനങ്ങൾ കണ്ടു മനസ്സിലാക്കി. നാട്ടി
ലെ ഇരുമ്പുപണിക്കാരനെയും മരപ്പണിക്കാരനെയും വിളിച്ച് ഇരുമ്പും
മരവും ഉപയോഗിച്ച് പ്രസ് നിർമ്മിച്ചു. അച്ചടിവേലയിലുള്ള സന്തോ
ഷത്താൽ പുലിക്കോട്ടിൽ മെത്രാച്ചൻ കൊച്ചിയിൽ നിന്ന് സുറിയാനി
അക്ഷരങ്ങളുടെ ചെമ്പ് ഉണ്ടാക്കിച്ച് കൊടുത്തയച്ചിരുന്നു. എന്നാൽ
അവ അത്ര മികച്ചതല്ലെന്ന് കണ്ടതിനാൽ പാമ്പാക്കുടയിൽ കൊത്തിച്ച
തായിരുന്നു ഉപയോഗിച്ചത്. മലയാളം അച്ചുകൾ കൊച്ചിയിലെ ദേവ്ജി
ഭീംജിയിൽ നിന്ന് വിലയ്ക്കു വാങ്ങുകയും ചെയ്തു. ആദ്യമേ സുറി
യാനിയിൽ അമ്പതു നോമ്പിലെ നമസ്കാരവും എവൻഗേലിയോന്റെ
കുറിപ്പും അച്ചടിച്ച് (1879/1055 തുലാം) പള്ളികൾക്ക് അയച്ചുകൊടുത്തു.
പിന്നീട് സുറിയാനിയിൽ പുത്തൻക്രമം അന്നീദായും മലയാളത്തിൽ
നമസ്കാരക്രമവും അച്ചടിച്ചു (മാത്തൻ മല്പാന്റെ ഡയറി ഒന്നാം പ
ുസ്തകം, നമ്പർ 372).

പരുമലത്തിരുമേനി പാത്രിയർക്കീസ് ബാവായ്ക്ക് എഴുതിയ
കത്തിൽ (1899 എപ്രിലിനു മുമ്പ്) മാത്തൻ മല്പാൻ നോമ്പിലെ നമ
സ്കാരം, ശവസംസ്കാരം, (മാർ യൂലിയോസിന്റെ പുസ്തകം രണ്ടാം
പതിപ്പ്?) തൈലാഭിഷേകം, ഭവനകൂദാശ മുതലായവ, വേദവായനക്കു
റിപ്പ്, അനാഫൂറാ, മാമോദീസാ, വിവാഹം, പെങ്കീസാ മുതലായവ, ക
ഷ്ടാനുഭവാഴ്ചയിലെ പാപമോചനത്തിന്റെ പുസ്തകം (?) എന്നിവ പ
ാമ്പാക്കുടയിൽ അച്ചടിച്ചതായി കാണുന്നു. പിന്നീട് പെരുന്നാളുകളുടെ
പുസ്തകം, കഷ്ടാനുഭവാഴ്ചയിലെ പ്രുമിയോൻ, നടപടിക്രമം, എന്നിവ
യും അച്ചടിച്ചു.

പുലിക്കോട്ടിൽ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ കാല
ത്ത് കോനാട്ടു മാർ യൂലിയോസ്, മാത്തൻ മല്പാൻ എന്നിവരുടെ പരി
ശ്രമത്താലാണ് അന്ത്യോഖ്യൻ ആരാധനക്രമങ്ങൾ സുറിയാനിയിലും
മലയാളത്തിലും അച്ചടിച്ചു പ്രചരിപ്പിച്ചത്. ആരാധനയുടെ ഏകീകരണ
ത്തിനും ചിട്ടയ്ക്കും അവയുടെ പങ്ക് നിസ്സാരമല്ല. മലങ്കരയിൽ അച്ചടിച്ച
പുസ്തകങ്ങൾ സിറിയായിലും മറ്റും ഉപയോഗിക്കരുതെന്ന് അപ്രേം പ
ാത്രിയർക്കീസ് ബാവ കല്പന ഇറക്കി (1957). അവ മൂസൽക്രമങ്ങൾ
ആയതിനാലാകാം (റവ. ഡോ. ബി. വറുഗീസ്, ടി. പു.93, 94).

അന്ത്യോഖ്യൻ ആരാധനക്രമങ്ങൾ മലങ്കരയിൽ പ്രചരിക്കുന്നതിന്

ഈ അച്ചുകൂടം മുഖന്തരമായതായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ കാലശേഷം പ്രസ് നിന്നുപോയി. പിന്നീട് 1896-ൽ സഹോദരപുത്രൻ കോനാട്ടു മാത്തൻ മല്പാൻ (മെത്രാപ്പോലീത്തായുടെ പേരിൽ) അതു (മാർ ജൂലിയോസ് പ്രസ്) പുനരാരംഭിച്ചു. അദ്ദേഹത്തിന്റെ കാലശേഷം പുത്രൻ അബ്രഹാം കത്തനാർ പ്രസ് തുടർന്നു നടത്തി. സുറിയാനിയിലും മലയാളത്തിലുമായി ഒട്ടേറെ ആരാധനക്രമങ്ങൾ ഇവിടെ നിന്ന് പ്രസിദ്ധീകരിച്ചു. ജീവനിക്ഷേപം എന്നൊരു മാസിക മലയാളത്തിലും സീമത്ഹായെ എന്നൊരു സുറിയാനിമാസികയും കുറച്ചുകാലം മാത്തൻ മല്പാൻ പ്രസിദ്ധീകരിച്ചിരുന്നു. നമ്മുടെ സാഹിത്യചരിത്രത്തിൽ ഇവയ്ക്കു സ്ഥാനം ലഭിച്ചിട്ടില്ല. 1982-ൽ സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണവിഭാഗം (എം.ഒ.സി. പബ്ലിക്കേഷൻസ്) ആരംഭിച്ചപ്പോൾ അബ്രഹാം കത്തനാരുടെ പുത്രൻ ഡോ. ജോൺസ് ഏബ്രഹാം കത്തനാർ, യൂലിയോസ് പ്രസ്സിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന ആരാധനക്രമങ്ങളുടെ പകർപ്പവകാശം സഭയ്ക്കു നൽകി.

ഇതോടനുബന്ധിച്ച് മലയാളം അച്ചടിയെയും കേരളത്തിലെ അച്ചടിശാലകളെയും കുറിച്ച് ചില വസ്തുതകൾകൂടി അറിഞ്ഞാലേ പാമ്പാക്കുട കേരളദീപം പ്രസിന്റെ മൂല്യവും പ്രാധാന്യവും വ്യക്തമാകൂ. ഇരുപതോളം പ്രസുകളേ അതിനു മുമ്പ് കേരളത്തിലുായിട്ടുള്ളൂ. അവയിൽ പലതും നിന്നുപോയിരുന്നു. സുറിയാനി അച്ചടിക്കുന്നതാകട്ടെ വേറെ മാന്നാനത്തു മാത്രവും. ഈ പട്ടികയിൽ വിരലിലെണ്ണാവുന്നതഴികെയുള്ളതെല്ലാം ക്രൈസ്തവരുടെ ചുമതലയിൽ ആരംഭിച്ചതത്രേ. കേരളത്തിലെ അച്ചടിപ്രസിദ്ധീകരണരംഗങ്ങളിലെ ക്രിസ്ത്യാനികളുടെ മുൻകൈയും വളരെ സ്പഷ്ടമാണ്.

മലയാളം അച്ചടി യൂറോപ്പിൽ

1678–1693	ആംസ്റ്റർഡാം ഹോർത്തൂസ് മലബാറിക്കൂസ് മലയാളലിപി ആദ്യം അച്ചടിക്കപ്പെട്ട ഗ്രന്ഥം.
1772	റോമിലെ ബഹുഭാഷാമുദ്രാലയം സംക്ഷേപവേദാർത്ഥം മലയാളം
1799-ൽ	ബോംബേ ബോംബേ ക്യൂരിയർ പ്രസ് മലയാളം 1811-ൽ മലയാളം പുതിയനിയമം (നാലു സുവിശേഷങ്ങൾ)
1842	മംഗലാപുരം മിഷൻ പ്രസ് ഗീതങ്ങൾ, മനുഷ്യചോദ്യങ്ങൾക്കു് ദൈവം കല്പിച്ച ഉത്തരങ്ങൾ കല്ലച്ച്

കേരളത്തിലെ അച്ചടിയുടെ ചരിത്രം

1578	കൊല്ലം (തങ്കശ്ശേരി) ദിവ്യരക്ഷകന്റെ കലാലയം തമിഴ്
1601–1670	ചാലക്കുടിക്കടുത്ത അമ്പഴക്കാട്ട് സെന്റ് പോൾസ് മലയാളം
1602	വൈപ്പിൻകോട്ട സെമിനാരിയിൽ സുറിയാനി
1822–1824	കോട്ടയം സെമിനാരി മെത്രാന്റെ കല്പന, ഗിരിപ്രഭാഷണം എന്നിവ
1836	തിരുവനന്തപുരം സർക്കാർ അച്ചുകൂടം
1839–1868	കോട്ടയം സി.എം.എസ്. പ്രസ് പഴയനിയമം 3 വാല്യങ്ങൾ
1844	മാന്നാനം മാർ യൗസേപ്പ് പുണ്യവാള ആശ്രമം നസ്രാണിദീപിക (1887 ഏപ്രിൽ) കർമ്മലകുസുമം എന്നീ പ്രസിദ്ധീകരണങ്ങളും കത്തോലിക്കാമതപുസ്തകങ്ങളും അച്ചടിച്ചു
1845	തലശ്ശേരി മിഷൻ പ്രസ്
1845	കൊച്ചി സർക്കാർ പ്രസ്
1850	കുന്നംകുളം ജോസഫ് കത്തനാഴ്സ് കല്ലച്ചുകൂടം, പുലിക്കോട്ടിൽ യൗസേഫ് കത്തനാർ. 1869-ൽ പുലിക്കോട്ടിൽ മെത്രാപ്പോലീത്താ കൊച്ചിയിലേക്കു മാറ്റി. സെന്തോമസ് പ്രസ്, മലയാളം സുറിയാനി, ഇങ്ഗ്ലീഷ് അച്ചടിവേലകൾ
1853	തിരുവനന്തപുരം കേരളവിലാസം പ്രസ്, ഈശ്വരപിള്ള വിചാരിപ്പുകാർ
1860	കൊച്ചിയിൽ സെഞ്ചോൺ പ്രസ്, മാനുവൽ പഞ്ഞിക്കാരൻ (1850).
1860/61,	കൊ.വ.1036 മഞ്ചേരി വിദ്യാവിലാസം, കാളഹസ്തിയപ്പ മുതലിയാർ
1862	കോഴിക്കോട് വിദ്യാവിലാസം പ്രസ് കാളഹസ്തിയപ്പ മുതലിയാർ മഞ്ചേരിയിൽ നിന്ന് മാറ്റി
1864	മട്ടാഞ്ചേരി കേരളമിത്രം, ദേവ്ജി ഭീംജി കല്ലച്ച്, ഫോർട്ടു കൊച്ചിയിലേക്കു മാറ്റി
1865	മട്ടാഞ്ചേരി വെസ്റ്റേൺ സ്റ്റാർ ലെറ്റർ പ്രസ്
1869	കൂനമ്മാവ് അമലോത്ഭവമാതാവിന്റെ പ്രസ്. 1880-ൽ വരാപ്പുഴയ്ക്കും അവിടെ നിന്ന് 1897-ൽ എറണാകുളത്തേക്കും മാറ്റി.

1879	പാമ്പാക്കുട (കേരളദീപം) അച്ചുകൂടം, (കോനാട്ട്) ഗീവർ ഗീസ് മാർ യൂലിയോസ് സുറിയാനിയിലും മലയാളത്തിലും അച്ചടി
1880	കുന്നംകുളം വിദ്യാരത്നപ്രഭ (VRP) പാറമേൽ (കുത്തൂർ) ഉട്ടൂപ്പ്
	കുന്നംകുളം അക്ഷരരത്നപ്രകാശിക (ARP) പ്രസ് പുലിക്കോട്ടിൽ ഇട്ടൂപ്പ്
1886	തൃശ്ശൂർ കേരളകല്പദ്രുമം
1890	(മാർച്ച് 28) കോട്ടയം മലയാള മനോരമ
1896	പാമ്പാക്കുട മാർ ജൂലിയോസ് പ്രസ് കോനാട്ടു മാത്തൻ മല്പാൻ

ആദിമുദ്രണചരിത്രം വിസ്തരിച്ചു പ്രതിപാദിച്ച കെ.എം. ഗോവിയും, വിവിധ വിജ്ഞാനകോശങ്ങൾ, ഡയറക്ടറികൾ മുതലായവകളും, മലയാള സുറിയാനി പുസ്തകങ്ങൾ അച്ചടിച്ച കൊച്ചി സെന്തോമസിനെയും, മതഗ്രന്ഥങ്ങൾ മാത്രം അച്ചടിച്ചിരുന്നതിനാലാകാം, പാമ്പാക്കുട കേരളദീപം (മാർ ജൂലിയോസ്) പ്രസിനെയും, ഗ്രന്ഥസൂചികളിലും, മ്യൂസിയം ക്യാറ്റ്ലോഗുകളിലും സ്ഥാനം പിടിക്കാത്തതുകൊണ്ടോ എന്തോ, വേണ്ടവിധം കൃത്യമായി സൂചിപ്പിച്ചിട്ടില്ല. സുറിയാനി അച്ചടി, ആ ഭാഷയുടെ ഉദ്ഭവദേശങ്ങളിൽ ആരംഭിക്കുന്നതിനു ദശകങ്ങൾക്കു മുമ്പേ കേരളത്തിൽ നടപ്പായിരുന്നു.

മലങ്കരസഭയിൽ അന്ത്യോഖ്യൻപാരമ്പര്യം തുടക്കം മുതല ഉണ്ടായിരുന്നുവെന്ന അബദ്ധധാരണ വിശ്വാസസത്യമായി കരുതുകയും അതിനു പറ്റിയ രേഖകൾ മാത്രം ഉദ്ധരിച്ച് സംതൃപ്തിയടയുകയും ചെയ്യുന്ന ശുദ്ധാത്മാക്കൾക്ക് സത്യം കണ്ടെത്തുവാൻ വേണ്ട സാദ്ധ്യതകൾ ധാരാളമുണ്ട്. മേൽപ്രസ്താവിച്ചവ അതിനുള്ള അന്വേഷണം ആരംഭിക്കുവാനുള്ള മാർഗ്ഗം മാത്രമാണ്. പക്ഷേ തന്റെ കോഴി കൂവുന്നതുകൊണ്ടാണ് നേരം വെളുക്കുന്നതെന്ന് കരുതുന്ന സാധുക്കൾക്ക് അതിനുള്ള വഴി തെളിയാനിടയില്ല.

തെറ്റുദ്ധരിക്കപ്പെട്ട മാർ യൂലിയോസിന്റെ ചിത്രം

സോഷ്യൽ മീഡിയായിൽ വളരെ നാളുകളായി കോനാട്ട് മാർ യൂലിയോസ് തിരുമേനിയുടെ എന്ന പേരിൽ പ്രചരിക്കുന്ന ഒരു ചിത്രമാണ് ഇവിടെ കൊടുത്തിരിക്കുന്നത്. മത്തങ്ങാമുടി കണ്ട് ചിത്രത്തിലുള്ളത് തിരുമേനിയാണ് എന്ന് കരുതിയത് കാരണം ഉണ്ടായ ഒരു തെറ്റുധാരണയാണിത്. 'parumalachurch.org' എന്ന വെബ് സൈറ്റിൽ തെറ്റായി ചേർത്തിരിക്കുന്ന ഒരു ചിത്രത്തിൽ നിന്നാണ് ഇതിന്റെ തുടക്കം. അവിടെ നിന്നും ലഭിച്ച ഈ ചിത്രം തുമ്പമൺ ഭദ്രാസന വെബ്സൈറ്റിലും തുടർന്ന് തുമ്പമൺ ഭദ്രാസനത്തിലെ വിവിധ പള്ളികളിൽ നിന്ന് പ്രസിദ്ധീകരിച്ച പ്രസിദ്ധീകരണങ്ങളിലും ഈ ചിത്രം കയറിപ്പറ്റി. ചിത്രത്തിലുള്ളത് കോനാട്ട് കുടുംബത്തിലെ യൂലിയോസ് തിരുമേനി അല്ല മറിച്ച് കോനാട്ട് കുടുംബത്തിലെ തന്നെ മാത്തൻ മൽപാൻ ആണ് എന്ന വസ്തുത പലർക്കും അറിയില്ല

കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ് തിരുമേനിയുടെ സഹോദരപുത്രനായ കോനാട്ട് മാത്തൻ മൽപാന്റെ ചിത്രമാണിത്. ഒരു വിവാഹിത പട്ടക്കാരന് എത്തിച്ചേരാവുന്ന പരമോന്നത പദവിയാണ് കോറെ

പ്പിസ്കോപ്പാ സ്ഥാനം. 1926 ഓഗസ്റ്റ് 16 ന് പാത്രിയർക്കീസ് ബാവായുടെ കൽപന പ്രകാരം സ്ലീബാ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത കരിങ്ങാച്ചിറ പള്ളിയിൽ വെച്ച് മാത്തൻ മൽപാന് കോറെപ്പിസ്കോപ്പാ സ്ഥാനം നൽകി. പാത്രിയർക്കീസ് ബാവാ അയച്ചുകൊടുത്ത കുരിശും മാലയുമാണ് തദവസരത്തിൽ കോറെപ്പിസ്കോപ്പായെ അണിയിച്ചത്. ചില പ്രത്യേക അവകാശങ്ങളും ചിഹ്നവും മാത്തൻ മൽപാന് നൽകിയിരുന്നു. മേൽപട്ടക്കാരുടേതിന് അനുരൂപമായ ഒരു മുടിയും (മുകൾ ഭാഗം കൂർത്തതല്ലായിരുന്നു) വൈദികർ കുർബാന അർപ്പിക്കുമ്പോൾ മേൽപട്ടക്കാർ സന്നിഹിതരാണെങ്കിൽ അനുവർത്തിക്കാറുള്ള കർമ്മങ്ങളെല്ലാം അതുപോലെ നിർവ്വഹിക്കാനുള്ള അനുവാദവും കുക്കിലിയോൻ ചൊല്ലുമ്പോൾ വടി ഉപയോഗിക്കുവാനും പാത്രിയർക്കീസ് അദ്ദേഹത്തിന് പ്രത്യേക അനുമതി നൽകിയിരുന്നു. കാൽകഴുകൽ ശുശ്രൂഷ നിർവ്വഹികുവാൻ അനുവദിച്ചത് കൊണ്ട് 1927 മേടം 8 ന് കാൽകഴുകൽ ശുശ്രൂഷയും നിർവ്വഹിച്ചു.

പാത്രിയർക്കീസ് ബാവ കൽപിച്ച് നൽകിയ പൂർണ അംശവസ്ത്രത്തിൽ ഇരിക്കുന്ന കോനാട്ട് മാത്തൻ മൽപാനെ കണ്ട് ഉണ്ടായ തെറ്റുദ്ധാരണ മാത്രമാണ് ഈ ചിത്രത്തിന് പിന്നിൽ ഉള്ളത്. മാർ യൂലിയോസ് തിരുമേനിയുടെ ചിത്രം ഇതുവരെ ലഭ്യമല്ല എന്ന് കോനാട്ട് കടുംബത്തിലെ ഇപ്പോഴത്തെ വൈദികനായ ജോൺസ് അച്ചൻ ഈ ലേഖകനോട് നേരിട്ട് വ്യക്തമാക്കിയിട്ടുള്ളതാണ്.

കോനാട്ട് മൽപാന്മാർ

ബേസിൽ വർഗീസ് കുമ്പളോലിക്കൽ

മൽപാൻ എന്ന സുറിയാനി വാക്കിന് ഗുരു എന്നാണ് അർത്ഥം. വൈദിക വിദ്യാർത്ഥികളെ പഠിപ്പിച്ച് പൗരോഹിത്യത്തിന് യോഗ്യരാക്കുന്ന മുതിർന്ന വൈദികരെ സാധാരണയായി മൽപാന്മാർ എന്ന് വിളിക്കുന്നു. എന്നാൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ ഗുരുക്കന്മാരും, സഭയ്ക്ക് ഉന്നതസംഭാവനകൾ നൽകിയവരുമായ പ്രമുഖ വൈദികർക്ക് മലങ്കര മെത്രാപ്പോലീത്താ ഔദ്യോഗികമായി കൽപിച്ചു നൽകുന്ന ആദരസൂചക സ്ഥാനമാണ് "മലങ്കര മൽപാൻ" സ്ഥാനം. 20-ാം നൂറ്റാണ്ടിനു മുൻപ് ഈ സ്ഥാനം അറിയപ്പെട്ടിരുന്നത് മലയാളത്തിനുടെ മൽപാൻ എന്നായിരുന്നു.

കോനാട്ട് കുടുംബത്തിലെ ഏതാണ്ട് എല്ലാ മൽപാന്മാരുംതന്നെ ഈ സ്ഥാനം അലങ്കരിച്ചിരുന്നതായി രേഖകളുണ്ട്. മുൻഗാമിയുടെ 40-ാം അടിയന്തിരത്തിന്റെ അതേദിവസം പിൻഗാമിക്ക് ഈ സ്ഥാനം നൽകുന്ന പാരമ്പര്യം ഉണ്ടായിരുന്നു. മലങ്കര മെത്രാപ്പോലീത്താ പാമ്പാക്കുടയിലേക്ക് എഴുന്നള്ളിവന്ന് ഒരു സ്വർണ്ണമോതിരം സമ്മാനിച്ച് ഈ സ്ഥാനം നൽകുകയായിരുന്നു പതിവ്. ഈ രീതിയിൽ നിന്ന് വ്യതിചലിച്ച ഒന്നു രണ്ട് സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. ഉദാഹരണത്തിന് ഗീവർഗീസ് മൽപാൻ(പിന്നീട് മാർ യൂലിയോസ്) മേൽപട്ടക്കാരനായി അഭിഷേകം ചെയ്യപ്പെടുകയും മുൻഗാമിയായ മലങ്കര മൽപാൻ അന്തരിക്കുന്നതിന് മുൻപ് തന്നെ കാലം ചെയ്യുകയും ചെയ്തതിനാൽ അദ്ദേഹത്തിന് മലങ്കര മൽപാൻ സ്ഥാനം നല്കാനായില്ല. അബ്രഹാം മല്പാൻ 2 നു തന്റെ പിതാവിന്റെ നിര്യാണത്തിനു ശേഷം 35 വർഷങ്ങൾ കഴിഞ്ഞാണ് ഈ സ്ഥാനം നൽകിയത്. മുൻഗാമി അന്തരിച്ചപ്പോൾ അദ്ദേഹം നന്നേ ചെറുപ്പമായിരുന്നു. (വൈദിക പട്ടം ഏൽക്കുന്നതിനു പോലും മുൻപായിരുന്നു) എന്നതാണ് ഇതിനു കാരണം.

അബ്രഹാം മൽപാൻ 1 (1780–1865)

1825-ൽ കോനാട്ട് അബ്രഹാം മൽപാൻ I (1780–1865) ആണ് പ
ാമ്പാക്കുട സെന്റ് ജോൺസ് വലിയപള്ളി സ്ഥാപിച്ചത്. ആരംഭം മുത
ലേ കോനാട്ട് കുടുംബത്തിൽ നിന്നുള്ള പുരോഹിതന്മാരാണ് ഈ
ഇടവകയുടെ മേൽനോട്ടം നടത്തിയിരുന്നത്. പാമ്പാക്കുടയിൽ ന
ിന്ന് കേവലം 5 കിലോമീറ്റർ അകലെ മാമലശേരിയിൽ ആയിരുന്നു
കോനാട്ട് കുടുംബം വസിച്ചിരുന്നത്. മാമലശേരി കാലഘട്ടത്തിലെ
അവസാനത്തെ മൽപാൻ ആയിരുന്ന ഗീവർഗീസ് മൽപാൻ സുറിയാന
ിഭാഷയും ആരാധനാക്രമങ്ങളും വേദശാസ്ത്രവും പഠിപ്പിച്ചിരുന്നു.
നിർഭാഗ്യവശാൽ സ്വകുടുംബത്തിൽ നിന്ന് ഉത്തമനായ ഒരു പ
ിൻഗാമിയെ കണ്ടെത്തുവാൻ ഗീവർഗീസ് മൽപാന് സാധിച്ചിരുന്നില്ല.
തന്റെ അനന്തിരവനും സഹായിയുമായിരുന്ന ഉണ്ണിട്ടൻ എന്ന അബ്ര
ഹാമിനെ അദ്ദേഹം സാവധാനം ശ്രദ്ധിച്ചു തുടങ്ങി. ഔപചാര
ിക വൈദികവിദ്യാഭ്യാസം നേടിയിട്ടില്ലാത്ത ഉണ്ണിട്ടൻ കാര്യങ്ങൾ
സ്വയം ഗ്രഹിക്കുകയും മൽപാന്റെ ശിഷ്യന്മാരുടെ വരെ തെറ്റുകൾ
തിരുത്തുവാനുള്ള കഴിവ് സ്വായത്തമാക്കുകയും ചെയ്തിട്ടുണ്ടെ
ന്ന് മൽപാൻ മനസ്സിലാക്കി. പാമ്പാക്കുടയിലെ ഇട്ടഞ്ചേരിൽ (പ
രീക്കമോളേൽ) കുടുംബാംഗമായിരുന്നു ഈ ബാലൻ. അടുത്ത മൽപ
ാൻ ഈ ബാലനായിരിക്കണമെന്ന് ഗീവർഗീസ് മൽപാൻ തീരുമാന
ിച്ചു. അവനെ അതിനുവേണ്ടി അഭ്യസിപ്പിക്കുവാനും തുടങ്ങി. തുടർന്ന്
അബ്രഹാം കശീശാ എന്ന പേരിൽ പട്ടം കൊടുക്കുകയും അടുത്ത
കോനാട്ട് മൽപാനായി നിയുക്തനാക്കുകയും ചെയ്തു. ഗീവർഗീസ്
മൽപാന്റെ ഈ നീക്കത്തിനെതിരായി കോനാട്ട് കുടുംബാംഗങ്ങൾ പ്ര
തിഷേധിച്ചെങ്കിലും ഫലമുണ്ടായില്ല. എന്നാൽ ഈ പ്രതിഷേധം മൂലം
തന്റെ സുറിയാനി ഗ്രന്ഥശേഖരം ഒഴികെ മറ്റോന്നും പിൻഗാമിക്ക് കൈ
മാറുവാൻ ഗീവർഗീസ് മൽപാന് കഴിഞ്ഞില്ല.

താളിയോലയിൽ രേഖപ്പെടുത്തിയിരിക്കുന്ന ഗീവർഗീസ് മൽപ
ാന്റെ വിൽപത്രം ഇന്നും സൂക്ഷിച്ചിരിക്കുന്നു. മലങ്കര മൽപാൻ സ്ഥാന
ാരികളായ കോനാട്ട് മൽപാന്മാരിൽ 17-ാമനാണ് താനെന്ന് അദ്ദേഹം
രേഖപ്പെടുത്തിയിരിക്കുന്നു. അദ്ദേഹത്തിന് മുൻപുള്ള 16 മൽപാന്മാരിൽ
എല്ലാവരുടെയും പേരുവിവരങ്ങളും ജീവിച്ചിരുന്ന കാലഘട്ടവും
ഇന്ന് ലഭ്യമല്ല. എങ്കിലും അദ്ദേഹത്തിന്റെ മുൻഗാമിയുടെയും നാമം
ഗീവർഗീസ് മൽപാൻ എന്നായിരുന്നു എന്ന് നമുക്കറിയാം. 15-ാമത്തെ
മൽപാനായിരുന്ന യാക്കോബ് മൽപാൻ മാർത്തോമ്മാ ശ്ലീഹായാൽ
സ്ഥാപിതമായെന്ന് വിശ്വസിക്കപ്പെടുന്ന തിരുവിതാംകോട് പള്ളിയിൽ

കുറച്ചുനാൾ വികാരിയായി സേവനമനുഷ്ഠിച്ചിരുന്നു. അദ്ദേഹത്തെ കബറടക്കിയതും തിരുവിതാംകോട് പള്ളിയിൽ തന്നെയാണ്.

1822-ൽ ഗുരുവും മുൻഗാമിയുമായ ഗീവർഗീസ് മൽപാന്റെ 40-ാം അടിയന്തിരദിനത്തിൽ അബ്രഹാം കശീശായ്ക്ക് മലങ്കര മെത്രാപ്പോലീത്താ പുന്നത്ര മാർ ദിവന്നാസ്യോസ് മലങ്കര മലങ്കര മൽപ ാൻ സ്ഥാനം നൽകി. പാമ്പാക്കുടയിലേക്ക് തന്റെ പ്രവൃത്തിമണ്ഡലം മാറ്റുവാൻ തീരുമാനിച്ച അബ്രഹാം മൽപാൻ അവിടെ 1825-ൽ സെന്റ് ജോൺസ് വലിയ പള്ളി സ്ഥാപിച്ചു.

തികഞ്ഞ സുറിയാനി പണ്ഡിതനും അധ്യാപകനുമായിരുന്നു അബ്രഹാം മൽപാൻ I നവീകരണക്കാരുമായുള്ള ഏറ്റുമുട്ടലിൽ അദ്ദേഹം മുന്നിൽനിന്ന് സഭയെ നയിച്ചു. 1815 ൽ കോട്ടയം പഴയ സെമിനാരിയുടെ സ്ഥാപനകാലം മുതൽ മൽപാൻ അവിടെ അധ്യാപ കനായിരുന്നു. ആ കാലഘട്ടത്തിൽ സെമിനാരിയിൽ സഹ അദ്ധ്യാപ കരായിരുന്ന സി എം എസ് മിഷണറിമാരുടെ ക്ലാസുകൾക്ക് പ ിന്നാലെ തന്നെ അവരുടെ പ്രൊട്ടസ്റ്റന്റ് പഠിപ്പിക്കലുകളെ തച്ചുടച്ച് വിദ്യാർത്ഥികളെ നേർവഴിയിൽ കൊണ്ടുവരാൻ മൽപാൻ ബദ്ധശ്രദ്ധന ായിരുന്നെന്ന് ചരിത്രകാരന്മാർ ചൂണ്ടിക്കാട്ടുന്നു. 1835 ലെ മാവേലിക്കര സുന്നഹദോസിൽ സത്യവിശ്വാസം ഭംഗം കൂടാതെ സഭയിൽ ഉറപ്പിക്കാൻ അദ്ദേഹം നേതൃത്വം നൽകി. പുന്നത്ര മാർ ദിവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്താ കാലം ചെയ്തപ്പോൾ പിൻഗാമിയായി മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേയ്ക്ക് അബ്രഹാം മൽപാനെ പരിഗണിച്ചിരുന്നു എന്നതിൽ നിന്ന് സഭാംഗങ്ങൾ അദ്ദേഹത്തിന്റെ ജീവിത വിശുദ്ധിയേയും പാണ്ഡിത്യത്തേയും എത്രമാത്രം ബഹുമാന ിച്ചിരുന്നു എന്ന് മനസിലാക്കാം. മലയാളത്തിലെ പ്രഥമ ആധികാരിക വേദശാസ്ത്രഗ്രന്ഥത്തിന്റെ രചയിതാവും മറ്റാരുമല്ല. 1860 ൽ എൺപ ത് വയസുള്ളപ്പോൾ എഴുതിയ ആ കയ്യെഴുത്തുപ്രതി ഇന്നും കോനാട്ട് ഗ്രന്ഥശേഖരത്തിൽ സൂക്ഷിച്ചിരിക്കുന്നു. അച്ചടിച്ച് പ്ര സിദ്ധീകരിക്കാഞ്ഞതിനാലാവണം, മലയാള സാഹിത്യ ചരിത്രത്തിൽ ഇന്നോളം ആ ഗ്രന്ഥം ഇടം പിടിച്ചിട്ടില്ല. അദ്ദേഹത്തിന്റെ അതിപ്ര ധാനമായ മറ്റൊരു കൃതിയാണ് കോട്ടയം പഴയസെമിനാരിയിൽ പ ഠിപ്പിക്കുമ്പോൾ 1820 ൽ പരിഭാഷപ്പെടുത്തിയ ഒരു ആരാധനാ ക്രമം. സന്ധ്യകളിൽ മലങ്കര നസ്രാണിഭവനങ്ങളിൽ നിന്ന് ഉയരുന്ന ഇമ്പകരമായ "ഞങ്ങൾക്കുള്ള കർത്താവേ..." എന്ന് മാർ അപ്രേ മിന്റെ ബോവൂസോയുടെ ആദ്യ മലയാള പരിഭാഷ കാണുന്നത് ഈ ആരാധനാ ക്രമത്തിലാണ്.

സി എം എസ് മിഷണറിമാരുടെ നവീന ഉപദേശങ്ങളും ശീമയിൽനിന്ന് വന്നുകൊിരുന്ന മേൽപട്ടക്കാരുടെ തിരുത്തലുകളും ഉളവാക്കിയ അമ്പരപ്പ് സഭയെ ഗ്രസിച്ചിരുന്ന ആ ഘട്ടത്തിൽ അന്ത്യോഖ്യൻ മെത്രാനായ മാർ അത്തനാസ്യോസിന്റെ നിർബന്ധത്തിന് വഴങ്ങി അബ്രഹാം മൽപാൻ I രണ്ടാമത് കശീശാ പട്ടമേറ്റു. മിഷണറിമാർക്ക് സ്വാധീനമുൺായിരുന്ന ഭരണാധികാരികൾ ഒരു കൊടും അപരാധമായാണ് ഈ നടപടിയെ വീക്ഷിച്ചത്. ഇതിന് ശിക്ഷയായി 10 മാസം തടവും ഭീമമായ ഒരു തുക പിഴയുമാണ് അദ്ദേഹത്തിന് വിധിച്ചതെന്ന് ഇസഡ് എം പാറേട്ട് രേഖപ്പെടുത്തിയിട്ടുണ്ട്. 1865 ഒക്റ്റോബർ 28 ന് അബ്രഹാം മൽപാൻ I അന്തരിച്ചു. പിറ്റേന്ന് താൻ സ്ഥാപിച്ച് പാമ്പാക്കുട വലിയ പള്ളിയിൽ കബറടക്കി. അദ്ദേഹത്തിന്റെ ഓർമ്മ ദിവസമാണ് വലിയപള്ളിയുടെ പ്രധാന പെരുന്നാളായി ആഘോഷിക്കുന്നത്.

യൂഹാനോൻ മൽപാൻ (1809–1890)

അബ്രഹാം മൽപാന്റെ സഹോദരനായ കോരയുടെ പുത്രന്മാർ ആയിരുന്നു യൂഹാനോനും മാത്തനും. ഇവരിൽ യൂഹാനോൻ, അബ്രഹാം മൽപാൻ 1-ാമന്റെ പിൻഗാമിയും കോനാട്ട് കുടുംബത്തിലെ 19-ാമത്തെ മൽപാനുമായി തെരെഞ്ഞെടുക്കപ്പെട്ടു. അദ്ദേഹത്തിന്റെ പട്ടംകൊട എന്നായിരുന്നുവെന്ന് തീർച്ചയില്ല. മുൻഗാമിയുടെ നിര്യാണശേഷം 1865-ൽ അദ്ദേഹം മലങ്കര മൽപാനായി അവരോധിക്കപ്പെടുകയും പാമ്പാക്കുട വലിയ പള്ളിയുടെയും കോനാട്ട് മൽപാൻ ഭവനത്തിന്റെയും പൂർണ്ണ ചുമതല ഏറ്റെടുക്കുകയും ചെയ്തു. നവീകരണത്തിന്റെ കൊടുങ്കാറ്റിൽ സഭാനൗക ആടിയുലഞ്ഞ കാലമായിരുന്നു അത്. അന്നത്തെ വൈദിക ട്രസ്റ്റി പുന്നത്ര ചാപ്പിള്ള കത്തനാർ 1870 ൽ നവീകരണവിഭാഗത്തിലേക്ക് കൂറുമാറി. അതേത്തുടർന്ന് 1886 സെപ്റ്റംബർ 11 ന് കോട്ടയം പഴയസെമിനാരിയിൽ കൂടിയ സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം വൈദിക ട്രസ്റ്റി സ്ഥാനത്തേക്ക് യൂഹാനോൻ മൽപാനെ തെരെഞ്ഞെടുത്തു. അങ്ങനെ കോനാട്ട് കുടുംബത്തിൽ നിന്നുള്ള ആദ്യത്തെ വൈദിക ട്രസ്റ്റി ആയി അദ്ദേഹം.

മുൻഗാമികളും പിൻഗാമികളുമായി താരതമ്യപ്പെടുത്തിയാൽ തന്റെ ഇടവകാംഗങ്ങൾക്കിടയിൽ പ്രവർത്തിക്കുവാനാണ് യൂഹാനോൻ മൽപാൻ കൂടുതൽ ഇഷ്ടപ്പെട്ടതെന്ന് കാണുവാൻ സാധിക്കും. 56 ാം വയസിൽ മലങ്കര മൽപാനായി അദ്ദേഹം ചുമതലയേൽക്കുമ്പോഴേക്കും പിൻഗാമിയായ ഗീവർഗീസ് കത്തനാർ മൽപാനെന്ന നിലയിൽ വൈദീകവിദ്യാർത്ഥികളെ പഠിപ്പിച്ച് തുടങ്ങിയിരുന്നു. മലങ്കര

മെത്രാപ്പോലീത്താ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് 5 നൽകിയ ഒരു സാക്ഷ്യപത്രത്തിൽ യൂഹാനോൻ മൽപാൻ സുറിയാനി ഭാഷയിലും ആരാധനാക്രമങ്ങളിലും പ്രാവീണ്യമുള്ള പണ്ഡിതശ്രേഷ്ഠനാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഗീവർഗീസ് മൽപാന്റെ ധിഷണാശക്തിയുടെയും പാണ്ഡിത്യത്തിന്റെയും അവഗാഹം ഒരുപടി മുന്നിലായിരുന്നു. അങ്ങനെ മുൻഗാമിയുടെയും പിൻഗാമിയുടെയും നിഴലിലായിപ്പോയെങ്കിലും പുരോഹിതനെന്ന നിലയിൽ തന്നെ ഭരമേൽപിച്ച അജപാലന ദൗത്യത്തിൽ ഉത്തമമാതൃകയായി അദ്ദേഹം ശോഭിച്ചു. 1876 ൽ പാമ്പാക്കുടയിൽ വസൂരി പടർന്നുപിടിച്ചു. യൂഹാനോൻ മൽപാന്റെ സഹോദരൻ മാത്തനും അദ്ദേഹത്തിന്റെ ഭാര്യയും വസൂരിക്ക് കീഴടങ്ങി. യൂഹാനോൻ മൽപാനും രോഗബാധിതനായെങ്കിലും ദൈവകൃപയാൽ സുഖം പ്രാപിച്ചു. അതേത്തുടർന്ന് രോഗബാധിതരുടെ ഭവനങ്ങളിൽ ഭക്ഷണവുമായി ചെന്ന് അവരെ പരിചരിയ്ക്കുവാൻ അദ്ദേഹം നിർഭയം മുന്നിട്ടിറങ്ങി. ആ കാലഘട്ടത്തിലാണ് പാമ്പാക്കുട വലിയപള്ളിയുടെ മുഖവാരം ഇന്നു കാണുന്ന നിലയിൽ പണിഞ്ഞത്. 1890 മാർച്ച് 9 ഞായറാഴ്ച വിശുദ്ധ കുർബ്ബാനയ്ക്ക് മുൻപുള്ള നമസ്ക്കാരത്തിനിടെ യൂഹാനോൻ മൽപാൻ കർതൃസന്നിധിയിലേക്ക് വിളിക്കപ്പെട്ടു

മലങ്കര മൽപാൻ മാത്തൻ കോർ എപ്പിസ്കോപ്പാ (1860 – 1927)

യൂഹാനോൻ മൽപാന്റെ പിൻഗാമിയായി 20 മത്തെ കോനാട്ട് മൽപാനായ ഗീവർഗീസ് മൽപാൻ (പിന്നീട് ഗീവർഗീസ് മാർ യൂലിയോസ്) 1885-ൽ തന്റെ മുൻഗാമി ജീവിച്ചിരിക്കുമ്പോൾ തന്നെ കാലം ചെയ്തു. അതിനാൽ ഗീവർഗീസ് മൽപാൻ മലങ്കര മൽപാൻ സ്ഥാനം അലങ്കരിച്ചില്ല. മാർ യൂലിയോസിന്റെ സഹോദരൻ കോരയുടെ പുത്രൻ മാത്തൻ മൽപാനാണ് 21 -ാമത്തെ കോനാട്ട് മൽപാനായത്

1860 മാർച്ച് 29 നാണ് മാത്തൻ മൽപാന്റെ ജനനം. മാതാവിന്റെ പേര് അന്നം. മാർ ദിവന്നാസ്യോസ് 5 ൽ നിന്ന് 11-ാം വയസിൽ കോറൂയോ പട്ടമേറ്റു. ആദ്യമായി മലങ്കര സന്ദർശിച്ച അന്ത്യോഖ്യാ പാത്രിയർക്കീസായ മാർ പത്രോസ് III ൽ നിന്ന് പൂർണശെമ്മാശ പട്ടമേറ്റശേഷം പ്രത്യേകാനുമതിയോടെ എലിസബത്തിനെ വിവാഹം ചെയ്തു. ആറ് പെൺമക്കളും ഒരു പുത്രനും മാത്തൻ-എലിസബേത്ത് ദമ്പതികൾക്ക് ഉണ്ടായി. കോനാട്ട് കുടുംബം പാമ്പാക്കുടയിലേക്ക് താമസം മാറ്റിയതിനു ശേഷം കുടുംബത്തിലെ വിവാഹിതനായ ആദ്യ പട്ടക്കാരനായിരുന്നു അദ്ദേഹം. 1883 നവംബർ 13 ന് ഫോർട്ട് കൊച്ചി പള്ളിയിൽ വെച്ച് മാർ ദിവന്നാസ്യോസ് V ൽ നിന്ന് കശീശാപട്ടമേറ്റു.

പിതൃസഹോദരനായ കോനാട്ട് മാർ യൂലിയോസിൽനിന്നാണ് സുറിയാനിയും ആരാധനക്രമങ്ങളും അദ്ദേഹം പഠിച്ചത്. പിന്നീട് വെട്ടിക്കൽ ദയറായിൽച്ചെന്ന് പരുമലത്തിരുമേനിയിൽ നിന്ന് സുറിയാനി ആരാധാന സംഗീതവും ഹൃദിസ്ഥമാക്കി. 1890 ഏപ്രിൽ 17-ന് മുൻഗാമിയായ യൂഹാനോൻ മൽപാന്റെ 40 ാം അടിയന്തിരദിനത്തിൽ മാത്തൻ മൽപാന് മലങ്കര മൽപാൻ സ്ഥാനം നൽകി.

മാത്തൻ മൽപാൻ അധ്യാപന ജീവിതം ആരംഭിച്ചത് പാമ്പാക്കുടയിൽത്തന്നെ ആയിരുന്നു. 1886 ൽ നവീകരണക്കാരുമായുള്ള വ്യവഹാരങ്ങളുടെ പരിസമാപ്തിയിൽ കോട്ടയം പഴയസെമിനാരി മാർ ദിവന്നാസ്യോസ് V നടത്തിയെടുത്ത് അവിടെ വൈദികപരിശീലനം പുനരാരംഭിച്ചപ്പോൾ വട്ടശേരിൽ ഗീവർഗീസ് മൽപാനോടൊപ്പം മാത്തൻ മൽപാനും സെമിനാരി അധ്യാപകനായി. പല കാരണങ്ങളാൽ അദ്ദേഹത്തിന്റെ സെമിനാരി അധ്യാപനം അവിരാമമായിരുന്നില്ല. സെമിനാരിയിൽ പഠിപ്പിക്കാത്ത കാലയളവിൽ അദ്ദേഹം പാമ്പാക്കുടയിൽ വൈദികവിദ്യാർത്ഥികളെ പഠിപ്പിച്ചിരുന്നു. 1893 ൽ അങ്കമാലി ഭദ്രാസനത്തിന്റെ വികാരി ജനറലായി അദ്ദേഹം സ്ഥാനമേറ്റു. വ്യക്തമായ അധികാരങ്ങളുള്ള ആ പദവിയിലിരുന്നുകൊണ്ട് അദ്ദേഹം ഭദ്രാസനത്തിലെ ഇടവകകൾ സന്ദർശിക്കുകയും കലഹങ്ങൾക്ക് തീർപ്പുണ്ടാക്കുകയും വരവുചെലവു കണക്കുകൾ പരിശോധിക്കുകയും ചെയ്തിരുന്നു. 1892 മാർച്ച് 31 ന് കൂടിയ സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗത്തിൽ മാത്തൻ മൽപാനെ വൈദിക ട്രസ്റ്റിയായി തെരെഞ്ഞെടുത്തു. 1869 മുതൽ ആ സ്ഥാനത്തിരുന്ന താഴത്ത് ചാണ്ടപ്പിള്ള കത്തനാർ നവീകരണവിഭാഗത്തിലേക്ക് കൂറുമാറിയ സാഹചര്യത്തിലായിരുന്നു ഈ തെരെഞ്ഞെടുപ്പ്. എന്നാൽ ചാണ്ടപ്പിള്ള കത്തനാരെ ഔദ്യോഗികമായി ട്രസ്റ്റി സ്ഥാനത്തുനിന്ന് നീക്കം ചെയ്യാഞ്ഞതിനാൽ ഈ തെരെഞ്ഞെടുപ്പ് കോടതി അസാധുവാക്കി. തുടർന്ന് ചാണ്ടപ്പിള്ള കത്തനാരെ ഔദ്യോഗികമായിത്തന്നെ ട്രസ്റ്റിസ്ഥാനത്തുനിന്ന് നീക്കം ചെയ്യാൻ അന്യായം ഫയൽ ചെയ്യുകയും, അനുകൂലവിധി നേടിയശേഷം 1895 നവംബർ 22ന് കോട്ടയം പഴയ സെമിനാരിയിൽ കൂടിയ അസോസിയേഷൻ യോഗത്തിൽ മാത്തൻ മൽപാൻ ഐകകണ്ഠേന തെരെഞ്ഞെടുക്കപ്പെടുകയും ചെയ്തു.

മലങ്കരസഭയ്ക്ക് വിലപ്പെട്ട സംഭാവനകൾ നൽകിയ കറതീർന്ന ബഹുമാന്യവ്യക്തിത്വമായിരുന്നു കോര മാത്തൻ മൽപാനെന്ന് ചരിത്ര ഗവേഷകനായ പി തോമസ് രേഖപ്പെടുത്തിയിട്ടുണ്ട്. മലബാർ ത്രീസ സ് ശുബഹോ സമൂഹം, മലങ്കര യാക്കോബായ സുറിയാനി സുവി

ശേഷ പ്രചാര സംഘം എന്നീ ആത്മീയ സംഘടനകളുടെ സ്ഥാപ കരിൽ പ്രമുഖനായിരുന്നു മൽപാൻ. 1910 ൽ നിത്യപ്രാർത്ഥനയ്ക്കായി അദ്ദേഹം രൂപം കൊടുത്ത പ്രാർത്ഥനാക്രമം എന്ന പുസ്തകമാണ് പാമ്പാക്കുട നമസ്ക്കാരം എന്ന് പൊതുവെ അറിയപ്പെടുന്നത്. ദി വസേനയുള്ള നമസ്ക്കാരം കൂടാതെ നോമ്പിലെ നമസ്ക്കാരവും രഹസ്യപ്രാർത്ഥനകളും വിശേഷാവസരങ്ങൾക്കുള്ള പ്രാർത്ഥനകളു മൊക്കെ അതിൽ അടങ്ങിയിട്ടു്. പെഷീത്താ ബൈബിളിലെ പുതിയന ിയമത്തിന്റെ പരിഭാഷ അദ്ദേഹം തുടങ്ങി വെച്ചത് പൂർത്തീകരിക്കുന്നത് അദ്ദേഹത്തിന്റെ കാലശേഷം പുത്രനായ അബ്രഹാം മൽപാൻ II മന ും ശിഷ്യന്മാരും ചേർന്നാണ്. ആനുകാലികപ്രസിദ്ധീകരണങ്ങൾ മതപ രമായവ പ്രത്യേകിച്ചും പരിമിതമായ അക്കാലത്ത് മാത്തൻ മൽപാൻ സുറിയാനിയിൽ "സീമത് ഹാ -യെ" മലയാളത്തിൽ "ജീവനിക്ഷേപ ം" എന്നിവ പ്രസിദ്ധീകരിച്ചിരുന്നു. ഇന്ന് മലങ്കരസഭ മലയാളത്തിൽ ഉപയോഗിക്കുന്ന ക്യംതാ നമസ്ക്കാരവും വിശുദ്ധ കുർബ്ബാനക്രമവും വട്ടശേരിൽ മൽപാൻ, കത്തിൽ വർഗീസ് മാപ്പിള എന്നിവരോടൊപ്പം കോനാട്ട് മാത്തൻ മൽപാനും ചേർന്ന് പരിഭാഷപ്പെടുത്തിയവയാണ്..

1914 ലും 1915 ലും തിരുവിതാംകൂർ ശ്രീമൂലം പ്രജാസഭയിലേക്ക് തെരെഞ്ഞെടുക്കപ്പെട്ട മാത്തൻ മൽപാൻ പാമ്പാക്കുട ഗ്രാമത്തിലെ കാർഷിക-വിദ്യാഭ്യാസ-ഗതാഗത മേഖലകളുടെ വികസനത്തിനായി അക്ഷീണം പ്രയത്നിച്ചു. മൽപാന്റെ പല നിർദേശങ്ങളും ഭരണകൂടം ഏറ്റെടുത്ത് നടപ്പിലാക്കിയെന്നത് അദ്ദേഹത്തിന്റെ പുരോഗമനപരമായ ആശയങ്ങളുടെ സ്വീകാര്യത വ്യക്തമാക്കുന്നു.

അന്ത്യോഖ്യാ പാത്രിയർക്കീസീന്റെ കൽപനപ്രകാരം 1926 ഓഗസ്റ്റ് 16 ന് സ്ലീബാ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ മാത്തൻ മൽപാന് കോർ എപ്പിസ്കോപ്പാ സ്ഥാനം നൽകി. അതോടൊപ്പം മേൽപട്ടക്കാർ മാത്രം ധരിക്കുന്ന മത്തങ്ങാമുടിയും മറ്റ് പുരോഹിതർ കാർമികത്വം വഹിക്കുന്ന കൂദാശകളിൽ സന്നിഹിതരായിരിക്കുന്ന മേൽപട്ടക്കാർ മാത്രം ചെയ്യുന്ന കർമ്മങ്ങൾ ചെയ്യുവാനുള്ള പ്രത്യേക അധികാരവും അദ്ദേഹത്തിന് നൽകപ്പെട്ടു. പെസഹാവ്യാഴാഴ്ചകളിൽ മേൽപട്ടക്കാർ മാത്രം നടത്തുന്ന കാൽകഴുകൽ ശുശ്രൂഷ നടത്താന ുള്ള അധികാരവും അദ്ദേഹത്തിന് ലഭിച്ചു. 1927 ലെ പെസഹാ വ്യാഴ ാഴ്ച പാമ്പാക്കുടയിൽ അദ്ദേഹം കാൽകഴുകൽ ശുശ്രൂഷ നടത്തി.

സഭയുടെ പുരോഗതിക്കായി ബഹുമുഖമായ സംഭാവന കൾ നൽകിയെങ്കിലും മലങ്കര മെത്രാപ്പോലീത്താ വട്ടശേരിൽ മാർ ദിവന്നാസ്യോസുമായി ഉായിരുന്ന അഭിപ്രായ ഭിന്നത മാത്തൻ

മൽപാനെ ഒരു വിവാദ പുരുഷനാക്കി എന്നതിൽ രണ്ടുപക്ഷമില്ല. കൂട്ടുട്രസ്റ്റിമാർ തമ്മിലുള്ള പ്രശ്നം നിമിത്തം അന്നത്തെ സഭാഭരണം അതിസങ്കീർണ്ണമാകുകയും അന്ത്യോഖ്യാ പാത്രിയർക്കീസിന് മലങ്കരസഭ മേലുള്ള അധികാരത്തെ സംബന്ധിച്ച് വ്യവഹാരങ്ങളിലേക്ക് വഴിതെളിക്കുകയും ചെയ്തു. എന്നാൽ ജീവിതാന്ത്യത്തോട് അടുത്തപ്പോൾ മാത്തൻ മൽപാൻ അനുരഞ്ജനത്തിനു വേണ്ടി തീവ്രമായി ആഗ്രഹിക്കുകയും അന്നത്തെ പാത്രിയർക്കീസ് കക്ഷി നേതൃത്വത്തിന്റെ എതിർപ്പിനെ അവഗണിച്ച് ചർച്ചകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. സമാധാനത്തിനു വേണ്ടി മദ്ധ്യപൗരസ്ത്യദേശത്തേക്ക് യാത്ര ചെയ്ത് പാത്രിയർക്കീസിനെ കാണുവാനും പ്രശ്നപരിഹാരം ഉണ്ടാക്കുവാനും അദ്ദേഹം സന്നദ്ധനായിരുന്നെങ്കിലും അതൊന്നും സംഭവിച്ചില്ല.

മലങ്കരയിലെ കക്ഷി വഴക്കു മൂലമാണ് പണ്ഡിതശ്രേഷ്ഠനും ബഹുമുഖ പ്രതിഭയുമായ മാത്തൻ മൽപാന് സഭാചരിത്രത്തിൽ അർഹിക്കുന്ന പരിഗണനയും ആദരവും ലഭിക്കാതെ പോയത്. മലങ്കര മെത്രാപ്പോലീത്തയെ എതിർത്തതിനാൽ ഓർത്തഡോക്സ് പക്ഷത്തുള്ളവർക്കും തന്റെ അവസാന നാളുകളിൽ സമാധാനത്തിനുവേണ്ടി പരിശ്രമിച്ചതിനാൽ പാത്രിയർക്കീസ് കക്ഷിയിലുള്ളവർക്കും അദ്ദേഹം അനഭിമതനായിത്തീർന്നു എന്നതാണ് ദുഖകരം. 1927 നവംബർ 8 ന് മലങ്കര മൽപാൻ മാത്തൻ കോർ എപ്പിസ്കോപ്പാ അന്തരിച്ചു.

അബ്രഹാം മൽപാൻ II (1908–1987)

മാത്തൻ മൽപാൻ കോർ എപ്പിസ്കോപ്പായുടെ ഏകപുത്രൻ അബ്രഹാം മൽപാൻ കോനാട്ട് കുടുംബത്തിലെ 22- ാമത്തെ മൽപാനായിരുന്നു. നീണ്ട 58 വർഷക്കാലം പാമ്പാക്കുട വലിയപള്ളിയുടെ വികാരിയായി അദ്ദേഹം സേവനമനുഷ്ഠിച്ചു. 1908 മാർച്ച് 30 ന് ജനിച്ച അബ്രഹാം മൽപാൻ ആറ് സഹോദരിമാർക്ക് ഏകസഹോദരൻ ആയിരുന്നു. മൂവാറ്റുപുഴയിൽ ആരംഭിച്ച സ്കൂൾ വിദ്യാഭ്യാസം ആലുവാ സെന്റ് മേരീസ് സ്കൂളിൽ പത്താംതരം വരെ തുടർന്നു. പണ്ഡിതനായ സ്വപിതാവിൽ നിന്ന് തന്നെയാണ് അദ്ദേഹം വൈദികവിദ്യാഭ്യാസം ആരംഭിച്ചതെങ്കിലും തന്റെ 19 ാമത്തെ വയസിൽ പിതാവ് മാത്തൻ മൽപാൻ അന്തരിച്ചു. എന്നാൽ പിൽക്കാലത്ത് ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത (പിന്നീട് ഔഗേൻ പ്രഥമൻ കാതോലിക്കാ) ഉൾപ്പെടെ മറ്റനേകം ഗുരുശ്രേഷ്ഠന്മാരിൽ നിന്ന് നേരിട്ട് പഠിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. 16 വയസുള്ളപ്പോൾ വെട്ടിത്തറ കുഴിക്കണ്ടത്തിൽ കുടുംബാംഗമായ മറിയാമ്മയെ അദ്ദേഹം

വിവാഹം കഴിച്ചു. അവർക്ക് രണ്ട് പുത്രിമാരും (എലിസബേത്ത്, ഷൈന) മൂന്ന് പുത്രന്മാരും (മാത്യു, ജോർജ്, ജോൺസ്) ഉണ്ടായി. 1929 ൽ മാർ തീമോത്തിയോസിൽ നിന്ന് കശീശാപട്ടമേറ്റു. 1963 ജൂലൈ 3 ന് പരിശുദ്ധ ബസേലിയോസ് ഗീർഗീസ് II കാതോലിക്കാ ബാവാ അദ്ദേഹത്തിന് മലങ്കര മൽപാൻ സ്ഥാനം നൽകി.

1958-ൽ സഭാസമാധാനം സംജാതമായപ്പോൾ അബ്രഹാം മൽപാൻ സഭാനേതൃത്വത്തിൽ സജീവമാകുകയും ഭരണനേതൃത്വത്തിനു വേണ്ട ഉപദേശങ്ങൾ കൊടുക്കുകയും ചെയ്തു കൊണ്ടിരുന്നു. തുടർച്ചയായി മാനേജിംഗ് കമ്മറ്റി, വർക്കിംഗ് കമ്മിറ്റി, പ്ലാനിംഗ് കമ്മിറ്റ് തുടങ്ങിയവയുടെ അംഗമായി നാമനിർദേശം ചെയ്യപ്പെട്ട അദ്ദേഹം 1982 ഡിസംബർ 28 ന് കൂടിയ അസോസിയേഷൻ യോഗത്തിൽ വൈദീകട്രസ്റ്റിയായി തെരെഞ്ഞെടുക്കപ്പെട്ടു. 1987 മാർച്ച് 2 ന് അന്തരിക്കുന്നതു വരെ അദ്ദേഹം ആ സ്ഥാനം അലങ്കരിച്ചു.

മാർഗനിർദേശകനും ഉപദേശകനും എന്നതിലുപരിയായി സുറിയാനിയിൽ അഗാധപാണ്ഡിത്യം ഉണ്ടായിരുന്ന അബ്രഹാം മൽപാൻ ആരാധനാസാഹിത്യത്തിനു നൽകിയ സംഭാവനകൾ അനവധിയാണ്. കുർബാനതക്സ, ആണ്ടുതക്സാ, കൂദാശാക്രമങ്ങൾ, വൈദികരുടെയും അൽമായരുടെയും ശവമടക്കിന്റെ ക്രമങ്ങൾ, കന്തീലാ ശുശ്രൂഷാക്രമം, ശ്ഹീമാ നമസ്ക്കാരക്രമം, നോമ്പിലെ പ്രാർത്ഥനാക്രമം, ബാർ എബ്രായയുടെ കാനോൻ എന്നിവ അദ്ദേഹം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി. പരിശുദ്ധ ഗീവർഗീസ് II കാതോലിക്കാ ബാവായുടെ സാമ്പത്തിക സഹായത്താൽ പെങ്കീസാ നമസ്കാരക്രമവും അദ്ദേഹം ചിട്ടപ്പെടുത്തി പ്രസിദ്ധീകരിച്ചു. നാല് സുവിശേഷങ്ങളുടെയും വ്യഖ്യാനപഠനങ്ങൾ ഉൾക്കൊള്ളിച്ച് "വിശുദ്ധ സുവിശേഷങ്ങൾ : ഒരു ലഘു വ്യഖ്യാനം" എന്ന ഗ്രന്ഥവും രചിച്ചു.

സ്വന്തം ഇടവകയായ പാമ്പാക്കുട വലിയപള്ളിയിൽ പല നിർമ്മാണ പ്രവർത്തനങ്ങളും അബ്രഹാം മൽപാൻ നടത്തി. പിതാവായ മാത്തൻ മൽപാൻ തുടങ്ങി വച്ച മദ്ബഹാ പുനരുദ്ധാരണം 1934 ൽ പൂർത്തിയാക്കിയതും വലിയപള്ളിയുടെ കീഴിൽ അഞ്ചൽപെട്ടി സെന്റ് ജോർജ് ചാപ്പലും മാരേക്കാട്ട് ജംഗ്ഷനിലുള്ള സെന്റ് തോമസ് കുരിശുപള്ളി എന്നിവ സ്ഥാപിച്ചതും അദ്ദേഹമാണ്. വലിയപള്ളിയുടെ ഓഫീസ് കെട്ടിടം, മുൻഗാമികളുടെ കബറുകൾ, പള്ളിത്താഴത്തുള്ള കുരിശുപള്ളി എന്നിവയുടെ പുനർനിർമ്മാണവും അദ്ദേഹം നടത്തി.

സാമൂഹ്യസേവനത്തിന്റെ പാതയിൽ പിതാവ് കാട്ടിക്കൊടുത്ത

അനുകരണീയ മാതൃക പിൻപറ്റിയ അബ്രഹാം മൽപാൻ പാമ്പാക്കുട പഞ്ചായത്തിന്റെ പ്രഥമ പ്രസിഡന്റായി തെരെഞ്ഞെടുക്കപ്പെട്ടു. പ ാമ്പാക്കുട എന്ന ചെറു പട്ടണത്തിന്റെ വികസനത്തിനായി അദ്ദേഹം വഹിച്ച പങ്കിൽ എടുത്തുപറയേവയാണ് സർക്കാർ ആശുപത്രി, ചന്ത, എൻ ഇ എസ് ബ്ലോക്ക് ഓഫീസ്, പഞ്ചായത്ത് ഓഫീസ് തുടങ്ങിയവയുടെ സ്ഥാപനം. അദ്ദേഹത്തിന്റെ ഭരണകാലത്താണ് പാമ്പാക്കുടയുടെ വൈദ്യുതീകരണവും ആദ്യ ടെലിഫോൺ എക്സ്ചേഞ്ച് ഉദ്ഘാടനവും നടത്തിയത്.

ജോൺസ് എബ്രഹാം കശീശ

1956 മെയ് 3 ന് അബ്രഹാം മൽപാൻ II ന്റെ ഏറ്റവും ഇള യമകനായി ജോൺസ് എബ്രഹാം ജനിച്ചു. പാമ്പാക്കുടയിലും കോതമംഗലത്തുമായി വിദ്യാഭ്യാസം പൂർത്തീകരിച്ചതിനു ശേഷം ആലുവാ യു സി കോളജിൽ നിന്ന് മനശാസ്ത്രത്തിൽ ബിരുദം നേടി. ബിരുദപഠനകാലത്ത് തന്നെ പിതാവായ അബ്രഹാം മൽപാന്റെ പാദപ ീഠത്തിങ്കലാന് അദ്ദേഹം സുറിയാനി പഠനം ആരംഭിച്ചത്. പിൽക്കാലത്ത് ഫാ ഡോ വി സി ശാമുവേൽ ഞാർത്താങ്കൽ കോരുത് മൽപാൻ, പ ടുതോട്ടത്തിൽ അബ്രഹാം മൽപാൻ തുടങ്ങിയ ഗുരുശ്രേഷ്ഠരുടെയും ശിഷ്യനായി. പഴയസെമിനാരിയിൽ നിന്ന് വേദശാസ്ത്രത്തിൽ ബ ിരുദപഠനം പൂർത്തീകരിച്ചശേഷം ബെൽജിയത്തിലെ കാത്തലിക് യൂണിവേഴ്സിറ്റി ഓഫ് ലൂവെയ്ൻ-ലാ-നൂവിൽ നിന്ന് സുറിയാനി സഭാ പിതാക്കന്മാരെപ്പറ്റിയുള്ള ഗവേഷണത്തിന് ഡോക്ടറേറ്റ് കരസ്ഥമാക്കി.

ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് 1980 മാർച്ച് 8 ന് ശെമ്മാശപ്പട്ടവും 1985 സെപ്തംബർ 29 ന് കശീശാ പട്ടവും ലഭിച്ചു. ഞാർത്താങ്കൽ കോരുത് മൽപാൻ-ഏലിയാമ്മ ദമ്പതികളുടെ മകൾ നിസ്സിയെ 1984 ഡിസംബർ 31 ന് അദ്ദേഹം വിവാഹം കഴിച്ചു. രണ്ട് പുത്രന്മാരിൽ മൂത്തയാളായ പോൾ ജോൺ കോനാട്ട് കോട്ടയം പഴയ സെമിനാരിയിൽ നിന്ന് വൈദീക വിദ്യാഭ്യാസം പൂർത്തിയാക്കി. 2018 ൽ കശീശാ പട്ടമേറ്റു. ഇളയമകൻ സാമുവേൽ ജോൺ എൻജിന ിയറാണ്.

1987 മാർച്ച് 2ന് അബ്രഹാം മൽപാന്റെ മരണാനന്തരം പാമ്പാക്കുട വലിയപള്ളിയുടെ വികാരിയായി ജോൺസ് മൽപാൻ ചുമതലയേറ്റു. 1985 ൽ കോട്ടയം പഴയ സെമിനാരിയിൽ അധ്യാപകവൃത്തിയിലേക്കുള്ള ക്ഷണം സ്വീകരിച്ച മൽപാൻ ഇന്നുവരെ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികളെ സുറിയാനി ഭാഷയും കാനോനുകളും, അരാധന

ാക്രമങ്ങളും പഠിപ്പിക്കുന്നു. സെമിനാരി വിദ്യാർത്ഥികളെ തക്സാ തഴുകിക്കുന്നതും അദ്ദേഹമാണ്. കോട്ടയത്ത് പ്രവർത്തിക്കുന്ന സീറി യിലെ സുറിയാനി അധ്യാപകനായും അദ്ദേഹം സേവനമനുഷ്ഠിക്കുന്നു.

സഭയിൽ അനേകം ചുമതലകൾ ജോൺസ് മൽപാൻ നാളിതുവ രെ വഹിക്കുന്നു. സെന്റ് തോമസ് വൈദികസംഘം ജനറൽ സെക്രട്ടറി, പഴയ സെമിനാരി ബർസാർ, കണ്ടനാട് ഭദ്രാസന സെക്രട്ടറി എന്നീ ന ിലകളിൽ പ്രവർത്തിച്ച അദ്ദേഹം ഫെയ്ത് ആൻഡ് ഓർഡർ കമ്മീഷന ിൽ മലങ്കര ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ചിട്ടുണ്ട്. 2007 മാർച്ച് 21 ന് പരുമലയിൽ കൂടിയ സുറിയാനി ക്രിസ്ത്യാനി അസോസിേ യഷൻ യോഗം അദ്ദേഹത്തെ വൈദികട്രസ്റ്റിയായി തെരെഞ്ഞെടുത്തു. 2012 മാർച്ച് 7 ന് കൂടിയ അസോസിയേഷൻ രണ്ടാമതും വൈദികട്രസ്റ്റി സ്ഥാനത്തേയ്ക്ക് അദ്ദേഹത്തെ തെരെഞ്ഞെടുത്തു. ഓർത്തഡോക്സ്-കത്തോലിക്കാ ചർച്ചകൾക്കുള്ള സംയുക്ത കമ്മീഷൻ അംഗമായും പ്രവർത്തിക്കുന്നു. ഫാ ഡോ ബി വർഗീസിനെ ാപ്പം കോനാട്ട് ജോൺസ് മൽപാൻ പരിഷ്കരിച്ച് ചിട്ടപ്പെടുത്തിയ സു റിയാനിഭാഷാ പ്രവേശിക എന്ന ഗ്രന്ഥമാണ് ഇന്ത്യയിൽ ഏറ്റവും പ്ര ചാരമുള്ള ആധികാരിക സുറിയാനിഭാഷാ പഠനഗ്രന്ഥം. വേദശാസ്ത്രം, സഭാ പിതാക്കന്മാരുടെ ചരിത്രം പ്രാർത്ഥനാക്രമങ്ങൾ വ്യഖ്യാനങ്ങൾ തുടങ്ങി വിവിധ വിഷയങ്ങളിൽ പണ്ഡിതോചിതമായ ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്.

പാമ്പാക്കുട വലിയപള്ളി ചരിത്രം

ഫാ ഡോ ജോൺസ് എബ്രഹാം കോനാട്ട്

എ. ഡി. 1825 ൽ ആണ് പാമ്പാക്കുടയിലെ ആദ്യത്തെ ദേവാലയമായ വലിയപള്ളി സ്ഥാപിതമായത്. മാമ്മലശേരി മാർ മീഖായേൽ പള്ളിയായിരുന്നു അതിനുമുമ്പ് ഈ ദേശവാസികളുടെ ആരാധനാകേന്ദ്രം. കോനാട്ടു മൽപാന്മാരുടെ നേതൃത്വത്തിൽ തന്നെയാണ് മാതൃ ഇടവകയിൽ നിന്നു പിരിഞ്ഞ് പാമ്പാക്കുടയിൽ പുതിയ പള്ളി സ്ഥാപിച്ചതും. മാമ്മലശേരിയിലെ അവസാനത്തെ മൽപാനായിരുന്ന കോനാട്ട് ഗീവർഗീസ് മൽപാൻ തന്റെ പിൻഗാമിയാകുവാൻ തക്ക ബുദ്ധിയും വൈഭവവുമുള്ള ആരെയും സ്വന്ത കുടുംബത്തിൽ കാണാതെ പ്രതിസന്ധിയിലായിരുന്ന സമയത്താണ് സ്വന്ത സഹോദരീ പുത്രൻ അബ്രഹാമിന്റെ കഴിവുകൾ ശ്രദ്ധിക്കാനിടയായത്. പാമ്പാക്കുടയിലെ ഇട്ടഞ്ഞേരി കുടുംബത്തിലേക്ക് വിവാഹം കഴിച്ചയച്ചിരുന്ന സഹോദരിയുടെ മകൻ അബ്രഹാമിനെ ഗീവർഗീസ് മൽപാൻ ഒരു സഹായിയായി കൂടെ താമസിപ്പിച്ചിരുന്നു അദ്ദേഹത്തിന്റെ സാമർത്ഥ്യത്തിൽ ആകൃഷ്ടനായ മൽപാൻ അബ്രഹാമിനെ തന്റെ പിൻഗാമിയാക്കി, കോനാട്ടുമൽപാൻ എന്ന പദവിയും നൽകി വൈദികനാക്കി. സ്വന്ത കുടുംബത്തിൽ നിന്നും ശക്തമായ എതിർപ്പുണ്ടായതിനാൽ, ലൗകിക സമ്പാദ്യങ്ങൾ ഒന്നും ശിഷ്യനു നൽകാൻ മൽപാനു സാധിച്ചില്ല. എന്നാൽ താൻ ഒരു നിധിപോലെ കാത്തുസംരക്ഷിച്ചിരുന്ന സുറിയാനി ഗ്രന്ഥങ്ങൾ മാത്രം ശിഷ്യനു ലഭിച്ചു. പാമ്പാക്കുടയിലേക്ക് തന്റെ ആസ്ഥാനം മാറ്റുവാൻ അബ്രഹാം മൽപാനെ പ്രേരിപ്പിച്ചതും ഈ പ്രാദേശിക എതിർപ്പു തന്നെയായിരുന്നു.

1824 ഒക്ടോബർ 11 പാമ്പാക്കുട വലിയ പള്ളിയുടെ ശിലാസ്ഥാപനം നടന്നു. നെടുമ്പിള്ളിൽ ഇരവി കോരുളൻ ആണ് പള്ളി പണിയുവാൻ ആവശ്യമായ സ്ഥലം നൽകിയത്. പണിയുടെ സാമ്പത്തിക ബാദ്ധ്യത വലുതായിരുന്നു എങ്കിലും അബ്രഹാം മൽപാന്റെ സ്വാധീനം കൊണ്ട് കാര്യങ്ങൾ മുട്ടില്ലാതെ നടന്നു അന്നത്തെ മലങ്കര മെത്രാപ്പോ

ലീത്തന്മാരായിരുന്ന പുന്നത്ര ദിവന്നാസ്യോസ് തിരുമേനിയും ചേപ്പാട്ട് ദിവന്നാസ്യോസ് തിരുമേനിയും മൽപാനെ സഹായിച്ചു. കൂടാതെ സി. എം. എസ്. മിഷണറിമാരുമായി സഭ നല്ല ബന്ധങ്ങൾ സ്ഥാപിച്ചിരുന്ന കാലമായിരുന്നതിനാൽ അവരും പള്ളിപണിക്ക് സാമ്പത്തിക സഹായം നൽകി. 1825 മകരം 1 ന് (ജനുവരി 13) പുതുവത്സര ദിനത്തിൽ പരി. യോഹന്നാൻ ശ്ലീഹായുടെ നാമത്തിൽ പണിതുയർത്തിയ പാമ്പാക്കുട പള്ളി ആരാധനയ്ക്കു സജ്ജമായി. വി. മൂറോൻ സുലഫമല്ലാതിരുന്ന ആ കാലങ്ങളിൽ കൂദാശ ചെയ്ത തബ്ലൈത്താ ഉപയോഗിക്കുക എന്നല്ലാതെ ആദ്യം തന്നെ പള്ളികൾ കൂദാശ ചെയ്യുന്ന പതിവൊന്നും ഉൺായിരുന്നില്ല. അന്ത്യോഖ്യാ പാത്രിയർക്കീസ് പത്രോസ് ത്രിതീയന്റെ ആഗമനശേഷം 1877 മാർച്ച് 12ന് അദ്ദേഹം തന്നെയാണ് പള്ളിയുടെ പ ൂർണ്ണമായ കൂദാശ നടത്തിയത്.

പള്ളിസ്ഥാപകനായ കോനാട്ട് അബ്രഹാം മൽപാൻ 1865 ഒക്ടോ ബർ 28ന് നിര്യാതനായി. 29ന് കബറടക്കപ്പെട്ടു. അന്നുമുതൽ ഈ തീ യതികൾ പള്ളിയുടെ പ്രധാന പെരുന്നാളായി ആഘോഷിച്ചുവരുന്നു അദ്ദേഹത്തിന്റെ പിൻഗാമികളായ കോനാട്ടു കുടുംബത്തിലെ വൈദിക രാണ് അന്നു മുതൽ പള്ളി ഭരണം നടത്തി വരുന്നത്. അബ്രഹാം മൽപ ാന്റെ പിൻഗാമികൾ, യൂഹാനോൻ മൽപാൻ (1809–1890), പിന്നീട് ഗീവർ ഗീസ് മാർ യൂലിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴി ക്കപ്പെട്ട ഗീവർഗീസ് മൽപാൻ (1825–1885), മാത്തൻ കോർ എപ്പിസ്കോ പ്പാ (1860–1927) അബ്രഹാം മൽപാൻ II (1908–1987) എന്നിവരായിരുന്നു. മാർ യൂലിയോസ് മെത്രാപ്പോലീത്ത ഒഴികെ എല്ലാവരും മലങ്കര മൽപ ാൻ എന്ന സ്ഥാനം വഹിച്ചിരുന്നവരും അബ്രഹാം മല്പാൻ I ഒഴികെ എല്ലാവരും സഭയിലെ വൈദിക ട്രസ്റ്റിമാരും ആയിരുന്നു

യൂഹാനോൻ മൽപാൻ വികാരിയായിരിക്കെ 1883 ൽ ആണ് പള്ളി യുടെ മുഖവാരം ഇന്നു കാണും വിധം പൂർത്തീകരിച്ചത്. 1900 ൽ ഉ ണ്ടായ ഭൂകമ്പത്തിൽ കേടുപറ്റിയ മദ്ബഹായുടെ പുനർനിർമ്മാണം 1918 ൽ മാത്തൻ കോറെപ്പിസ്ക്കോപ്പായുടെ നേതൃത്വത്തിൽ ആരംഭിച്ചു. എന്നാൽ പണികൾ പൂർത്തീകരിച്ചത് 1934 ൽ അദ്ദേഹത്തിന്റെ പുത്രൻ അബ്രഹാം മൽപാൻ II ന്റെ കാലത്താണ്. തുടർന്ന് 2004 ൽ പള്ളിയുടെ ഇരുവശങ്ങളിലേയും വരാന്തകൾ വിപുലമാക്കി മേയുകയും, 2012 ൽ മദ്ബഹായിൽ കദൂശ്കുദ്ശീൻ നിർമ്മിച്ച് മോടിപിടിപ്പിക്കുകയും ചെ യ്തു.

പാമ്പാക്കുട വലിയ പള്ളിക്ക് ഇടവകയുടെ വിവിധ ഭാഗങ്ങളി ലായി നാലു കുരിശുകളും മൂന്ന് ചാപ്പലുകളുമുൺ. ഇവയിൽ പള്ളി

ത്താഴത്തെ കുരിശിനും പള്ളിയുടെ പടിഞ്ഞാറു വശത്ത് റോഡരികിൽ കാണുന്ന കുരിശിനും പള്ളിയോളം തന്നെ പഴക്കമുണ്ടാകണം. പരി. പരുമല തിരുമേനി വിശുദ്ധനാടുകൾ സന്ദർശിച്ചു തിരികെ വന്നപ്പോൾ കൊണ്ടുവന്ന് തിരുശേഷിപ്പുകൾ 1903 ൽ പള്ളിത്താഴത്തെ കുരിശിങ്കൽ സ്ഥാപിച്ചു. കോനാട്ട് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ ശിഷ്യനായിരുന്ന പരുമല തിരുമേനി, സ്വന്ത ഗുരുവിനോടുള്ള ബഹുമാനാർത്ഥമാണ് ഈ തിരുശേഷിപ്പുകൾ ഇവിടെ സ്ഥാപിച്ചത്. പരി. ദൈവമാതാവിന്റെ മുലപ്പാൽ വീണ സ്ഥലത്തെ മണ്ണ്, പരി. ഗീവർഗീസ് സഹദായുടെ തിരുശേഷിപ്പ്, ഒരു പാറമേൽ തീ കാഞ്ഞുകൊണ്ടിരുന്ന പരി. പൗലോസ് ശ്ലീഹായുടെ കൈയിൽ സർപ്പ ദംശനമേറ്റ അതേ പാറയിൽ നിന്നു പുറപ്പെടുന്ന "സർപ്പനാക്ക്" എന്ന വിശിഷ്ട വസ്തു, മൂറായുടെ മാർ സോഖെ (അഥവാ സാന്താക്ലോസ് എന്നറിയപ്പെടുന്ന സെ. നിക്കോളാസ്), മാർ ശ്മൂയേൽ, കുറിയാക്കോസ് സഹദാ എന്നിവരുടെ തിരുശേഷിപ്പുകൾ എന്നിവയാണ് ഇവിടെ സ്ഥാപിച്ചിട്ടുള്ളത്. മാർ തോമാശ്ലീഹായുടെ നാമത്തിൽ കാക്കൂർ ചന്തക്കു സമീപമുള്ള പഴയ കുരിശ് 1972 ൽ പുതുക്കി പണിതു. എം റ്റി. എം കവലയിൽ മാർതോമ്മാ ശ്ലീഹായുടെ നാമത്തിലുള്ള കുരിശുപള്ളി 1972 ൽ സ്ഥാപിച്ചതാണ്.

പള്ളിയുടെ കീഴിലുള്ള ആദ്യത്തെ ചാപ്പൽ അഞ്ചൽപ്പെട്ടിയിലാണ് സ്ഥാപിക്കപ്പെട്ടത്. ആദ്യകാലം മുതൽതന്നെ അവിടെയുണ്ടായിരുന്ന ഒരു കുരിശ് 1916 ൽ ഒരു കുരിശുപള്ളിയായി പണിയുകയും 1976 ൽ അത് ഒരു ചാപ്പലാക്കി ഉയർത്തുകയും ചെയ്തു. ചെട്ടിക്കണ്ടത്തിൽ പരി. പരുമല തിരുമേനിയുടെ നാമത്തിലുള്ള ചാപ്പൽ 1992 ൽ സ്ഥാപിതമായി. പരിശുദ്ധന്റെ തിരുശേഷിപ്പുകൾ അവിടെ സ്ഥാപിച്ചിരിക്കുന്നു കാളക്കുഴി(മേമ്മുറി തെക്ക്) ഭാഗത്ത് പരി. യൽദോ മാർ ബസേലിയോസ് ബാവായുടെ നാമത്തിലുള്ള ചാപ്പൽ 2005 ൽ സ്ഥാപിക്കപ്പെട്ടതാണ്.

ആത്മീക സംഘടനകളുടെ പ്രവർത്തനങ്ങൾ ഇടവകയിൽ സജീവമായി നടക്കുന്നു യുവജന പ്രസ്ഥാനവും, മർത്തമറിയം വനിതാസമാജവും, അനുബന്ധമായ നവജ്യോതി മോംസിന്റെ പ്രവർത്തനങ്ങളും ബാലസമാജവും ബാലികാസമാജവും എല്ലാം കൃത്യമായും ചിട്ടയായും പ്രവർത്തിക്കുന്നു ഇടവകയെ 21 കുടുംബ യൂണിറ്റുകളായി തിരിച്ച് ക്രമീകൃതമായിതന്നെ പ്രാർത്ഥനായോഗങ്ങൾ നടത്തി വരുന്നു.

ഭാഗം 3

തുമ്പമൺ ഭദ്രാസന ചരിത്രം

വർഗീസ് ജോൺ തോട്ടപ്പുഴ

1876-ൽ മലങ്കരസഭയെ ഏഴു ഭദ്രാസനങ്ങളായി വിഭജിച്ചപ്പോഴാണ് തുമ്പമൺ ഭദ്രാസനം രൂപീകൃതമായത്. മുളന്തുരുത്തി സുന്നഹദോസിന്റെ (1876 ജൂൺ 27-30) നിശ്ചയപ്രകാരമാണ് ഭദ്രാസനവിഭജനം നടത്തിയതെന്ന് ചില ചരിത്രകാരന്മാർ അഭിപ്രായപ്പെടാറുണ്ടെങ്കിലും അതു ശരിയല്ല. സുന്നഹദോസ് ഇങ്ങനെയൊരു വിഷയം പരിഗണിച്ചിട്ടില്ല.

1876 ഡിസംബർ മൂന്നാം തീയതി ഞായറാഴ്ച വടക്കൻപറവൂർ മാർ തൊമ്മൻ പള്ളിയിൽ വച്ച് മാർ ഇഗ്നാത്തിയോസ് പത്രോസ് തൃതിയൻ പാത്രിയർക്കീസ് ബാവാ "തുമ്പമൺ ദൈവമാതാവിന്റെ പള്ളിയും അതിനു ചുറ്റുമുള്ള പള്ളികളും" അടങ്ങുന്ന ഭദ്രാസനത്തിനുവേണ്ടി കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായെ വാഴിച്ചു. തുമ്പമൺ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായ ഇദ്ദേഹം 1884 മാർച്ച് 21-ാം തീയതി വെള്ളിയാഴ്ച കാലം ചെയ്ത് പാമ്പാക്കുട സെന്റ് ജോൺസ് വലിയപള്ളിയിൽ കബറടക്കി.

പ. പാത്രിയർക്കീസ് ബാവാ, 1877 മേടം 23 (മെയ് 5) -ന് നൽകിയ സ്താത്തിക്കോൻ പ്രകാരം 21 പള്ളികളുടെ ഭരണമാണ് മെത്രാപ്പോലീത്തായെ ഏല്പിച്ചത്. പള്ളികളുടെ പട്ടിക താഴെ ചേർക്കുന്നു:-

തുമ്പമൺ മർത്തമറിയം, ഓമല്ലൂർ, കൈപ്പട്ടൂർ, ചന്ദനപ്പള്ളി, മാക്കാംകുന്ന്, കുറത്തിയാട്, റാന്നി, വൈക്കം, അയിരൂർ, കോഴഞ്ചേരി, കാട്ടൂർ, മാരാമൺ, നെല്ലിക്കൽ, ഇലന്തൂർ, ഉമയാറ്റുകര, കിഴവള്ളൂർ, പരിയാരം, അറത്തി, മാന്തുക, പുന്തല, മെഴുവേലി.

മലങ്കരസഭയെ ഭദ്രാസനങ്ങളായി വിഭജിച്ചപ്പോൾ ചെങ്ങന്നൂർ, കല്ലിശ്ശേരി, വെണ്മണി, പുത്തൻകാവ് എന്നീ പള്ളികൾ കൊല്ലം ഭദ്രാസനത്തിലായിരുന്നു ഉൾപ്പെടുത്തിയിരുന്നത് എന്നുള്ള വസ്തുത ഇക്കാലത്ത് വിശ്വസിക്കാൻ പ്രയാസമായി തോന്നാം. ഈ പള്ളിക

ളും അവയോടൊപ്പം കറ്റാനം പള്ളിയും പിന്നീടു തുമ്പമൺ ഭദ്രാസന ത്തിൽ ചേർത്തു. പക്ഷേ ഏതുകാലത്താണ് ചേർത്തതെന്ന് നിശ്ചയമില്ല. വാകത്താനം ഗീവർഗീസ് റമ്പാൻ (പ. ഗീവർഗീസ് പ്രഥമൻ കാതോലി ക്കാ ബാവാ) 1906 ൽ പ്രസിദ്ധീകരിച്ച 'മലങ്കര ഇടവക പഞ്ചാംഗം-1907' എന്ന ചെറുഗ്രന്ഥത്തിൽ കൊടുത്തിരിക്കുന്ന പള്ളികളുടെ ലിസ്റ്റിൽ ഈ പള്ളികൾ തുമ്പമൺ ഭദ്രാസനത്തിലാണെന്നാണ് കാണിച്ചിരിക്കു ന്നത്. അതിനാൽ 1906 ന് മുൻപ് ഈ അഞ്ചു പള്ളികളും കൊല്ലം ഭദ്രാ സനത്തിൽ നിന്ന് തുമ്പമൺ ഭദ്രാസനത്തിലേക്കു മാറ്റിയെന്നു വ്യക്തം.

ഭദ്രാസന വിഭജനകാലത്തിനു (1876) മുൻപു തന്നെ ഉണ്ടായിരുന്ന ഇടവങ്കാട്, ഉളനാട്, കുടശനാട്, കടമ്മനിട്ട, അയിരൂർ പുത്തൻ, കുമ്പ നാട് തുടങ്ങിയ പള്ളികൾ ഏതു ഭദ്രാസനത്തിലാണ് ഉൾപ്പെടുത്തിയി രുന്നതെന്നു നിശ്ചയമില്ല. എന്നാൽ കുമ്പനാട് ഒഴികെയുള്ള പള്ളികൾ 1906 ലെ ലിസ്റ്റിലുണ്ട്. അന്നത്തെ ലിസ്റ്റിൽ അവയെല്ലാം തുമ്പമൺ ഭദ്രാ സനത്തിലാണ് കാണിച്ചിരിക്കുന്നത്.

ക്നാനായ ഭദ്രാസന രൂപീകരണത്തോടെ (1910) റാന്നി, കല്ലിശേരി പള്ളികളും 1905 -ൽ സ്ഥാപിതമായ ഐരേത്തല പള്ളിയും ആ ഭദ്രാസന ത്തിൽ ചേർത്തു. നവീകരണ കക്ഷി (മാർത്തോമ്മാസഭ) യുടെ ആവിർ ഭാഗത്തോടെ ചില പള്ളികൾ അവരുടെ കൈവശത്തിലായി. ഉദാ :- മാരാമൺ, കോഴഞ്ചേരി, കുറത്തിയാട്

പിൽക്കാലത്ത് ഉമയാറ്റുകരപള്ളി നിരണം ഭദ്രാസനത്തിലും, കറ്റാ നം പള്ളി വീണ്ടും കൊല്ലം ഭദ്രാസനത്തിലും ചേർത്തു. 1935 ലെ ഒരു ലിസ്റ്റിൽ ഈ വിധത്തിൽ കാണുന്നതിനാൽ അതിനുമുമ്പായി ഈ മാറ്റം വരുത്തിയെന്ന് വ്യക്തമാണ്.

1985-ൽ ചെങ്ങന്നൂർ ഭദ്രാസനരൂപീകരണത്തോടെ തുമ്പമൺ ഭദ്രാസനത്തിൽ നിന്ന് പ്രാരംഭകാലത്ത് ഉണ്ടായിരുന്നവ ഉൾപ്പെടെ 35 പള്ളികൾ ആ ഭദ്രാസനത്തിൽ ചേർത്തു. ചുരുക്കത്തിൽ ചെറുതും വ ലുതുമായ പല പുനസംഘടനകളിൽ കൂടിയാണ് തുമ്പമൺ ഭദ്രാസനം ഇന്നത്തെ രൂപം പ്രാപിച്ചിരിക്കുന്നത്.

(ആദ്യകാലത്തെ പള്ളികളെ സംബന്ധിച്ചു മാത്രമേ ഇവിടെ പരമാർശിച്ചിട്ടുള്ളൂ. പിൽക്കാലത്തുണ്ടായ പള്ളികളും ഭദ്രാസനമാറ്റ ങ്ങൾക്ക് വിധേയമായിട്ടുൺ്)

(മാർ ഇഗ്നാത്തിയോസ് അബ്ദുള്ളാ ദ്വിതിയൻ പാത്രിയർക്കീസ് ബാവാ(1909-1911) ഏഴു ഭദ്രാസനങ്ങൾക്ക് മാർത്തോമ്മാ ശ്ലീഹാ സ്ഥാപ ിച്ച ഏഴു പള്ളിയുടെ പേരു വിശേഷണമായി നൽകിയതായി കൊച്ചുപ

റമ്പിൽ പൗലോസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ 1911 വൃശ്ചികമാസം 25-ാം തീയതി കോട്ടയത്ത് സെമ്മിനാരിയിൽ നിന്ന് പുറപ്പെടുവിച്ച 213-ാം നമ്പർ കൽപനയിൽ കാണുന്നു. ഇതനുസരിച്ച് തുമ്പമൺ ഇടവകയെ ചായൽ ഇടവകയെന്നും വിളിച്ച് പോന്നു)

Reference

1. *ഇടവഴിക്കൽ ഫിലിപ്പോസ് കോറെപ്പിസ്കോപ്പാ, സഭാപഞ്ചാംഗം - 1873*
2. *വാകത്താനം ഗീവർഗീസ് റമ്പാൻ , മലങ്കര ഇടവക പഞ്ചാംഗം 1907 & 1908*
3. *പൗരസ്ത്യ കാതോലിക്കേറ്റ് വ്യവസ്ഥാപന മലങ്കരനിധി 1110*
4. *കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ സ്താത്തിക്കോൻ (സുറിയാനി) 1877 മേടം 23*
5. *നൂറുവർഷം പഴക്കമുള്ള ഒരു കയ്യെഴുത്തു ഗ്രന്ഥം*
6. *തുമ്പമൺ ഭദ്രാസന ഡയറക്ടറി 1965*

തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്തമാർ

ഫാ. ടൈറ്റസ് ജോർജ്ജ്

മലങ്കര ഓർത്തഡോക്സ് സഭയുടെ മാതൃകാ ഭദ്രാസനം എന്നറിയപ്പെടുന്ന തുമ്പമൺ ഭദ്രാസനം ഉൾപ്പെട്ടു നില്ക്കുന്ന പ്രദേശത്ത്, ക്രിസ്തുമതം ആവിർഭവിച്ചത്, ഭാരതത്തിന്റെ അപ്പോസ്തോലനായ പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ പ്രേഷിത പ്രവർത്തനം മൂലമാണെന്ന് അനുമാനിക്കൻ ധാരാളം തെളിവുകളുണ്ട്. ഒന്നാം നൂറ്റാണ്ടിൽ അദ്ദേഹം സ്ഥാപിച്ച നിലയ്ക്കൽ (ചായൽ) പള്ളി ഉൾപ്പെട്ടുനിൽക്കുന്ന സ്ഥലം 13-ാം നൂറ്റാണ്ടുവരെ പ്രബല ക്രിസ്തീയ കേന്ദ്രമായിരുന്നു. പമ്പാനദിക്ക് തെക്കും കക്കാട്ടാറിന് വടക്കുമുള്ള വനമദ്ധ്യത്തിലാണ് പ്രസ്തുത സ്ഥലം. ഇരുളടഞ്ഞ കാനനമദ്ധ്യത്തിൽ കെട്ടിടങ്ങളുടെ തറകളും, ക്ഷേത്രവും, പള്ളിത്തറയും, കിണറുകളും, കല്ലറകളും ഇന്നും ദൃശ്യമാണ്. ഇപ്പോഴത്തെ തമിഴ്നാടിന്റെ അതിർത്തി പ്രദേശങ്ങളുമായി വാണിജ്യബന്ധമുായിരുന്ന ചരിത്രപ്രസിദ്ധമായ നിലയ്ക്കൽ പ്രദേശത്തുനിന്നും പലായനം ചെയ്യേണ്ടിവന്ന നമ്മുടെ പൂർവ്വികന്മാരിൽ ഒരുപറ്റം വിശ്വാസികൾ പടിഞ്ഞാറൻ പ്രദേശങ്ങളായ കടമ്പനാട്, തുമ്പമൺ, വെണ്മണി, ഓമല്ലൂർ, പത്തനംതിട്ട എന്നിവിടങ്ങളിലേക്കും, ഒരു വിഭാഗം കാഞ്ഞിരപ്പള്ളി, പാലാ, ഭരണങ്ങാനം പ്രദേശങ്ങളിലേക്കും കുടിയേറിപ്പാർത്തു. ഇതിൽ രണ്ടാമത്തെ വിഭാഗം പിന്നീട് കത്തോലിക്കാ സഭയെ പുണർന്നു. പടിഞ്ഞാറൻ പ്രദേശങ്ങളിലേക്ക് കുടിയേറിപാർത്തവരുടെ ആദ്യദേവാലയം കടമ്പനാട് സെന്റ് തോമസ് പള്ളിയായിരുന്നു. അവിടെ നിന്നും തുമ്പമൺ, വെണ്മണി, ഓമല്ലൂർ, മാക്കാംകുന്ന് പള്ളികളും ഭദ്രാസനത്തിലെ വിവിധ ദേവാലയങ്ങളും ഉണ്ടായി. ചരിത്രപ്രസിദ്ധമായ നിലയ്ക്കൽ പള്ളി നിലനിന്ന സ്ഥലം നമ്മുടെ സഭയ്ക്കു വീണ്ടെടുക്കുവാനുള്ള സുവർണ്ണാവസരം നിർഭാഗ്യവശാൽ നമുക്ക് നഷ്ടമായി. കാലം ചെയ്ത ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ, ദാനിയേൽ മാർ പീലക്സീനോസ് തിരുമേനി, ഫാദർ തോമ്മാ, ഫാ വി .ജെ ജോസഫ് എന്നീ പ

ിതാക്കന്മാർ ഇക്കാര്യത്തിനു വേണ്ടി ആത്മാർത്ഥമായി പരിശ്രമിച്ചിരുന്ന കാര്യം നന്ദിയോടെ സ്മരിക്കുന്നു. ആ പഴയകാല സ്മരണകൾ ഉയർത്തുവാൻ തക്കവണ്ണം, ആങ്ങമൂഴി ജംഗ്ഷനിൽ പരിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ പുണ്യനാമത്തിൽ ലളിതസുന്ദരമായ ഒരു ദേവാലയം ഉയർന്നു വന്നത് സഭയ്ക്ക് അഭിമാനകരമായ ഒരു നേട്ടമാണ്.

മുളന്തുരുത്തി സുന്നഹദോസും തുമ്പമൺ ഭദ്രാസനരൂപീകരണവും

1876-ൽ കൂടിയ മുളന്തുരുത്തി സുന്നഹദോസിനുശേഷം മലങ്കരസഭയെ ഏഴു ഭദ്രാസനങ്ങളായി വിഭജിച്ചു. ഓരോ ഭദ്രാസനത്തിനും മെത്രാപ്പോലീത്തന്മാരെയും വാഴിച്ച് നിയമിച്ചു. മലങ്കരസഭ അസോസിയേഷനും, മാനേജിംഗ് കമ്മറ്റിയും, വർക്കിംഗ് കമ്മറ്റിയും ഉടലെടുത്തത് ഈ പള്ളി പ്രതിപുരുഷ യോഗത്തിൽ വച്ചാണ്. മുളന്തുരുത്തി സുന്നഹദോസിന് മുമ്പ് മലങ്കരസഭയെ ഭരിച്ചിരുന്നത് ഏക മെത്രാപ്പോലീത്താ ആയിരുന്നു. തുമ്പമൺ ഭദ്രാസനം രൂപം കൊണ്ടതിനുശേഷം ഭദ്രാസനത്തെ നയിച്ച അഭിവന്ദ്യ പിതാക്കന്മാരുടെ ലഘു ചരിത്രമാണ് ഇവിടെ പ്രതിപാദിക്കുന്നത്.

തുമ്പമൺ ഭദ്രാസനം ഭരിച്ച മെത്രാപ്പോലീത്തമാർ

1. പാമ്പാക്കുട ഗീവറുഗീസ് മാർ യൂലിയോസ് (1876-1883)

തുമ്പമൺ ഭദ്രാസനത്തെ നയിച്ച ആദ്യത്തെ മെത്രാപ്പോലീത്ത പാമ്പാക്കുട ഗീവർഗീസ് മാർ യൂലിയോസ് തിരുമേനി ആയിരുന്നു. കോനാട്ട് കുടുംബത്തിൽ ജനിച്ച അദ്ദേഹം സുറിയാനി പണ്ഡിതനും വേദശാസ്ത്രത്തിൽ അഗാധ പാണ്ഡിത്യമുള്ള ആളുമായിരുന്നു. 1876-ൽ വടക്കൻ പറവൂർ പള്ളിയിൽ വെച്ച് മെത്രാപ്പോലീത്താ സ്ഥാനം സ്വീകരിക്കുകയും പാമ്പാക്കുട പള്ളിയിൽ തന്നെ താമസിച്ച് വൈദിക വിദ്യാർത്ഥികളെ അഭ്യസിപ്പിക്കുകയും ചെയ്തു. 1879-ൽ കേരളദീപം പ്രസ് എന്ന പേരിൽ സുറിയാനി പ്രസ് ആരംഭിക്കുകയും ചെയ്തു. കുർബാനാ തക്സാ, അനീദാ, മുതലായ പുസ്തകങ്ങൾ ആദ്യമായി അച്ചടിച്ചത് ഈ പ്രസിലാണ്. പല അവസരങ്ങളിലും ഭദ്രാസനത്തിലെ പള്ളികൾ സന്ദർശിക്കുകയും ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. 1883 മാർച്ച് 22-ാം തീയതി 55-ാമത്തെ വയസിൽ കാലം ചെയ്ത അദ്ദേഹത്തെ പാമ്പാക്കുട പള്ളിയിൽ കബറടക്കിയിരിക്കുന്നു.

2. പ. ഗീവർഗീസ് മാർ ഗ്രീഗോറിയോസ് (1883–1902)

മുളന്തുരുത്തി ചാത്തുരുത്തി തറവാട്ടിൽ 1848 ജൂൺ 15 ാം തീയതി മത്തായി മറിയം ദമ്പതികളുടെ പുത്രനായി ഗീവർഗീസ് ജനിച്ചു. ചെറുപ്പത്തിൽ ലളിത ജീവിതവും, ഭക്തി മാർഗ്ഗവും കാംക്ഷിച്ചിരുന്ന അദ്ദേഹം തന്റെ പിതൃസഹോദരനായ ഗീവർഗീസ് കത്തനാരിൽ നിന്നും സുറിയാനി ഭാഷ അഭ്യസിച്ചു. പാലക്കുന്നത്ത് മാത്യൂസ് മാർ അത്തനാസ്യോസിൽ നിന്നും 10–ാം വയസിൽ കോറൂയോ സ്ഥാനവും 1861 ൽ യൂയാക്കീം മാർ കൂറിലോസ് മെത്രാപ്പോലീത്തായിൽ നിന്നും പൂർണ്ണ ശെമ്മശപ്പട്ടവും, കശീശാപട്ടവും കോർ എപ്പിസ്കോപ്പാ സ്ഥാനവും പ്രാപിച്ചു. തുടർന്ന് വെട്ടിക്കൽ ദയറായിൽ ഒരു തികഞ്ഞ താപസനായി താമസം ആരംഭിച്ചു. തന്റെ പ്രാർത്ഥനാജീവിതം കൊണ്ടും, വ്രതാനുഷ്ഠാനങ്ങൾ കൊണ്ടും ഭൂമിയിൽ ജീവിച്ചിരിക്കെ തന്നെ സ്വർഗീയാനുഭവങ്ങളും, അനുഭൂതികളും രുചിച്ചറിഞ്ഞ് ഒരു ദിവ്യജ്യോതിസായി രൂപാന്തരപ്പെട്ടു. 1872–ൽ പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് തിരുമേനിയിൽ നിന്നും റമ്പാൻ സ്ഥാനം സ്വീകരിച്ച അദ്ദേഹം, 1875–ൽ പത്രോസ് പാത്രിയർക്കീസ് ബാവാ മലങ്കര സന്ദർശിച്ചപ്പോൾ അദ്ദേഹത്തിന്റെ ദ്വിഭാഷിയായിരുന്നു. 1876–ൽ മെത്രാനായി വാഴിക്കപ്പെട്ട കൊച്ചുതിരുമേനി 1883–ൽ തുമ്പമൺ ഭദ്രാസനത്തിന്റെ ചുമതലയേറ്റു. തന്റെ ഇടവകകൾ സന്ദർശിച്ച് ആളുകളെ വിശ്വാസത്തിലും സത്യ ആരാധനയിലും ഉറപ്പിച്ച് നിർത്തുന്നതിന് അദ്ദേഹം അശ്രാന്ത പരിശ്രമം ചെയ്തു. വിശ്വാസികളുടെ ആപത്തുഘട്ടങ്ങളിൽ ഒരു പിതാവിനെപ്പോലെ അദ്ദേഹം ഓടിയെത്തുമായിരുന്നു. തുമ്പമൺ പ്രദേശത്ത് 1885–ൽ വസൂരി രോഗം പിടിപെട്ടപ്പോൾ യാതൊരു ഭയവും കൂടാതെ എല്ലാ ഭവനങ്ങളിലും കയറിയിറങ്ങി പ്രാർത്തിച്ചതിന്റെ ഫലമായി രോഗം നീങ്ങിപ്പോകുകയുണ്ടായി. 1895–ലെ തന്റെ ഊർശ്ലേം യാത്രയ്ക്കുശേഷം അനേകം ദേവാലയങ്ങൾ സ്ഥാപിക്കുകയും അശരണരേയും ദാരിദ്ര്യദുഖം അനുഭവിക്കുന്നവരേയും ഉയർത്തുന്നതിന് ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തു. നാടിനെയും സമൂഹത്തിന്റെയും ഉയർച്ചയ്ക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസം അനിവാര്യമാണെന്ന് മനസിലാക്കിയ അദ്ദേഹം, തിരുവല്ലയിലും, തുമ്പമണ്ണും ഇംഗ്ലീഷ് സ്കൂളുകൾ സ്ഥാപിച്ചു. തികഞ്ഞ മനുഷ്യസ്നേഹിയും സാമൂഹ്യപരിഷ്കർത്താവുമായ ആ പുണ്യപിതാവ് നമ്മെ നയിച്ചുവെന്നത് നമ്മുടെ ഭദ്രാസനത്തിന് ലഭിച്ച ഒരു സൗഭാഗ്യമാണ്. 1902 നവംബർ 2 ാം തീയതി അദ്ദേഹം ദൈവസന്നിധിയിലേക്ക് യാത്രയായി. അനേകർക്ക് ആശ്വാസം നല്കികൊണ്ട് അദ്ദേഹത്തിന്റെ കബറിടം പരുമലയിൽ സ്ഥിതി ചെയ്യുന്നു.

3 പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് (1902 –1909)

കുന്നംകുളം പുലിക്കോട്ടിൽ താരു കുര്യന്റെയും താണ്ടമ്മയുടെയും മകനായി 1838 ഡിസംബർ 7-ാം തീയതി ഭൂജാതനായ ഇദ്ദേഹം 1846-ൽ ചേപ്പാട് മാർ ദീവന്നാസ്യോസ് തിരുമേനിയിൽ നിന്നും ശെമ്മാശപട്ടവും യൂയാക്കീം മാർ കൂറിലോസ് തിരുമേനിയിൽ നിന്നും 1853-ൽ കശീശാ പട്ടവും സ്വീകരിച്ചു. 1865-ൽ പരിശുദ്ധ യാക്കൂബ് പാത്രിയർക്കീസിൽ നിന്നും റമ്പാൻ സ്ഥാനവും എപ്രിൽ 30-ന് മെത്രാപ്പോലീത്താ സ്ഥാനവും സ്വീകരിച്ചു. മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനും സ്വയം ശീഷകത്വത്തിനും വേണ്ടി ശക്തമായ നിലപാടുകൾ എടുത്ത തിരുമേനി സമൂഹത്തോടുള്ള തന്റെ കടപ്പാട് ഒരിക്കലും വിസ്മരിച്ചില്ല. സഭയുടെ സുവിശേഷ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച അഭിവന്ദ്യ പിതാവ്, സഭയിലെ ആത്മീയ പ്രസ്ഥാനങ്ങൾക്ക് ചൈതന്യം പകർന്നു കൊടുത്തു. പ്രൊട്ടസ്റ്റന്റ് വിശ്വാസത്തിന്റെ കടന്നാക്രമണത്തെ അതിജീവിക്കാൻ ശ്രമിച്ച അദ്ദേഹം നമ്മുടെ ഭദ്രാസനത്തെ ധീരമായി നയിച്ച ശേഷം 1904 ജൂലൈ 11 ന് കാലം ചെയ്തു. പഴയസെമിനാരി ചാപ്പലിന്റെ വടക്കുഭാഗത്തായി അദ്ദേഹത്തിന്റെ കബറിടം സ്ഥിതി ചെയ്യുന്നു.

4 പ. വട്ടശേരിൽ ഗീവർഗീസ് മാർ ദിവന്നാസ്യോസ് (1909–1913)

പരിശുദ്ധ പരുമല തിരുമേനിയുടെ അരുമശിഷ്യനായ പരിശുദ്ധ വട്ടശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനി, പകലോമറ്റം തറവാടിന്റെ ശാഖയായ വട്ടശേരിൽ കുടുംബത്തിൽ 1858 ഒക്ടോബർ 31 ന് ഭൂജാതനായി. ഔസേപ്പ്-ഏലിയാമ്മ ദമ്പതികളുടെ മകനായ അദ്ദേഹത്തിന്റെ പ്രാഥമിക വിദ്യാഭ്യാസം മല്ലപ്പള്ളി, കോട്ടയം സി എം എസ് എന്നീ സ്കൂളുകളിലായിരുന്നു. 1876-ൽ ശെമ്മാശപട്ടം സ്വീകരിച്ച അദ്ദേഹം 1879-ൽ പരിശുദ്ധ പരുമല തിരുമേനിയിൽ നിന്നും കശീശാപട്ടമേറ്റു. ദൈവശാസ്ത്രത്തിലും, സഭാചരിത്രത്തിലും സുറിയാനി ഭാഷയിലും അഗാധ പാണ്ഡിത്യം നേടിയ അദ്ദേഹം 1881-ൽ പഴയ സെമിനാരി, പരുമല സെമിനാരി എന്നിവിടങ്ങളിൽ മൽപാനായി നിയമിതനായി. ഓർത്തഡോക്സ് സഭയുടെ വിശ്വാസങ്ങളുടെ മർമ്മങ്ങൾ അടങ്ങിയ മതോപദേശസാരങ്ങൾ എന്ന ഗ്രന്ഥം അദ്ദേഹത്തിന്റെ പാണ്ഡിത്യത്തിന്റെ മകുടോദാഹരണമാണ്. സുറിയാനി ഭാഷയുടെ പ്രാഥമിക പാഠങ്ങൾ അടങ്ങിയ പുസ്തകവും അദ്ദേഹം പ്രസിദ്ധീകരിച്ചു. 1908 മെയ് 31ന് യെറുശലേമിൽ വെച്ച് ഗീവർഗീസ് മാർ ദിവന്നാസ്യോസ് എന്ന നാമധേയത്തിൽ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. 1909-ൽ പുലിക്കോട്ടിൽ തിരുമേനി കാലം ചെയ്തപ്പോൾ മലങ്കര മെത്രാപ്പോലീത്ത

യായി തെരെഞ്ഞെടുക്കപ്പെട്ട അദ്ദേഹം സഭയുടെ സ്വാതന്ത്ര്യത്തിനും സ്വയം ശീർഷകത്തിനും വേണ്ടി അനേകം ത്യാഗങ്ങൾ സഹിച്ചു. ഭരണ കാര്യ വിദഗ്ധനും, കർമ്മധീരനും, ക്രാന്തദർശിയും ആത്മീയ ജ്യോതി സുമായ അദ്ദേഹം സഭാഭാസുരൻ എന്ന പേരിന് സർവ്വഥാ യോഗ്യനാ യിരുന്നു. അന്ധകാരവൃതമായിരുന്ന മലങ്കര സഭാചരിത്രത്തെ പ്രഭാപ ൂരിതമാക്കിയ മഹാസൂര്യനായിരുന്ന അദ്ദേഹം 1934 ഫെബ്രുവരി 23ന് കാലം ചെയ്തു. സഭാ ഭരണഘടനുടെ ശിൽപിയായ അദ്ദേഹത്തെ 2003 ഫെബ്രുവരി 23ന് സഭയുടെ രണ്ടാമത്തെ പരിശുദ്ധനായി പ്രഖ്യാപിച്ചു. 1909 മുതൽ 1913 വരെ തുമ്പമൺ ഭദ്രാസനത്തിനു ലഭിച്ച ഒരു വലിയ ഭാഗ്യമായിരുന്നു അത് എന്നതിന് സംശയമില്ല.

5 യുയാക്കീം മാർ ഈവാനിയോസ് (1913–1925)

കണ്ടനാട് കരവട്ടുവീട്ടിൽ 1858-ൽ ജനിച്ച ഇദ്ദേഹം കോനാട്ട് യൂലി യോസ് തിരുമേനിയിൽ നിന്നും പട്ടം ഏറ്റു. സന്ന്യാസി പട്ടക്കാരനായി പഴയസെമിനാരി, പരുമല സെമിനാരി എന്നിവിടങ്ങളിൽ താമസിച്ച് ശു ശ്രൂഷകൾ അനുഷ്ഠിച്ചു. അബ്ദുൾ മശിഹാ പാത്രിയർക്കീസ് മലങ്കര യിൽ എഴുന്നള്ളിയപ്പോൾ, 1913-ൽ അദ്ദേഹത്ത യൂയാക്കീം മാർ ഈവാ നിയോസ് എന്ന പേരിൽ, ചെങ്ങന്നൂർ പള്ളിയിൽ വെച്ച് മെത്രാനായി അഭിഷേകം ചെയ്തു. തുമ്പമൺ, കണ്ടനാട് ഭദ്രാസനങ്ങളുടെ ചുമത ല ലഭിച്ച ഇദ്ദേഹത്തിന്റെ സ്ഥിരമായ ആസ്ഥാനം പരുമല ആയിരുന്നു. തികഞ്ഞ സഭാസ്നേഹിയായ അദ്ദേഹം തുമ്പമൺ ഭദ്രാസനത്തിലെ ഇടവകൾ സന്ദർശിച്ച് ആത്മീയ ഉത്തേജനം പകർന്നുകൊടുത്തു. മുള ന്തുരുത്തി കർമ്മേൽ ദയറായും മാവേലിക്കര സെമിനാരിയും അദ്ദേഹ ത്തിന്റെ ഉത്സാഹത്താൽ പണി കഴിപ്പിച്ചതാണ്. 1925 ജൂൺ മാസം 6-ാം തീയതി കാലം ചെയ്ത ഇദ്ദേഹത്തിന്റെ കബറിടം പരുമലയിൽ സ്ഥിതി ചെയ്യുന്നു.

6 ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് (1925–1930)

കോട്ടയം കുറിച്ചിയിൽ കല്ലാച്ചേരി കുടുംബത്തിൽ 1874 ജൂൺ 16ന് ജനിച്ച ബാവാ തിരുമേനിയുടെ മാമോദീസാ പേര് ഗീവർഗീസ് എന്നായിരുന്നു. പുന്നൂസ് എന്ന പേരിലും അദ്ദേഹം അറിയപ്പെടുന്നു. പരുമല തിരുമേനി, വട്ടശേരിൽ തിരുമേനി എന്നിവരുടെ അരുമശിഷ്യ നായി വൈദീക വിദ്യാഭ്യാസം നടത്തി. കോട്ടയം സി എം എസ് ഹൈ സ്കൂളിലും എം ഡി സെമിനാരി ഹൈസ്കൂളിലുമായി പഠനം നടത്തി. 1892-ൽ കടവിൽ പൗലോസ് മാർ അത്തനാസ്യോസിൽ നിന്നും ശെ മ്മാശപട്ടം സ്വീകരിച്ചു. 1898-ൽ വൈദികനായി. തുടർന്ന് റമ്പാൻ വ്രതം

സ്വീകരിച്ചു. 1902-ൽ പരുമല തിരുമേനിയെ തന്റെ രോഗാവസ്ഥയിൽ ശുശ്രൂഷിക്കുന്ന ചുമതല ഏറ്റെടുത്തു. 1908-ൽ വിശുദ്ധനാട് സന്ദർശിച്ചു. 1912-ൽ കൊല്ലം, നിരണം ഭദ്രാസനങ്ങളുടേയും, 1925-ൽ തുമ്പമൺ ഭദ്രാസനത്തിന്റെയും ചുമതല ഏറ്റെടുത്ത് മലങ്കരസഭയുടെ ശക്തി ദുർഗ്ഗങ്ങളായി തെക്കൻ ഭദ്രാസനങ്ങളെ ഇദ്ദേഹം മാറ്റിയെടുത്തു. 1929-ൽ പൗരസ്ത്യ കാതോലിക്കയായി കോട്ടയം മാർ ഏലിയാ ചാപ്പലിൽ വെച്ച് അദ്ദേഹം സ്ഥാനാരോഹണം ചെയ്യപ്പെട്ടു. 1931-ൽ പഴയ സെമിനാരിയിൽ വച്ച് വി. മൂറോൻ കൂദാശ നടത്തി. 1934-ൽ ഇദ്ദേഹത്തിന് മലങ്കര മെത്രാപ്പോലീത്താ സ്ഥാനം കൂടി ലഭിച്ചു. 1937-ൽ എഡിൻബറോയിൽ നടന്ന ലോകസഭാ കൗൺസിൽ യോഗത്തിൽ അദ്ദേഹം പങ്കെടുത്തു. സമുദായ കേസ് നടന്നു കൊണ്ടിരിക്കുന്ന കാലത്ത് അദ്ദേഹം സഭയ്ക്ക് ധീരമായി നേതൃത്വം നല്കി. കേസുകളിൽ പരാജയങ്ങൾ ഉണ്ടായ പല സന്ദർഭങ്ങളിലും സത്യം ജയിക്കും എന്ന ആഹ്വാനത്തോടെ സഭാമക്കളെ കാതോലിക്കേറ്റിന്റെ കീഴിൽ അണി നിരത്താൻ അദ്ദേഹത്തിനു സാധിച്ചു. 1958-ലെ സുപ്രീം കോടതി വിധിയിലൂടെ സഭയെ സമാധാനത്തിന്റെ തുറമുഖത്ത് എത്തിക്കുവാനുള്ള ഭാഗ്യം അദ്ദേഹത്തിന് സിദ്ധിച്ചു. 1964 ജനുവരി 3 ന് കാലം ചെയ്ത അദ്ദേഹത്തിന്റെ കബറിടം ദേവലോകത്ത് സ്ഥിതി ചെയ്യുന്നു. എന്തുകൊണ്ടും ഒരു പരിശുദ്ധന്റെ പദവിയിലേക്ക് ഉയർത്തപ്പെടുവാൻ യോഗ്യനായ അദ്ദേഹത്തിന്റെ വ്യതനിഷ്ഠയും പ്രാർത്ഥനാജീവിതവും വേദശാസ്ത്രപരിജ്ഞാനവും വർണ്ണനാതീതമാണ്. ബാവാതിരുമേനിയുടെ ശുചിത്വവും കൃത്യനിഷ്ഠയും ഏവർക്കും മാതൃകയാണ്. തുമ്പമൺ ഭദ്രാസനത്തോടും പ്രത്യേകിച്ച് കാലം ചെയ്ത ദാനിയേൽ മാർ പീലക്സീനോസ് തിരുമേനിയോടും അദ്ദേഹം കാട്ടിയ സ്നേഹവാത്സല്യങ്ങൾ അളവറ്റതാണ്.

7. ഗീവറുഗീസ് മാർ പീലക്സീനോസ് (1930-1951)

പൗരോഹിത്യ പാരമ്പര്യമുള്ള പുത്തൻകാവിൽ കിഴക്കേത്തലയ്ക്കൽ കുടുംബത്തിൽ തോമസ് കത്തനാരുടെ പുത്രനായി 1897 ജൂൺ 10ാം തീയതി ജനിച്ച അദ്ദേഹം ഹൈസ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ വട്ടശേരിൽ തിരുമേനിയിൽനിന്ന് ശെമ്മാശപട്ടം സ്വീകരിച്ചു. അദ്ദേഹം എം ഡി സെമിനാരിയിൽ അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചു. വട്ടശേരിൽ തിരുമേനിയിൽ നിന്നും കശീശാ സ്ഥാനം സ്വീകരിച്ച അദ്ദേഹത്തെ 1928-ലെ മലങ്കര അസോസിയേഷൻ മേൽപട്ട സ്ഥാനത്തേയ്ക്ക് തെരെഞ്ഞെടുത്തു. 1930 നവംബർ 2 ന് പരുമലയിൽ വെച്ച് ഗീവർഗീസ് ദ്വിതിയൻ ബാവാ തിരുമനസുകൊണ്ട് തുമ്പമൺ ഭദ്രാസനത്തിന്റെ എപ്പിസ്കോപ്പായായി അദ്ദേഹത്തെ വാഴിച്ചു. സഭ

യുടെ പ്രതീക്ഷയ്ക്കൊത്തുയർന്ന കൊച്ചുതിരുമേനി ഭദ്രാസനത്തിന്റെ വളർച്ചയ്ക്കും അഭിവൃദ്ധിയ്ക്കും അടിത്തറ പാകിയ മഹത്വ്യക്തിയാണ്. തുമ്പമൺ ഭദ്രാസനത്തിന് പത്തനംതിട്ടയിൽ ഒരു ആസ്ഥാനം കെട്ടിപ്പെടുക്കുന്നതിന് നിർണ്ണായക പങ്ക് വഹിച്ചു. എം. സി റോഡരികിൽ ചെങ്ങന്നൂർ ബഥേൽ അരമനയും, പൊങ്ങലടി പള്ളിയും കെട്ടിടങ്ങളും സ്ഥാപിച്ച അദ്ദേഹത്തിന്റെ ദീർഘവീക്ഷണം എക്കാലത്തും അംഗീകരിക്കപ്പെട്ട വസ്തുതയാണ്. പത്തനംതിട്ടയിലും പുത്തൻകാവിലും സഭയ്ക്കു വേണ്ടി അദ്ദേഹം സ്കൂളുകൾ സ്ഥാപിച്ചു. വൈദികർക്ക് സ്ഥലം മാറ്റവും ശമ്പളവും നിശ്ചയിച്ച് നടപ്പിലാക്കി. റീത്ത് പ്രസ്ഥാനത്തിന്റെ കടന്നു കയറ്റത്തിൽ നിന്നും സഭയെ ഒരു പരിധി വരെ രക്ഷിക്കുവാൻ അദ്ദേഹത്തിന്റെ ശ്രുതി മധുര ഗാനങ്ങൾക്കും ഹൃദയസ്പർശിയായ പ്രസംഗങ്ങൾക്കും സാധിച്ചു. ആത്മീയ പ്രസ്ഥാനങ്ങൾക്ക് ചിട്ടയും അടുക്കും നല്കിയ അദ്ദേഹം ബേസിൽ, ഓതറ ദയറാകൾ സ്ഥാപിച്ചു. വിദ്യാഭ്യാസമുള്ള അവിവാഹിതരായ ചെറുപ്പക്കാർ സഭയുടെ വളർച്ചയ്ക്ക് ആവശ്യമാണെന്ന് അദ്ദേഹം ചിന്തിച്ചു. ഭക്തിപ്രകടനത്തെ വെറുത്തിരുന്ന തിരുമേനി, ലാളിത്യത്തിന്റെ പ്രതീകമായിരുന്നു. ബസിൽ യാത്ര ചെയ്തിരുന്ന അദ്ദേഹം, സ്വന്തം കൈകൊണ്ട് അദ്ധ്വാനിക്കുന്ന വ്യക്തിയായിരുന്നു. 1951 ഏപ്രിൽ മാസം കുന്നംകുളത്ത് സുവിശേഷ പ്രസംഗത്തിനു പോയി തിരിച്ചു വരുന്ന വഴി അദ്ദേഹത്തിന് രോഗം മൂർച്ഛിക്കുകയും 1951 ഏപ്രിൽ 17-ാം തീയതി വി. കൂദാശകൾ സ്വീകരിച്ച് കാലം ചെയ്യുകയും ചെയ്തു. അദ്ദേഹത്തിന്റെ മാതൃദേവാലയമായ പുത്തൻകാവ് പള്ളിയിൽ ഭൗതികശരീരം കബറടക്കിയിരിക്കുന്നു. 1930 മുതൽ 1951 വരെ തുമ്പമൺ ഭദ്രാസനത്തെ ഉന്നതിയിലേക്ക് നയിച്ച യുഗപ്രഭാവനായിരുന്നു തിരുമേനി. സഭയിലെ സമാധാനത്തിനും പുരോഗമനത്തിനും തിരുമേനി അനവരതം പ്രയത്നിച്ചിരുന്നു.

8 ഔഗേൻ മാർ തീമോത്തിയോസ് (1951 – 1953)

പെരുമ്പാവൂരിന് അടുത്തുള്ള വെങ്ങോലയിൽ തുരുത്തി കുടുംബത്തിൽ അബ്രഹാം കത്തനാരുടെയും അന്നാമ്മയുടെയും മകനായി ഭൂജാതം ചെയ്ത അദ്ദേഹം പാമ്പാക്കുട സെമിനാരിയിൽ കോനാട്ട് മാത്തൻ മൽപാന്റെ ശിഷ്യനായി മലയാളത്തിലും സുറിയാനിയിലും അഗാധ പാണ്ഡിത്യം നേടി. കടവിൽ അത്തനാസ്യോസ് തിരുമേനിയിൽ നിന്നും ശെമ്മാശപട്ടം സ്വീകരിച്ചു. എം ഡി സെമിനാരിയിൽ ഹൈസ്കൂൾ വിദ്യാഭ്യാസം നേടി. 1905-ൽ ശീമയിൽ പോയി മാർ ഔഗേൻ എന്ന പരിശുദ്ധന്റെ നാമത്തിലുള്ള ദയറായിൽ താമസിച്ചു. ആ പരിശുദ്ധന്റെ പേര് സ്വീകരിച്ചു. 1908-ൽ മർക്കോസിന്റെ ദയറായിൽ വെച്ച്

റമ്പാൻ സ്ഥാനം സ്വീകരിച്ചു. നാട്ടിൽ തിരിച്ചെത്തി കോട്ടയം ചെറിയ പള്ളിയിൽ വെച്ച് വൈദികനായി. തുടർന്ന് മദ്രാസിൽ സേവനം അനുഷ്ഠിച്ചു. കേരളത്തിലേക്ക് മടങ്ങിയ അദ്ദേഹം വടകര പള്ളിയിൽ താമസിച്ചുകൊണ്ട് അധംകൃതരുടെ ഇടയിൽ സുവിശേഷം പ്രചരിപ്പിച്ചു. അവിടെ ഒരു ഇംഗ്ലീഷ് സ്കൂൾ സ്ഥാപിച്ചു. 1927-ൽ ജറുസലേമിൽ വച്ച് തീമൊത്തിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി. അദ്ദേഹം പിന്നീട് പിറവം സെമിനാരിയിലും മൂവാറ്റുപുഴയിലും താമസമാക്കി. വേദശാസ്ത്രത്തിലും സുറിയാനി, മലയാള ഭാഷകളിൽ പണ്ഡിതനുമായിരുന്ന അദ്ദേഹത്തെ സെമിനാരി പ്രിൻസിപ്പളായി നിയമിച്ചു. മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി അക്ഷീണം പ്രവർത്തിച്ച അദ്ദേഹം അനേകം പീഡകൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. പുത്തൻകാവിൽ കൊച്ചുതിരുമേനി കാലം ചെയ്തപ്പോൾ തുമ്പമൺ ഭദ്രാസനത്തിന്റെ ചുമതലക്കാരനായി അദ്ദേഹം ബേസിൽ അരമനയിൽ താമസിച്ച് ഭരണ സാരഥ്യം വഹിച്ചു. 1962 -ൽ നിരണത്ത് കൂടിയ മലങ്കര അസോസിയേഷൻ അദ്ദേഹത്തെ കാതോലിക്കായുടെ പിൻഗാമിയായി തെരെഞ്ഞെടുക്കുകയും 1964 മെയ് 22 ന് അഭിഷിക്തനാക്കുകയും ചെയ്തു. 1964 ഡിസംബറിൽ ബോംബെയിൽ വച്ച് പരിശുദ്ധ പോൾ ആറാമൻ മാർപാപ്പയുമായി കൂടിക്കാഴ്ച നടത്തി. 1965-ൽ ആഡിസ് അബാബയിൽ പൗരസ്ത്യ സഭകളുടെ സുന്നഹദോസിൽ മുഖ്യ അതിഥിയായി പങ്കെടുത്തു. മൂസലിൽ നിന്നും പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ തിരുശേഷിപ്പ് ദേവലോകത്ത് കൊണ്ടുവന്ന് സ്ഥാപിച്ചു. 1970-ൽ പരിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ പട്ടത്വവും സിംഹാസനവും നിരസിച്ച് പരിശുദ്ധ പാത്രിയർക്കീസ് ബാവാ കൽപന പുറപ്പെടുവിച്ചപ്പോൾ ആ വെല്ലുവിളി സ്വീകരിച്ചുകൊണ്ട് മാർത്തോമ്മായുടെ സിംഹാസനത്തിന്റെ മഹിമയ്ക്കും സഭയുടേ സ്വാതന്ത്ര്യത്തിനും വേണ്ടി ഉറച്ചുനിന്നു. താൻ ക്ഷീണിതനായി എന്ന ബോദ്ധ്യം വന്നപ്പോൾ തന്റെ പിൻഗാമിയെ ചുമതലകൾ ഏൽപിച്ച് അദ്ദേഹം വിശ്രമ ജീവിതം നയിച്ചു. 1975 ഡിസംബർ 8 ന് കാലം ചെയ്ത അദ്ദേഹത്തെ ദേവലോകം അരമനയിൽ കബറടക്കി. സംഭാഷണത്തിൽ മിതത്വവും പ്രാർത്ഥനാ ജീവിതത്തിൽ നിഷ്ഠയും പാലിച്ചിരുന്ന അദ്ദേഹത്തിന്റെ ആർദ്രതയും മനസലിവും മാതൃകാപരമായിരുന്നു.

9 ദാനിയേൽ മാർ പീലക്സിനോസ് (1953-1990)

1910 മെയ് 10 ന് ഓമല്ലൂർ വടുതല ഈശോ കത്തനാരുടെ ദ്വിതീയ പുത്രനായി ഭൂജാതം ചെയ്ത അദ്ദേഹം കോട്ടയം എം ഡി സെമിനാരി സി എം എസ് കോളജ്, തിരുവനന്തപുരം സയൻസ് കോളജ് എന്നിവി

ടങ്ങളിൽ നിന്നും വിദ്യാഭ്യാസം നേടി. 1921- ൽ വട്ടശേരിൽ തിരുമേനി യിൽ നിന്നും കോറൂയോ പട്ടം സ്വീകരിച്ചു. സെറാമ്പൂരിൽ നിന്നും ബി ഡി ബിരുദം നേടി. 1936 മുതൽ 1951 വരെ കാതോലിക്കേറ്റ് ഹൈസ്കൂൾ ഫിസിക്സ് അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചു. കായികകാര്യങ്ങ ളിൽ വളരെ താൽപര്യം കാണിച്ചിരുന്ന അദ്ദേഹം ഒരു നല്ല ഫുട്ബോള റായിരുന്നു. 1938-ൽ ബസേലിയോസ് ഗീവർഗീസ് ബാവായിൽ നിന്നും പൂർണശെമ്മാശപട്ടവും സ്വീകരിച്ചു. 1944-ൽ കാതോലിക്കേറ്റ് കോളജ് സ്ഥാപിതമായപ്പോൾ അതിന്റെ പ്രഥമ പ്രിൻസിപ്പളായി നിയമിതനായി. 1953 മെയ് 15 ന് ഗീവർഗീസ് ദ്വിതിയൻ ബാവാ തിരുമനസ് കൊണ്ട് അദ്ദേഹത്തെ എപ്പിസ്കോപ്പായായി വാഴിച്ചു. തുമ്പമൺ ഭദ്രാസനത്തി ന്റെ ഭരണസാരഥ്യം ഏറ്റെടുത്ത അദ്ദേഹം പുത്തൻകാവിൽ തിരുമേ നിയുടെ യഥാർത്ഥ പിൻഗാമിയായിരുന്നു. പുത്തൻകാവിൽ തിരുമേ നി വെട്ടിപ്പിടിച്ചതെല്ലാം, അതിരുകൾ ഇട്ട് അടുക്കും ചിട്ടയിലുമാക്കിയ മഹൽവ്യക്തിയാണ് ദാനിയേൽ മാർ പീലക്സീനോസ് തിരുമേനി. 1953-ൽ അമേരിക്കയിൽ നടന്ന അഖില ലോക ക്രൈസ്തവ സമ്മേളന ത്തിലും 1963-ൽ മോസ്കോയിൽ നടന്ന റഷ്യൻ ഓർത്തഡോക്സ് സഭ യുടെ പാത്രിയർക്കാ സ്ഥാനാഭിഷേക ജൂബിലി ശുശ്രൂഷയിലും 1965-ൽ എത്യോപ്യയിൽ നടന്ന ഓർത്തഡോക്സ് സഭയുടെ കോൺഫറൻസി ലും സഭയുടെ പ്രതിനിധിയായി സംബന്ധിച്ചു. പരിശുദ്ധ എപ്പിസ്കോ പ്പൽ സൂന്നഹദോസ് സെക്രട്ടറി, വിദ്യാർത്ഥി പ്രസ്ഥാനം പ്രസിഡന്റ് യുവജനപ്രസ്ഥാനം പ്രസിഡന്റ്, ഗീവർഗീസ് ദ്വിതിയൻ ബാവാ തിരു മേനിയുടെ അസിസ്റ്റന്റ്, ഇന്റർചർച്ച് റിലേഷൻസ് കമ്മറ്റി ചെയർമാൻ, ബേസിൽ ദയറാ മാനേജർ, കാതോലിക്കേറ്റ് കോളജ് മാനേജർ, ബാലി കാമഠം സ്കൂൾ മാനേജർ, പത്തനംതിട്ട ജില്ലാ രൂപീകരണസമിതിയുടെ രക്ഷാധികാരി തുടങ്ങിയ ഒട്ടേറേ പദവികൾ വഹിക്കുന്നതിനും അദ്ദേഹ ത്തിന് സാധിച്ചു. കൊച്ചി ഇടവകയുടെ മാർ സേവേറിയോസ് തിരുമേനി കാലം ചെയ്തപ്പോൾ ആയതിന്റെ ചുമതലയും അദ്ദേഹം ഏറ്റെടുത്തു. മിതത്വവും കൃത്യനിഷ്ഠയും പാലിച്ചിരുന്ന അദ്ദേഹം കാതോലിക്കേറ്റി ന്റെയും ഓർത്തഡോക്സിയുടെയും ഒരു കാവൽ ഭടനായിരുന്നു. വി ശ്വാസകാര്യങ്ങളിൽ യാതൊരു വിട്ടുവീഴ്ചകൾക്കും തയ്യാറല്ലായിരുന്ന അദ്ദേഹത്തിന്റെ പ്രസംഗങ്ങളും ക്ലാസുകളും അർത്ഥസമ്പുഷ്ഠമായിരു ന്നു. അദ്ദേഹത്തിന്റെ പ്രാർത്ഥനാജീവിതം, ക്രമീകൃതമായ ഭരണരീതി, അത്മാർത്ഥത, അനുകമ്പ, ലാളിത്യം വൈദികരേക്കുറിച്ചുള്ള കരുതൽ, ശുചിത്വം എന്നീ ഗുണങ്ങൾ എടുത്തു പറയേണ്ടവയാണ്. തുമ്പമൺ ഭദ്രാസനത്തെ മലങ്കരസഭയിലെ മാതൃകാ ഭദ്രാസനമാക്കി തീർത്തതിൽ നിർണായകപങ്ക് അദ്ദേഹം വഹിച്ചു എന്നതിന് തർക്കമില്ല. സഭയുടെ

സ്വാതന്ത്ര്യത്തിനും സ്വയംശീർഷകത്തിനും വിശ്വാസത്തിനും വേണ്ടി എന്നാളും നിലകൊൺ പിതാവ് 1990 ഡിസംബർ 13ന് കർത്തൃസന്നിധി പൂകി. അദ്ദേഹത്തിന്റെ കബറിടം സെന്റ് ബേസിൽ ചാപ്പലിൽ സ്ഥിതി ചെയ്യുന്നു.

10. ഫീലിപ്പോസ് മാർ യൗസേബിയോസ് (1985 – 2009)

കോഴഞ്ചേരി നാരങ്ങാനം പുത്തൻപറമ്പിൽ തോമസിന്റെയും സാറാമ്മയുടേയും നാലാമത്തെ മകനായി 1931 ജൂൺ 16ന് ജനിച്ചു. കോഴഞ്ചേരി സെന്റ് തോമസ് ഹൈസ്കൂളിലെ വിദ്യാഭ്യാസത്തിനുശേഷം ആലുവാ യു. സി കോളേജിൽ നിന്നും ഇന്റർമീഡിയം ബി എസ് സിയും പാസായി. 1954 മുതൽ 1962 വരെ സതേൺ റയിൽവേയിൽ ഉദ്യോഗസ്ഥനായിരുന്നു. ജോലി ഉപേക്ഷിച്ച്, സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്നും ബി ഡി, എം റ്റി എച്ച് ഡിഗ്രികളും ജനീവ യൂണിവേഴ്സിറ്റിയിൽ നിന്ന് ദൈവശാസ്ത്രത്തിൽ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമായും കരസ്ഥമാക്കി. 1972 ഡിസംബർ 21ന് ഇടവക മെത്രാപ്പോലീത്തായിൽ നിന്ന് യൗവ്പദ്യക്നോ പട്ടവും 1974 ജൂൺ 7 ന് അഭി ഫീലിപ്പോസ് മാർ തെയോഫിലോസ് തിരുമേനിയിൽ നിന്നും വൈദിക പട്ടവും സ്വീകരിച്ചു. എം ജി ഓ സി എസ് എം ജനറൽ സെക്രട്ടറി, കോട്ടയം വൈദിക സെമിനാരി ചരിത്രവിഭാഗം മേധാവി, തടാകം ക്രിസ്തുശിഷ്യാ ആശ്രമം ആചാരി, വിസിറ്റർ ബിഷപ്പ്, കൽക്കത്താ ബിഷപ്പ്സ് കോളേജ് ലക്ചറർ എന്നീ നിലകളിൽ ശ്രേഷ്ഠമായി പ്രവർത്തിച്ചു. മലങ്കര ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ച് അനവധി ആഗോള സമ്മേളനങ്ങളിൽ പങ്കെടുക്കുവാൻ തിരുമേനിക്ക് ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്. 1981-ൽ ഉപരിപഠനത്തിനായി ലൺനിലേക്ക് പോയ അദ്ദേഹം ലണ്ടൻ ഓർത്തഡോക്സ് ഇടവകയുടെ വികാരിയായി പ്രവർത്തിച്ചു. ഒരു ഇടവക എന്ന നിലയിൽ ലണ്ടൻ ഇടവകയെ കെട്ടുറപ്പുള്ളതാക്കി തീർക്കുന്നതിന് അദ്ദേഹം ചെയ്ത സേവനങ്ങൾ നിസ്തുലങ്ങളാണ്.

1982-ൽ തിരുവല്ലായിൽ നടന്ന മലങ്കര അസോസിയേഷൻ അദ്ദേഹത്തെ മെത്രാൻ സ്ഥനത്തേയ്ക്ക് തെരെഞ്ഞെടുത്തു. 1985 മെയ് 15 ന് മാവേലിക്കരയിൽ വച്ച് മേൽപട്ടസ്ഥാനത്തേക്ക് ഉയർത്തി. ആഗസ്റ്റ് 1 മുതൽ തുമ്പമൺ ഭദ്രാസന സഹായ മെത്രാപ്പോലീത്തായായും 1990 ഡിസംബർ 13 ന് മാർ പീലക്സീനോസ് തിരുമേനി കാലം ചെയ്തതു മുതൽ ഭദ്രാസനത്തിന്റെ പൂർണ ഉത്തരാവാദിത്വവും ഏറ്റെടുത്തു. തുമ്പമൺ ഭദ്രാസനത്തെ ഉന്നത ശ്രേണിയിലേക്ക് നയിച്ച് പുണ്യപിതാക്കന്മാർ തെളിയിച്ചുതന്ന സത്യവിശ്വാസമാർഗ്ഗത്തെ പിന്തുടർ

ന്ന്, അദ്ദേഹം ഭദ്രാസനത്തിന് ശ്രേഷ്ഠമായ നേതൃത്വം നല്കി. ഭദ്രാസ നത്തിന്റെ ആത്മീയവും ലൗകീകവുമായ പുരോഗതി ലക്ഷ്യമാക്കി പ ുതിയ നൂറ്റാണ്ടിന്റെ ദർശനം ഉൾക്കൊണ്ട് കൊണ്ട് അഭിവന്ദ്യ തിരുമേ നി അനവധി പദ്ധതികൾക്ക് നേതൃത്വം നല്കി. മൈലപ്രാ മാർ പീലക് സീനോസ്, കൈപ്പട്ടൂർ മാർ യൗസേബിയോസ്, തണ്ണിത്തോട് ഫാ പി എ ശാമുവേൽ എന്നീ ഐ.റ്റി.സികൾ, മാർ പീലക്സീനോസ് സ്മാരക മന്ദിരത്തിൽ ബുദ്ധിവികാസം പ്രാപിക്കാത്ത കുട്ടികൾക്കായുള്ള പ്രകാ ശധാരാ സ്കൂൾ, വികാസ് ലേഡീസ് ടെയ്ലറിംഗ് സ്കൂൾ, റേഡിയന്റ് കോച്ചിംഗ് സെന്റർ, സെന്റ് തോമസ് ബുക്ക് ഡിപ്പോ, മാർ ഗ്രീഗോറി യോസ് ശാന്തിനിലയം കൗൺസിലിംഗ് സെന്റർ എന്നീ സ്ഥാപനങ്ങളു ടെ പ്രവർത്തനങ്ങൾക്ക് തിരുമേനിയുടെ കൈത്താങ്ങൽ അളവറ്റതാണ്. ഇടവകകൾ സന്ദർശിക്കുവാനും ആവശ്യമായ പ്രബോധനങ്ങൾ നല് കുവാനും പ്രശ്നങ്ങൾ പരിഹരിക്കുവാനും തിരുമേനി കാണിച്ചിരുന്ന ശുഷ്കാന്തി പ്രശംസനീയമാണ്. ആത്മീയ പ്രസ്ഥാനങ്ങളുടെ ഈറ്റില്ല മായ തുമ്പമൺ ഭദ്രാസനത്തിലെ പ്രസ്ഥാനങ്ങൾക്ക് ഒരു നവ ചൈതന ്യം പകരുവാൻ അഭിവന്ദ്യ തിരുമേനിക്ക് കഴിഞ്ഞിട്ടുണ്ട്. സുവിശേഷ വും, ക്ഷേമപ്രവർത്തനങ്ങളും ഒരേ നാണയത്തിന്റെ രണ്ട് വശങ്ങളാ ണെന്ന് മനസിലാക്കി സമൂഹത്തിലെ അശരണരായവരെ സഹായിക്കു വാനുള്ള അനേകം പദ്ധതികൾ: അസൂത്രണം ചെയ്തിട്ടുണ്ട്. തുമ്പമൺ മർത്തമറിയം മന്ദിരം ഒരു കോൺവന്റായി ഉയർത്തി. അവിടെ പണിതു യർത്തിയ മന്ദിരത്തിൽ ഒരു പ്രൈമറി സ്കൂൾ, നഴ്സറി സ്കൂൾ, തയ്യൽ സ്കൂൾ എന്നിവ പ്രവർത്തിക്കുന്നു. ഭവനദാന പദ്ധതി പ്രകാരം 539 പേ ർക്ക് ഭവനങ്ങൾ നിർമ്മിക്കുന്നതിനായി സഹായം നല്കിയിട്ടു്. വൈ ദ്യസഹായം, വിദ്യാഭ്യാസ സഹായം, സ്വയം തൊഴിൽ കണ്ടെത്തൽ സഹായം, വിവാഹ സഹായം, സാമ്പത്തീക ക്ഷേമനിധി തുടങ്ങിയ പദ്ധതികളിൽക്കൂടി അനേകർക്ക് ആശ്വാസം നല്കുവാൻ ഇടയായി.

ഭദ്രാസനത്തിന്റെ ചുമതലകൾ കൂടാതെ മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനം, ഇന്റർചർച്ച് റിലേഷൻസ് കമ്മറ്റി, മലങ്കര സഭാ മാസികാ എഡിട്ടോറിയൽ ബോർഡ് എന്നിവ യുടെ പ്രസിഡന്റായും സഭയിലെ മിഷൻ ബോർഡ് കോ-പ്രസിഡന്റ് ഇ. സി. സി കൗൺസിൽ അംഗം, തടാകം ആശ്രമ ആചാര്യ, എപ്പിസ് കോപ്പൽ സുന്നഹദോസ് സ്റ്റാൻഡിംഗ് കമ്മറ്റി അംഗം, കാതോലിക്കേറ്റ് കോളജ് ലോക്കൽ മാനേജർ, ഡബ്ലു സി സി ആർ സി സി ജോയിന്റ് വർക്കിംഗ് ഗ്രൂപ്പ് മെമ്പർ എന്നീ നിലകളിൽ നിസ്തുല സേവനം ചെയ് തിരുന്നു. 2009 ജനുവരി 21 ാം തിയതി കാലം ചെയ്ത അഭിവന്ദ്യ തിരു മേനിയുടെ ഭൗതീക ശരീരം മാക്കാംകുന്ന് സെന്റ് ബേസിൽ അരമന

ചാപ്പലിൽ കബറടക്കിയിരിക്കുന്നു.

11. കുറിയാക്കോസ് മാർ ക്ലിമ്മീസ്

കോഴഞ്ചേരി നെല്ലിക്കൽ പെരുമേത്ത് മണ്ണിൽ പി കെ മത്തായി യുടെയും ശോശാമ്മയുടേയും മകനായി 1936 ൽ ഭൂജാതം ചെയ്തു. പത്തനംതിട്ട ബേസിൽ ദയറാ അംഗത്വം സ്വീകരിച്ച് 1964 ൽ വൈദിക നായി. തുമ്പമൺ ഭദ്രാസന സെക്രട്ടറിയായി പ്രവർത്തിച്ചു. പത്തനംതി ട്ട കാതോലിക്കേറ്റ് കോളേജിൽ ബോട്ടണി അധ്യാപകനായിരുന്നു. 1989 ഡിസംബർ 28 ന് അസോസിയേഷൻ മേൽപട്ട സ്ഥാനത്തേയ്ക്ക് തെ രെഞ്ഞെടുത്തു.

1991 ഏപ്രിൽ 30 ന് പരുമലയിൽ വച്ച് മാത്യൂസ് ദ്വിതിയൻ കാതോ ലിക്കാ മെത്രാൻ സ്ഥാനം നല്കി. സുൽത്താൻ ബത്തേരി ഭദ്രാസനത്തി ന്റെ ചുമതല വഹിച്ചു. 2009 മാർച്ച് 1 മുതൽ തുമ്പമൺ ഭദ്രാസനാധിപ നായി നിയമിക്കപ്പെട്ടു. ഭദ്രാസനത്തിന്റെ ആത്മീയവും ഭൗതീകവുമായ ഉന്നതിക്കായി അക്ഷീണം പ്രവർത്തിക്കുന്നു. ആത്മീയ പ്രസ്ഥാനങ്ങ ളുടെ ചെറുതും വലുതുമായ എല്ലാ സമ്മേളനങ്ങളിലും സംബന്ധിച്ച് വേൺ നേതൃത്വം നൽകുന്നു. സഭയുടെ പരിസ്ഥിതി കമ്മീഷൻ ചെയർ മാൻ, സഭാ വക കോളേജുകളുടെ മാനേജർ, കാതോലിക്കേറ്റ് കോളേജ് ലോക്കൽ മാനേജർ എന്നീ നിലകളിലും സ്തുത്യർഹമായ സേവനം ചെയ്തു കൊണ്ടിരിക്കുന്നു. വെച്ചൂച്ചിറ മേഴ്സി ഹോം അശരണർക്ക് ഒരു അത്താണിയാണ്. അതിന്റേയും നരിയാപുരം വൈദിക സദനത്തി ന്റെയും പ്രവർത്തനങ്ങളിൽ സുപ്രധാന പങ്ക് വഹിക്കുന്നു.

തുമ്പമൺ മർത്തമറിയം കത്തീഡ്രൽ ചരിത്രം

ഫാ കോശി പി ജോഷ്വാ

വർത്തമാനകാലം അർത്ഥപൂർണ്ണമാകുന്നത് ഭൂതകാലം അനുസ്മരിക്കപ്പെടുമ്പോഴാണ്. നമ്മുടെ കാലത്തെ ചലനാത്മകമാക്കുന്നതും ഭൂതകാലജനതയുടെ വിയർപ്പുതുള്ളികളാണ്. പൊതുവായ ഒരു ചരിത്രരചനയ്ക്ക് തൂലിക ചലിപ്പിയ്ക്കുമ്പോൾ ഏതു ചരിത്രകാരനും വിശകലനം ചെയ്യുന്ന പശ്ചാത്തലചരിത്രത്തിൽ നിശ്ചയമായും മത സാംസ്ക്കാരിക ഘടകങ്ങൾ ഒരു സുപ്രധാനമായ മേഖലയായി നില കൊള്ളുന്നു എന്നത് ഒരു വസ്തുതയാണ്. ഇത്തരം സാഹചര്യങ്ങളിൽ ഒരു ദേശത്തിന്റെയോ, ഒരു സമൂഹത്തിന്റെയോ ചരിത്രം രചിയ്ക്കുമ്പോൾ മതം ഒരു സുപ്രധാന ഘടകമായി നിലകൊള്ളുന്നൂ. തുമ്പമൺ ദേശത്തിന്റെ ചരിത്രം അനാവരണം ചെയ്താൽ ഇവിടുത്തെ ക്രൈസ്തവ സമൂഹത്തെയും, ദൈവാലയത്തെയും വിസ്മരിച്ച് ഒരു ചരിത്രരചന തികച്ചും അസാദ്ധ്യം.

മലങ്കരനസ്രാണികളുടെ ചരിത്രവും, ഭാരതത്തിന്റെ ചരിത്രവും ഒരു പൊതു അവസ്ഥയെ അനാവരണം ചെയ്യുന്നൂ. രണ്ട് ചരിത്രമേഖലകളിലും അധിനിവേശത്തിന്റെ കൊടുംങ്കാറ്റാണ് ചരിത്രത്തിന്റെ ഗതി വിഗതികളെ നിയന്ത്രിച്ചിരുന്നത്. കേരളത്തിലെ മലങ്കരനസ്രാണികളുടെ ചരിത്രം പേർഷ്യൻ സഭയുടെ ബന്ധം മുതൽ 19-ാം നൂറ്റാണ്ടിൽ ഉടലെടുത്ത അന്ത്യോഖ്യൻ സിറിയൻ സഭയുടെ സ്വാധീനം വരെ ഉൾക്കൊള്ളുന്ന തികച്ചും വൈവിധ്യങ്ങളുടെ ചരിത്രമാണ്. ഇത്തരം വൈവിധ്യങ്ങൾ സഭയെ നന്നായി സ്വാധീനിച്ചിട്ടുണ്ട്. പുരാതന പേർഷ്യൻ സംസ്ക്കാരരീതികൾ, പിന്നീട് വന്ന കത്തോലിക്കാ സ്വാധീനത്തിന്റെ ഭാഗമായ ലത്തീൻവത്ക്കരണം, വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ പശ്ചാത്തലത്തിൽ മലങ്കരയിൽ കടന്നുവന്ന മിഷണറിമാരുടെ ആംഗ്ലിക്കൻ സ്വാധീനം, 19-ാം നൂറ്റാണ്ടിൽ ആരംഭിച്ച സിറിയൻവത്ക്കരണം ഇവയെല്ലാം തന്നെ മലങ്കരസഭയ്ക്ക് ബഹുമുഖസംസ്ക്കാരങ്ങൾ സമ്മാനിച്ചി

ട്ടുണ്ട്. ഇത്തരം ചരിത്രസംഭവങ്ങൾക്ക് സാക്ഷിയായിട്ടുള്ള പുരാതന ദൈവാലയങ്ങളിൽ ഒന്നാണ് തുമ്പമൺ പള്ളി.

പുരാതന ജനവാസകേന്ദ്രങ്ങളായിരുന്ന നിലയ്ക്കൽ, പമ്പ, ളാഹ എന്നീ സ്ഥലങ്ങളിൽ ജീവിതഭീഷണി ഉയർത്തുന്ന സാഹചര്യങ്ങൾ ഉടലെടുത്തപ്പോൾ ജനങ്ങൾ കൂട്ടമായി പാലായനം ചെയ്യുവാൻ ആരംഭിച്ചു. ഈ സ്ഥലങ്ങളിലെ ആരാധനാകേന്ദ്രങ്ങൾ (നിലയ്ക്കൽ പള്ളി) നശിപ്പിക്കപ്പെട്ടതിനാൽ നസ്രാണികൾ പാലാ, ചെങ്ങന്നൂർ, കടമ്പനാട്, തുമ്പമൺ തുടങ്ങിയ പ്രദേശങ്ങളിലേയ്ക്ക് കുടിയേറുകയും കടമ്പനാട് ഒരു ദേവാലയം സ്ഥാപിച്ച് ആരാധിയ്ക്കുകയും ചെയ്തു. എന്നാൽ സഞ്ചാര സൗകര്യങ്ങൾ തുലോം പരിമിതമായിരുന്ന ആ കാലയളവിൽ തുമ്പമൺ നിവാസികൾ ആരാധനയ്ക്കായി കടമ്പനാട് വരെ പോകുവാൻ പ്രയാസം നേരിട്ടതിനാൽ വിവരം പന്തളം രാജാവിനെ ബോധിപ്പിച്ചു. പന്തളം രാജാവ് മലങ്കര നസ്രാണികളുടെ തലവനായിരുന്ന അർക്കദയോക്കനുമായി ആലോചിച്ച് കൊല്ലവർഷം 350 ന് വി ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിച്ച ദൈവാലയമാണെന്ന് വിശ്വസിക്കപ്പെടുന്നു.

1599-ലെ ഉദയമ്പേരൂർ സുന്നഹദോസ് നിശ്ചയങ്ങൾ മലങ്കരസഭയിൽ ലത്തീൻവൽക്കരണത്തിന്റെ ആരംഭം കുറിച്ചു. അർക്കദയോക്കന്മാരുടേയും, നാട്ടുമെത്രാന്മാരുടേയും അധികാരാവകാശങ്ങൾ ഇല്ലാതെയാക്കി പോർട്ടുഗീസ് ഭരണകർത്താക്കൾ ദൈവാലയങ്ങളുടെ ആധിപത്യം ഏറ്റെടുത്തു. ആ സ്വാധീനത്തിൽ തുമ്പമൺ പള്ളിയിലും വരാപ്പുഴ ആർച്ച് ബിഷപ്പിന്റെ നേതൃത്വത്തിൽ ലത്തീൻവൽക്കരണത്തിനുള്ള ശ്രമങ്ങൾ നടക്കുകയും ശക്തമായ നിലയിൽ അത് ഊട്ടി ഉറപ്പിയ്ക്കുവാനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്തിരുന്നു, എന്നാൽ കൈസ്ഥാനികൾ തങ്ങൾ മലങ്കരമെത്രാപ്പോലീത്തായുടെ കീഴിൽ ഉള്ളവരാണെന്നും അതിനാൽ മലങ്കര നസ്രാണികളുടെ ആചാരപ്രകാരമുള്ള കർമ്മാദികൾ മാത്രമേ തുമ്പമൺ പള്ളിയിൽ നടത്തുവാൻ പാടുള്ളൂ എന്നും റാണി പാർവ്വതീഭായ് തമ്പുരാട്ടിയുടെ മുമ്പാകെ ബോധിപ്പിക്കുകയും അതിൻപ്രകാരം തുമ്പമൺപള്ളി പുത്തൻകൂറ്റിലേയ്ക്ക് അവകാശപ്പെട്ടതാണെന്നും തീർപ്പുണ്ടായി.

1653-ലെ കൂനൻകുരിശ് സത്യത്തിലൂടെ മലങ്കരനസ്രാണികൾ തങ്ങളുടെ മേൽ ആധിപത്യം സ്ഥാപിച്ച റോമൻസഭയുടെ നുകം വലിച്ചെറിഞ്ഞ് സ്വതന്ത്രമായപ്പോൾ തുമ്പമൺ പള്ളിയും ആ മഹത്സംഭവത്തിനു കൈത്താങ്ങൽ നൽകി. പാലക്കുന്നത്ത് മാത്യൂസ് മാർ അത്ത

നാസ്യോസിന്റെ നവീകരണ ആശയങ്ങൾ മദ്ധ്യതിരുവിതാകൂറിൽ ശക്തമായി വേരോടിയപ്പോഴും തുമ്പമൺ ദേശത്ത് അതിന്റെ അലയടികൾ തുലോം പരിമിതമായിരുന്നു. 1876-ൽ മുളന്തുരുത്തി സുന്നഹദോസിൽ 103 പള്ളികളിൽ നിന്നായി 279 പേർ സംബന്ധിച്ചു. കരിങ്ങാട്ടിൽ സ്കറിയാ കത്തനാരും കണിച്ചേരിൽ കോരുത് കിര്യാപിള്ളയുമാണ് തുമ്പമൺ പള്ളിയെ പ്രതിനിധാനം ചെയ്തു സംബന്ധിച്ചത്.

കോനാട്ട് മാർ യൂലിയോസ് തുമ്പമൺ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ ആയിരുന്നു എങ്കിലും കാര്യമായി ഭദ്രാസനത്തിന്റെ ചുമതലകൾ നിർവ്വഹിയ്ക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. ആദ്യകാലങ്ങളിൽ മെത്രാപ്പോലീത്തൻമാർക്ക് അരമനകളും ആഫീസുകളും ഇല്ലാതെയിരുന്ന സാഹചര്യങ്ങളിൽ അവർ സ്ഥലത്തെ പ്രധാന ദൈവാലയങ്ങളിൽ താമസിച്ചാണ് ഭരണം നടത്തിയിരുന്നത്. അങ്ങനെ തുമ്പമൺ പള്ളിയും അനേകം മെത്രാപ്പോലീത്തന്മാരുടെ ആസ്ഥാനകേന്ദ്രമായിരുന്ന ഒരു സുവർണ്ണകാലമുണ്ടായിരുന്നു. ചാത്തുരുത്തിൽ ഗീവർഗീസ് റമ്പാൻ, ഗീവർഗീസ് മാർ ഗ്രീഗോറിയോസ് എന്ന പേരിൽ വാഴിക്കപ്പെട്ട് തുമ്പമൺ ഭദ്രാസനത്തിന്റെ ഭരണസാരഥ്യം ഏറ്റെടുത്തപ്പോൾ അദ്ദേഹം താമസിച്ചതും പ്രവർത്തിച്ചതും തുമ്പമൺ പള്ളി കേന്ദ്രീകരിച്ചായിരുന്നു. പ. പരുമല തിരുമേനി തുമ്പമൺ പള്ളിയിൽ താമസിച്ച് ശുശ്രൂഷ നടത്തിയ കാലം തുമ്പമൺ ദേശത്തിന്റെ തന്നെ സുവർണ്ണകാലമായിരുന്നു. ഈ നാടിന്റെ സർവ്വോന്മുഖമായ വളർച്ചയ്ക്ക് അദ്ദേഹം യത്നിച്ചു. തുമ്പമണ്ണിൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ സ്ഥാപിച്ചതും പള്ളിവക സെമിത്തേരി ക്രമീകരിച്ച് വേർതിരിച്ചതും പള്ളിയുടെ മുഖവാരം പുതുക്കി പണിത് "കൊച്ച് ഊർശ്ലേം" എന്നു നാമകരണം ചെയ്തതും അവിസ്മരണീയ ചരിത്ര സംഭവങ്ങളാണ്. എല്ലാത്തിലും ഉപരി ഈ ദേശത്ത് വസൂരി രോഗം പടർന്ന് പിടിച്ചപ്പോൾ ജാതിമതഭേതമന്യേ ഭവനങ്ങളിൽ കയറി പ്രാർത്ഥിച്ച് സൗഖ്യം വരുത്തിയതും ആ മനുഷ്യസ്നേഹി ചെയ്ത പുണ്യകർമ്മങ്ങളത്രേ. ജാതിമതവർഗ്ഗ വേലിക്കെട്ടുകൾക്ക് അതീതമായി തുമ്പമൺ ജനതയെ സ്നേഹിച്ച ഒരു പുണ്യപുരുഷനായിരുന്നു പ. പരുമല തിരുമേനി.

1930കളിൽ രൂപംകൊണ്ട റീത്തുപ്രസ്ഥാനവും തുമ്പമണ്ണിൽ ചെറിയ തോതിൽ സ്വാധീനം ചെലുത്തിയതിനാൽ ഒരു ചെറിയ വിഭാഗം റീത്തു പ്രസ്ഥാനത്തിലേയ്ക്ക് ചേക്കേറി. എന്നാൽ ഇടവകയുടെ ബഹുഭൂരിപക്ഷവും മലങ്കരമെത്രാപ്പോലീത്തായുടെ കീഴിൽ സത്യവിശ്വാസത്തിൽ നിലകൊണ്ടു. 1962-ൽ ഇടവകയുടെ പുനരുദ്ധാരണ ജോലികൾ നടത്തപ്പെട്ടു. കാലകാലങ്ങളിൽ ഇടവകയ്ക്ക് വേണ്ടുന്ന പുരോഗമന

പ്രവർത്തികൾ അതത് സമയങ്ങളിൽ നടത്തപ്പെടുന്നു. 1300-ാം വാർഷികത്തോടനുബന്ധിച്ചും ഇടവകയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ മാതൃകാപരമായ സേവനങ്ങൾ നൽകികൊണ്ടിരിക്കുന്നു. പ ദൈവമാതാവിന്റെയും പരിശുദ്ധന്മാരുടേയും പ്രത്യേകാൽ പ. പരുമല തിരുമേനിയുടേയും പ്രാർത്ഥനയാൽ ഇടവക മേൽക്കുമേൽ അഭിവൃദ്ധി പ്രാപിക്കട്ടേ എന്നും പ്രാർത്ഥിക്കുന്നു.

Bibliography

കണ്ടനാട് ഗ്രന്ഥവരി : ശെമവൂൻ മാർ ദീവന്നാസ്യോസ്

– *ഫാ. ഡോ. ജോസഫ് ചീരൻ (എഡിറ്റർ)*

മലങ്കര മൽപാൻ കോനാട്ട് മാത്തൻ കോർ എപ്പിസ്ക്കോപ്പാ വ്യക്തിയും കാലവും

– *ഫാ ഡോ ജോൺസ് എബ്രഹാം കോനാട്ട്*

സഭാചരിത്രാന്വേഷണങ്ങൾ

– *പി തോമസ് പിറവം*

പത്രോസ് പാത്രിയർക്കീസിന്റെ പരിഷ്ക്കാരങ്ങൾ

– *ഡോ എം കുര്യൻ തോമസ്*

ഇന്ത്യയിലെ സുറിയാനി സഭാചരിത്രം

– *ഇഗ്നാത്തിയോസ് യാക്കൂബ് തൃതിയൻ പാത്രിയർക്കീസ്*

ഇടയന്മാരുടെ ഇടയൻ : കടവിൽ വലിയതിരുമേനി (പൗലോസ് മാർ അത്തനാസ്യോസ്)

– *ഫാ ഡോ ജോസഫ് ചീരൻ*

കർമ്മശേഷിയുടെ കാതൽ (കടവിൽ പൗലോസ് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ)

– *ഡോ എം കുര്യൻ തോമസ്, ജോയ്സ് തോട്ടയ്ക്കാട്*

കടവിൽ മോർ അത്താനാസ്യോസ് പൗലോസ് മെത്രാപ്പോലീത്ത തിരുമനസ്സിലെ ജീവചരിത്രം

– *ഫാ സൈമൺ പുലിക്കോട്ടിൽ*

പരുമല തിരുമേനി : ഒരു വിശുദ്ധന്റെ ജീവിതവും സന്ദേശങ്ങളും

– *ഡോ എലിയാസ് ജിമ്മി ചാത്തുരുത്തി*

പരിശുദ്ധ പരുമല തിരുമേനിയുടെ ദിവ്യചരിതം

– *ഡോ ഏലിയാസ് ജിമ്മി ചാത്തുരുത്തി*

പരുമലയുടെ പരിമളം

– *ഫാ ഡോ ജോസഫ് ചീരൻ*

പരുമല മാർ ഗ്രീഗോറിയോസ്

– ഫാ ഡോ ജേക്കബ് കുര്യൻ, ഡോ എം കുര്യൻ തോമസ്

പരിശുദ്ധനായ ചാത്തുരുത്തിൽ ഗീവർഗീസ് മോർ ഗ്രീഗോറിയോസ് തിരുമേനിയുടെ ജീവചരിത്രം

– മലങ്കര മൽപാൻ കോറൂസോ ദശ്റോ ഡോ കുര്യൻ ആർച്ച് കോർ എപ്പിസ്ക്കോപ്പാ കണിയാമ്പറമ്പിൽ

മുറിമറ്റത്തിൽ ബാവാ : ബസേലിയോസ് പൗലോസ് പ്രഥമൻ

– പ്രൊഫ. വിപിൻ കെ വറുഗീസ്

മലങ്കരസഭയുടെ സുവർണ്ണ യുഗശിൽപി VOL 1,2,3

(മലങ്കരസഭാതേജസ്സ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ്)

– ഫാ ഡോ ജോസഫ് ചീരൻ

യുഗതേജസ്

– ഫാ ഡോ ജേക്കബ് കുര്യൻ (എഡിറ്റർ)

മാവേലിക്കര പടിയോല

– തോമസ് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ (എഡിറ്റർ)

മലങ്കര സുറിയാനി സഭയും പൗരോഹിത്യ പിൻതുടർച്ചയും

– പി സി ഏലിയാസ് വെണ്ണല, ഏലിയാസ് ജോസഫ് വൈറ്റില

മലങ്കര സഭാ തേജസ്സുകൾ

– സഖറിയാ ജേക്കബ്

ഇടവഴിക്കൽ ഡയറി – ജോയ്സ് തോട്ടയ്ക്കാട് (എഡിറ്റർ)

ത്രീസായ് ശുബഹോ സെന്റർ സ്മരണിക

www.pampakudavaliyapally.com

syriacchristianity.info